34th Year of Service 2026

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

July 13, 2026 Vol. XXXIV No. 28

3 കള്ളാടി മണ്ണിടിച്ചിലിൽ മരണം എട്ട് ആയി
4 ഉമ്മൻചാണ്ടി ഇൻഷുറൻസ്
9 വിശ്വാസത്തിൽ ആഴപ്പെടാം...
12 ചിക്കാഗോ സോഷ്യൽ ക്ലബിന്റെ അന്താരാഷ്ട്ര വടംവലി
17 കർദ്ദിനാൾ കൂവക്കാടിന് ഉജ്ജ്വല സ്വീകരണം




ചിക്കാഗോ സീറോമലബാർ രൂപതയുടെ സിൽവർ ജൂബിലി കൺവൻഷൻ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിൽ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്യുന്നു. കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്, രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട്, ആർച്ച്ബിഷപ്പുമാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ തോമസ് തറയിൽ, ബിഷപ്പുമാരായ മാർ ജോസ് കല്ലുവേലിൽ, മാർ ജേക്കബ് അങ്ങാടിയത്ത്, മാർ സ്റ്റെഫാനോസ്, വികാരി ജനറാൾമാരായ ഫാ. തോമസ് മുളവനാൽ, ഫാ. ജോൺ മേലേപ്പുറം, ഫാ. തോമസ് കടുകപ്പിള്ളിൽ തുടങ്ങിയവർ സമീപം. (വാർത്ത 21-ാം പേജിൽ)

## ഇറാനിൽ വീണ്ടും ആക്രമണം; ഒരാൾ കൊല്ലപ്പെട്ടു

ടെഹ്റാൻ: ഇറാനിലെ ഹോർമോസ്ഗ്രാൻ പ്രവിശ്യയിൽ യുഎസ് ആക്രമണം. ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടതായി ഇറാൻ സ്റ്റേറ്റ് മീഡിയ അറിയിച്ചു. രണ്ടുപേർക്ക് പരുക്കേറ്റതായും വിവരമുണ്ട്.

ജാസ്ക് ഖേഷം, ബന്ദർ അബ്ബാസ്, സിരിക് എന്നിവിടങ്ങളിലാണ് സ്ഫോടനങ്ങൾ റിപ്പോർട്ട് ചെയ്തത്. ഇറാനിലെ 140 സൈനിക കേന്ദ്രങ്ങളിൽ അമേരിക്ക നടത്തിയ ആക്രമണത്തിനു തിരിച്ചടിയായി ഗൾഫ് രാജ്യങ്ങളിൽ ഇറാൻ ആക്രമണം നടത്തിയിരുന്നു. ഇതിനു പിന്നാലെയാണ് ഇറാനിൽ വീണ്ടും ആക്രമണം റിപ്പോർട്ട് ചെയ്യപ്പെടുന്നത്. വാണിജ്യ കപ്പലുകൾക്കു നേരെയുള്ള ഇറാന്റെ ആക്രമണം തടയാനാണ് ആക്രമണം നടത്തിയതെന്നാണ് അമേരിക്ക വിശദീകരിക്കുന്നത്. ഹോർമുസ് കടലിടുക്കിൽ സൈപ്രസ് പതാകയുള്ള കപ്പലിനു നേരെയുണ്ടായ ആക്രമണത്തെ തുടർന്നാണ് സാഹചര്യം വഷളായത്. മേഖലയിലെ യുഎസ് ഇടപെടൽ അവസാനിപ്പിക്കുന്നതു വരെ ഹോർമുസ് കടലിടുക്ക് എല്ലാ കപ്പലുകൾക്കുമായി അടച്ചിടുമെന്ന് ഇറാന്റെ ഇസ്‌ലാമിക റവല്യൂഷണറി ഗാർഡ് കോർ പ്രഖ്യാപിച്ചിരുന്നു. ഏകപക്ഷീയമായ കരാറുകളുടെ കാലം അവസാനിച്ചുവെന്നും തങ്ങളുടെ മുന്നറിയിപ്പുകൾ ഗൗനിക്കാത്തവർ വലിയ വില നല്കേണ്ടിവരുമെന്നും ഇറാൻ പ്രതിനിധി മുഹമ്മദ്ബാഗർ ഘാലിബാഫ് മുന്നറിയിപ്പ് നല്കി.

## ഗ്രേസമ്മ ഈപ്പന് ഡോ. തോംസൺ കെ. മാത്യുവിന്റെ ആദരവുകൾ




സിസ്റ്റർ ഗ്രേസമ്മ ഈപ്പനെ ഡോ. തോംസൺ കെ. മാത്യു ഷാൾ അണിയിച്ച് ആദരിച്ച് പ്രാർത്ഥിക്കുന്നു. കെ.എം. ഈപ്പൻ, മോളി മാത്യു, കുര്യൻ ഫിലിപ്പ് എന്നിവർ സമീപം.

**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: പിസിനാകിലെ റൈറ്റേഴ്സ് ഫോറം മീറ്റിങ് കഴിഞ്ഞ് പുറത്തേക്ക് ഇറങ്ങുമ്പോഴാണ് ഹാളിന്റെ പിറകിൽ വീൽചെയറിൽ ഇരിക്കുന്ന ഗ്രേസമ്മ ഈപ്പനെ പ്രശസ്ത എഴുത്തുകാരനും പ്രസംഗകനും ഓറൽ റോബർട്ട് യൂണിവേഴ്സിറ്റിയുടെ മുൻ ഡീനുമായ ഡോ. തോംസൺ കെ. മാത്യുവും ഭാര്യ മോളി മാത്യുവും കണ്ടത്. തന്റെ ഭർത്താവ് കെ.എം. ഈപ്പനെ റൈറ്റേഴ്സ് ഫോറം പ്രവർത്തകർ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം നല്കി ആദരിക്കുന്നത് നേരിൽ കാണുന്നതിനു വേണ്ടിയാണ് ഗ്രേസമ്മ ഈപ്പൻ വീൽചെയറിൽ എത്തിയത്. കുശലാന്വേഷണങ്ങൾക്കു ശേഷം ഡോ. തോംസൺ കെ. മാത്യു പറഞ്ഞു നമ്മൾ ഏറ്റവും കൂടുതൽ ആദരിക്കേണ്ട വ്യക്തിയാണ് ഗ്രേസമ്മ ഈപ്പനെന്ന്.

(ശേഷം 34-ാം പേജിൽ)

## ഗായിക എസ്. ജാനകി ഓർമയായി




മൈസൂരു: ഭാഷകളുടെയും ദേശങ്ങളുടെയും അതിരുകളെ പാട്ടിലലിയിച്ച ഭാവഗായിക ഇനി ആസ്വാദനമനസുകളിലെ അനശ്വരസ്മരണ. 17 ഭാഷകളിലായി ആയിരക്കണക്കിനു ഗാനങ്ങൾ അവിസ്മരണീയമാക്കിയ ഇതിഹാസഗായിക എസ്. ജാനകി (88) ക്ക് പൂർണ ഔദ്യോഗിക ബഹുമതികളോടെ ഇന്ത്യ വിടയേകി. വാർധക്യസഹജമായ അവശതകളേത്തുടർന്നായിരുന്നു ജൂലൈ 11-ന് ശനിയാഴ്ച രാത്രി ഏഴരയോടെ മൈസൂരുവിലെ സ്വകാര്യാശുപത്രിയിൽ ജാനകിയുടെ അന്ത്യം. മികച്ച പിന്നണി ഗായികയ്ക്കുള്ള ദേശീയ പുരസ്കാരം നാലുവട്ടം സ്വന്തമാക്കിയ ജാനകിയെത്തേടി മലയാളത്തിന്റെ 14 പുരസ്കാരങ്ങളടക്കം 33 സംസ്ഥാന ബഹുമതികളുമെത്തി.

ജൂലൈ 12-ന് ഞായറാഴ്ച രാവിലെ 8.45 മുതൽ മൈസൂരു മഹാരാജാസ് കോളജ് മൈതാനത്ത് പൊതുദർശനത്തിനുവെച്ച മൃതദേഹത്തിൽ സിനിമാ, രാഷ്ട്രീയ മേഖലകളിലെ പ്രമുഖരടക്കം പതിനായിരങ്ങളാണ് അന്ത്യോപചാരം അർപ്പിച്ചത്. ആയിരക്കണക്കിന് ആരാധകരാണ് ജാനകിയെ അവസാനമായി ഒരുനോക്കു കാണാൻ ഒഴുകിയെത്തിയത്. കർണാടക സർക്കാരിന്റെ പൂർണ സംസ്ഥാന ബഹുമതികളോടെ മൈസൂരുവിലെ കനിയനഹുണ്ടി ഫാം ഹൗസിലായിരുന്നു സംസ്കാരം. വേദമന്ത്രങ്ങളുടെ അകമ്പടിയിൽ പേരക്കുട്ടി അപ്സരയാണു ചിതയിൽ തിരികൊളുത്തിയത്.

പിന്നണിഗായകരായ ചിത്ര, സുജാത മോഹൻ, വിജയ് പ്രകാശ്, രാജേശ് കൃഷ്ണൻ, സംഗീതസംവിധായിക ഹംസലേഖ, നടന്മാരായ ശ്രീനാഥ്, വിനോദ് രാജ്, കർണാടകയിലെ ഫിലിം ചേംബർ പ്രസിഡന്റ് ജയമാല, നടി ഭാരതി വിഷ്ണുവർധൻ തുടങ്ങിയവർ ഗായികയ്ക്കു യാത്രാമൊഴിയുമായെത്തി.

ഭർത്താവ്: പരേതനായ വി. രാമപ്രസാദ്. 1959-ലായിരുന്നു വിവാഹം. മകൻ: പരേതനായ മുരളീകൃഷ്ണ. മരുമകൾ: ഉമ. കൊച്ചുമക്കൾ: അപ്സര, അമൃതവർഷിണി.


SUNNY FINANCIAL STRATEGIES, LLC
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.
Support for complex financial moments, including:
Financial Planning & Wealth Management
Retirement Income Strategy
401(k) & IRA Investment Optimization
Estate Planning & Trusts
Risk Management & Insurance
Tax Planning Strategies
Business & Employee Benefits
Social Security & Medicare
Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability
Let's Plan Your Brighter Financial Future
847-414-9116
tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE
475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS
A+ Rating
Better Business Bureau

# വയനാട് കള്ളാടി മണ്ണിടിച്ചിലിൽ മരണം എട്ട് ആയി

കൽപറ്റ: മേപ്പാടി പഞ്ചായത്ത് പതിനൊന്നാം വാർഡിലെ കള്ളാടി തുരങ്കപാത നിർമാണ പ്രദേശത്തുണ്ടായ മണ്ണിടിച്ചിലിൽ 8 പേരുടെ മരണം സ്ഥിരീകരിച്ചു. 18 പേരാണ് അപകടത്തിൽ പെട്ടത്. ഇവരിൽ 10 പേരെ പരുക്കുകളോടെ മേപ്പാടി വിംസ് ആശുപത്രിയി



ൽ ചികിത്സയിലാണ്. ഇതിൽ ഒരാളുടെ പരുക്ക് ഗുരുതരമാണ്. ജൂലൈ ഏഴിന് ചൊവ്വാഴ്ച രാവിലെ 11.15-ഓടെയാണ് സംഭവം. കള്ളാടി-ആനക്കാംപൊയിൽ തുരങ്കപാത നിർമാണ സ്ഥലത്തെ മീനാക്ഷി പാലത്തിലേക്കാണ് മണ്ണിടിച്ചിലുണ്ടായത്. പ്രദേശത്ത് 226 മില്ലിമീറ്റർ അതിശക്തമഴ പെയ്തതാണ് അപകടത്തിനു പ്രധാനകാരണം. അപകടസ്ഥലത്ത് നാല് സോണുകളായി തിരിച്ചുള്ള തെരച്ചിലാണ് നടന്നിരുന്നത്.

പശ്ചിമബംഗാൾ ഈസ്റ്റ് മിഡ്നാപൂർ സ്വദേശി രാകേഷ് ഗുച്ചൈതി (24), കൺസ്ട്രക്ഷൻ മാനേജർ ഹിമാചൽ പ്രദേശ് സ്വദേശി വിക്രം റാണ, എഞ്ചിനീയർ ഹിമാചൽ പ്രദേശ് സ്വദേശി രാഹുൽ ശർമ, എക്സ്കവേറ്റർ ഓപ്പറേറ്റർ ബിഹാർ സ്വദേശി മുഹമ്മദ് ഇമ്രാൻ, സർവേയർ ഉത്തർപ്രദേശ് സ്വദേശി അസ്ഹറുദ്ദീൻ അൻസാരി, മധ്യപ്രദേശ് സ്വദേശി ചന്ദ്ര ബാൻ (ഓപ്പറേറ്റർ), ബിഹാറുകാരൻ ബികാഷ് കുമാർ (സിവിൽ ഫോർമാൻ), ജാർഖണ്ഡ് സ്വദേശി അൻമോൽ (തൊഴിലാളി) എന്നിവരാണു മരിച്ചത്. പദ്ധതിപ്രദേശത്തെ ജോലികളിൽ ഏർപ്പെട്ടിരുന്നവർ, സുരക്ഷാ ജീവനക്കാർ, മേൽനോട്ട ചുമതലയിലുള്ള ജീവനക്കാർ എന്നിവരാണിവർ.

അപകടകാരണം ദുരന്തനിവാരണ അതോറിറ്റി സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയും പാരിസ്ഥിതികാനുമതി വ്യവസ്ഥകൾ കൊങ്കൺ റെയിൽവേ പാലിച്ചിരുന്നോയെന്ന് പരിസ്ഥിതി വകുപ്പ് സെക്രട്ടറിയും അന്വേഷിക്കും. സമിതികളുടെ ശിപാർശ പ്രകാരം തുടർനടപടികൾ സ്വീകരിക്കുമെന്നും സർക്കാർ വ്യക്തമാക്കി.

ഒരുമാസത്തിനകം റിപ്പോർട്ട് കിട്ടിയശേഷം മാത്രം നിർമാണം തുടർന്നാൽ മതിയെന്നാണ് നിർദേശം. ഭൗമശാസ്ത്രജ്ഞനായ ഡോ. സി.പി. രാജേന്ദ്രൻ, വയനാട്ടിലെ ഹ്യൂം സെന്റർ ഫോർ ഇക്കോളജി ആൻഡ് വൈൽഡ് ലൈഫ് ബയോളജി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. വിഷ്ണുദാസ്, ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഡോ. പി. പുകഴേന്തി, പൊതുമരാമത്ത്, ദുരന്ത ലഘൂകരണ വകുപ്പ് സെക്രട്ടറിമാർ എന്നിവരാണ് സമിതിയിലുള്ളത്. ദുരന്ത ലഘൂകരണ വകുപ്പ് സെക്രട്ടറിയാണ് കൺവീനർ.

ദുരന്തത്തിൽ മരിച്ചവർക്കും പരുക്കേറ്റവർക്കും അടിയന്തരമായി സഹായധനം കൈമാറാൻ ദിലീപ് ബിൽഡ്കോൺ കമ്പനിക്ക് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. അപകടത്തിൽ പരുക്കേറ്റ് ആശുപത്രിയിൽ കഴിയുന്നവർക്ക് ആശ്വാസ ധനസഹായമായി സർക്കാർ രണ്ട് ലക്ഷം രൂപയും കമ്പനി രണ്ടര ലക്ഷം രൂപയും അനുവദിക്കും.

# എഞ്ചിനീയറിങ് പ്രവേശനത്തിന് പുതിയ മാർഗം തേടുന്നു

കൊല്ലം: സർക്കാരിന്റെ എഞ്ചിനീയറിങ് പ്രവേശന പരീക്ഷയായ കീം നടത്തിപ്പിൽ പുനരാലോചനയുമായി സർക്കാർ. പരീക്ഷയിൽ എന്തൊക്കെ മാറ്റം വരുത്തണമെന്നതുൾപ്പെടെ തുടർചർച്ചകൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. അച്യുത് ശങ്കറിനെ ചുമതലപ്പെടുത്തി. ബദൽ മാർഗം പഠിക്കാൻ കമ്മീഷനെ നിയോഗിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ഉന്നത വിദ്യാഭ്യാസ രംഗത്തു പൊളിച്ചെഴുത്ത് കൊണ്ടുവരുമെന്ന ബജറ്റ് പ്രഖ്യാപനത്തിനു പിന്നാലെയാണ് കേരളത്തിലേക്കു കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുന്ന ചർച്ചകളിലേക്കു കടന്നത്. അടുത്ത അധ്യയന വർഷത്തിനു മുൻപു തന്നെ അഴിച്ചുപണിക്കാണു മന്ത്രി റോജി എം. ജോൺ നിർദേശിച്ചിട്ടുള്ളത്.

ഈയിടെ എഞ്ചിനീയറിങ് കോളജ് പ്രതിനിധികളും ഉന്നത വിദ്യാഭ്യാസമേഖലയിലെ പ്രമുഖരും പങ്കെടുത്ത പ്രാരംഭചർച്ചയിലും കീം നിർത്തലാക്കണമെന്ന ആവശ്യമുയർന്നിരുന്നു.

കേരളത്തിൽനിന്ന് 20-25 ശതമാനം വിദ്യാർത്ഥികൾ എഞ്ചിനീയറിങ് പഠനത്തിനു മറ്റു സംസ്ഥാനങ്ങളിലേക്കു പോകുന്നുണ്ടെന്നാണു കണക്ക്. ഇവരിൽ ഭൂരിഭാഗവും തമിഴ്നാട്ടിലെ കോളജുകളിലാണു ചേരുന്നത്. തമിഴ്നാട്ടിൽ എഞ്ചിനീയറിങ്ങിനു പ്രവേശന പരീക്ഷയില്ല.

കേരളത്തിൽ ഇരുപതിനായിരത്തോളം എഞ്ചിനീയറിങ് സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്. കഴിഞ്ഞ 10 വർഷത്തിനിടെ ഇരുപതോളം എഞ്ചിനീയറിങ് കോളജുകൾ പൂട്ടി.

മറ്റു സംസ്ഥാനങ്ങളിൽനിന്നു വിദ്യാർത്ഥികൾ കേരളത്തിലെ എഞ്ചിനീയറിങ് കോളജുകളിലേക്ക് പഠിക്കാൻ എത്താൻ പ്രധാന തടസ്സവും പ്രവേശന പരീക്ഷയാണെന്നാണ് ഈ മേഖലയിലുള്ളവരുടെ വാദം.

# ബാങ്കോക്കിലെ ബാറിൽ തീപിടിത്തം; 27 പേർ മരിച്ചു

ബാങ്കോക്ക്: ബാങ്കോക്കിൽ ബാറിലുണ്ടായ തീപിടിത്തത്തിൽ 27 പേർക്ക് ദാരുണാന്ത്യം. 22 പേർ ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്. ആകെ 63 പേർക്കു പരുക്കേറ്റതായാണ് ബാങ്കോക്ക് മെട്രോപോളിറ്റൻ അഡ്മിനിസ്ട്രേഷൻ ഉദ്യോഗസ്ഥർ അറിയിക്കുന്നത്.

സംഭവസ്ഥലം തായ്‌ലൻഡ് പ്രധാനമന്ത്രി സന്ദർശിച്ചു. 27 മൃതദേഹങ്ങൾ കണ്ടെടുത്തതായും പരുക്കേറ്റവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. തീപിടിത്തത്തിന്റെ കാരണം അന്വേഷിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. മൃതദേഹങ്ങൾ ഭൂരിഭാഗവും ബാറിന്റെ പിൻഭാഗത്തെ ടോയ്‌ലറ്റിൽ നിന്നാണ് കണ്ടെത്തിയതെന്ന് അധികൃതർ അറിയിച്ചു. അപകടത്തിൽ നിന്ന് രക്ഷപ്പെടാനായി ശ്രമിക്കുന്നതിനിടെ മരണപ്പെട്ടതാകാമെന്നാണ് പ്രാഥമിക നിഗമനം.

# ബംപർ സമ്മാനവുമായി നെഹ്റു ട്രോഫി വള്ളംകളി

ആലപ്പുഴ: നെഹ്റു ട്രോഫിയുടെ സമ്മാനത്തുകയിൽ വലിയ വർധന. ഈ വർഷം മുതൽ 25 ലക്ഷം രൂപ ഒന്നാം സ്ഥാനത്തിനും 20 ലക്ഷം രൂപ രണ്ടാം സ്ഥാനത്തിനും 15 ലക്ഷം രൂപ മൂന്നാം സ്ഥാനത്തിനും 10 ലക്ഷം രൂപ നാലാം സ്ഥാനത്തിനും ലഭിക്കും. നിലവിൽ സിബിഎലിന്റെ (ചാംപ്യൻസ് ബോട്ട് ലീഗ്) ഭാഗമായിരുന്നപ്പോൾ അഞ്ച് ലക്ഷം, മൂന്ന് ലക്ഷം, രണ്ട് ലക്ഷം എന്നിങ്ങനെയും അല്ലെങ്കിൽ രണ്ട് ലക്ഷം, 1.4 ലക്ഷം, ഒരു ലക്ഷം രൂപയുമായിരുന്നു നൽകിയിരുന്നത്. ക്ലബ്ബുകൾക്കാണ് ഈ തുക ലഭിക്കുക.

സമ്മാനത്തുക കാലാനുസൃതമായി വർധിപ്പിക്കണമെന്ന കെ.സി. വേണുഗോപാൽ എംപിയുടെ നിർദേശം നെഹ്റു ട്രോഫി ബോട്ട് റേസ് (എൻടിബിആർ) എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം അംഗീകരിക്കുകയായിരുന്നു. ഇതോടെ നെഹ്റു ട്രോഫിക്കു സിബിഎലിനെക്കാൾ സമ്മാനത്തുകയാകും. സിബിഎലിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിൽ എത്തുന്നവർക്ക് യഥാക്രമം 25, 15, 10 ലക്ഷം രൂപ വീതമാണു നൽകുന്നത്.

വള്ളംകളിക്കു കേരള സർക്കാർ നൽകുന്ന ഗ്രാന്റ് ഒരു കോടിയിൽനിന്ന് രണ്ട് കോടിയാക്കി വർധിപ്പിക്കുമെന്നും ബോണസ് തുക 25 ശതമാനം വർധിപ്പിക്കുമെന്നും ടൂറിസം മന്ത്രി പി.സി. വിഷ്ണുനാഥ് യോഗത്തിൽ പ്രഖ്യാപിച്ചു.

ചുണ്ടൻ വള്ളങ്ങൾക്കുള്ള മെയിന്റനൻസ് ഗ്രാന്റ് പുനഃസ്ഥാപിക്കുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കും. നെഹ്റു ട്രോഫിയിൽ ആദ്യ ഒൻപത് സ്ഥാനങ്ങളിലെത്തുന്ന ടീമുകളാണ് സിബിഎലിൽ പങ്കെടുക്കുക. സിബിഎലിനായി 11 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും സർക്കാർ മാറിയാലും അതിൽ മാറ്റം വരില്ലെന്നും എൻടിബിആർ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ മന്ത്രി വ്യക്തമാക്കി.

# പി. വിജയൻ ശബരിമല ചീഫ് പോലീസ് കോ–ഓഡിനേറ്റർ



തിരുവനന്തപുരം: ക്രമസമാധാന ചുമതലയുള്ള എഡിജിപി പി. വിജയനെ ശബരിമല ചീഫ് പോലീസ് കോ-ഓർഡിനേറ്ററായി നിയോഗിച്ചു. തീർത്ഥാടനകാലത്ത് ശബരിമല, പമ്പ, നിലയ്ക്കൽ അടക്കമുള്ള പ്രദേശങ്ങളിലെ പോലീസ് സേനയുടെയും തിരക്കു നിയന്ത്രണത്തിന്റെയും ചുമതലയാണ് നല്കിയിരിക്കുന്നത്.

2003 മുതൽ ഒൻപതു വർഷത്തോളം സന്നിധാനം സ്പെഷൽ ഓഫീസറായിരുന്നു വിജയൻ. 2011-ലാണ് ശബരിമലയെ മാലിന്യമുക്തമാക്കാനുള്ള 'പുണ്യം പൂങ്കാവനം' തുടങ്ങിയത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സസ്പെൻഷൻ അടക്കമുള്ള തിക്താനുഭവങ്ങൾ വിജയന് നേരിടേണ്ടി വന്നിരുന്നു. ഈ സർക്കാർ വന്നപ്പോഴാണ് ക്രമസമാധാന ചുമതലയുള്ള എഡിജിപിയായി തിരിച്ചെത്തിയത്.

# ഐഎൻഎസ് മഹേന്ദ്രഗിരി നാവികസേനയ്ക്കു സ്വന്തം



വിശാഖപട്ടണം: ശത്രുവിന്റെ റഡാറിനെ വെട്ടിച്ച് മുന്നേറാൻ കഴിയുന്ന തദ്ദേശീയ സ്റ്റെൽത്ത് യുദ്ധക്കപ്പൽ മഹേന്ദ്രഗിരി ഇനി നാവികസേനയ്ക്കു സ്വന്തം. ബ്രഹ്മോസ് സൂപ്പർസോണിക് ക്രൂസ് മിസൈലുകൾ, ദീർഘദൂര ഭൂതല മിസൈലുകൾ, അത്യാധുനിക അന്തർവാഹിനി വേധ സംവിധാനം എന്നിവ ഇതിലുണ്ടാകും.

പ്രൊജക്ട് 17 എയുടെ ഭാഗമായി നിർമിച്ച ഐഎൻഎസ് മഹേന്ദ്രഗിരി പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ് കമ്മീഷൻ ചെയ്തു. 28 നോട്ടാണ് പരമാവധി വേഗം. യുദ്ധക്കപ്പലിലെ സജ്ജീകരണങ്ങളിൽ 75 ശതമാനത്തിലധികവും തദ്ദേശീയമായി നിർമ്മിച്ചവയാണ്. തദ്ദേശീയമായി നിർമ്മിച്ച റോക്കറ്റ് ലോഞ്ചർ, ടോർപ്പിഡോ ലോഞ്ചർ എന്നിവയുണ്ട്. മുംബൈയിലെ മസഗോൺ ഡോക്ക് ഷിപ്പ് ബിൽഡേഴ്സാണ് നിർമ്മിച്ചത്.

ശത്രുക്കളുടെ റഡാറുകളിൽപ്പെടാതെ ഒളിഞ്ഞിരുന്ന് ആക്രമിക്കാൻ യുദ്ധക്കപ്പലിന് പ്രത്യേക കഴിവുണ്ട്. യുദ്ധക്കപ്പൽ ഡിസൈൻ ബ്യൂറോ രൂപകല്പന ചെയ്ത് പുറത്തിറക്കുന്ന നൂറാമത്തെ കപ്പലാണിത്. ഭാവിയിലെ യുദ്ധങ്ങളിൽ നിർമിതബുദ്ധി ഉപയോഗിച്ചേക്കാമെങ്കിലും പരിശീലനം ലഭിച്ച സൈനികരാകും ആത്യന്തികമായി വിജയിക്കുകയെന്ന് രാജ്നാഥ് സിങ് പറഞ്ഞു.

# ഉമ്മൻചാണ്ടി ഇൻഷുറൻസ്: നിലവിലെ പദ്ധതികൾ ഏകോപിപ്പിക്കും

തിരുവനന്തപുരം: യുഡിഎഫിന്റെ തെരഞ്ഞെടുപ്പു വാഗ്ദാനമായ ഉമ്മൻ ചാണ്ടി സൗജന്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ നിലവിൽ സർക്കാരിനു കീഴിലുള്ള എല്ലാ ചികിത്സാ സഹായ പദ്ധതികളും ആരോഗ്യ ഇൻഷുറൻസ് പദ്ധതികളും ഏകോപിപ്പിക്കും.

കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും വർഷം 25 ലക്ഷം രൂപയുടെ വരെ സൗജന്യ ആരോഗ്യ പരിരക്ഷ നടപ്പാക്കുന്നതിനുള്ള സമഗ്ര രൂപരേഖ ഓണസമ്മാനമായി പ്രഖ്യാപിക്കാനാണു സർക്കാർ നീക്കം. നിലവിലുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്), കാരുണ്യ ബെനവലന്റ് ഫണ്ട് (കെബിഎഫ്) ഉൾപ്പെടെ ഇതിന്റെ ഭാഗമാകും.

സമഗ്ര പദ്ധതിരേഖ ധന, നിയമ, ആരോഗ്യ വകുപ്പു പ്രതിനിധികൾ ഉൾപ്പെടുന്ന സംഘം വിശദമായി പഠിച്ച് 100 ദിന കർമപരിപാടിയുടെ ഭാഗമായി പ്രഖ്യാപിക്കും.

ഉയർന്ന ശമ്പളമുള്ളവർക്കു പ്രീമിയം സൗജന്യമാക്കേണ്ടതില്ലെന്നു മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചതിനാൽ ബിപിഎൽ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ എന്നിവർക്കു മാത്രം പ്രീമിയം സൗജന്യമാക്കാനും മറ്റുള്ളവരിൽനിന്നു നിശ്ചിത തുക പ്രീമിയം ഈടാക്കാനും ആലോചനയുണ്ട്.

# വിയറ്റ്നാമിൽ മലയാളി ദമ്പതികളടക്കം 15 ഇന്ത്യൻ സഞ്ചാരികൾ മരിച്ചു

ഹാനോയ്/കൊല്ലം/ചെന്നൈ: വിയറ്റ്നാമിലെ വിനോദസഞ്ചാര കേന്ദ്രമായ ഫുകോക്ക് ദ്വീപിനു സമീപം സ്പീഡ് ബോട്ട് കടലിൽ മറിഞ്ഞ് കൊട്ടാരക്കര സ്വദേശികളായ ദമ്പതികൾ ഉൾപ്പെടെ 15 ഇന്ത്യക്കാർക്ക് ദാരുണാന്ത്യം. കൊല്ലത്തെ വിക്ടറി ഗ്രൂപ്പ് ഉടമ എ.സി. തോമസ് (57), ഭാര്യ ലോവേനി തോമസ് (56) എന്നിവരാണ് മരിച്ച മലയാളികൾ. 21 പേരെ രക്ഷപ്പെടുത്തി. ഇതിൽ രണ്ടുപേരുടെ നില ഗുരുതരമാണ്.

32 വിനോദസഞ്ചാരികളും മൂന്ന് ജീവനക്കാരും ഒരു സഹായിയുമാണ് ബോട്ടിൽ ഉണ്ടായിരുന്നത്. മരിച്ചവരുടെയും വിനോദസഞ്ചാരികളുടെയും പേരുവിവരം വിയറ്റ്നാമിലെ ഇന്ത്യൻ എംബസി പുറത്തുവിട്ടിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നുള്ള വിനോദസഞ്ചാരികളും ആന്ധ്രാപ്രദേശ് സ്വദേശികളുമായ മൂന്നു പേരും മരിച്ചവരിലുൾപ്പെട്ടിട്ടുണ്ട്.

മച്ചിലിപട്ടണം സ്വദേശികളായ ജയലക്ഷ്മി, ജയശ്രീ എന്നിവരുടെ മരണം തെലങ്കാന സർക്കാർ സ്ഥിരീകരിച്ചു. വിയറ്റ്നാമിലെ ത്രീലാൻഡ് ട്രാവൽ ആണ് യാത്ര സംഘടിപ്പിച്ചത്. ലാവ മൊബൈൽ കമ്പനിയുമായി ബന്ധമുള്ളവരാണ് വിനോദസഞ്ചാരികൾ.

വിയറ്റ്നാമിലെ ഓഷ്യൻ പിയർ ഐലൻഡ് കമ്പനിയുടെ ബോട്ടാണ് അപകടത്തിൽപ്പെട്ടത്. പ്രക്ഷുബ്ധമായ കടലിൽ നിയന്ത്രണംവിട്ട സ്പീഡ് ബോട്ട് കീഴ്മേൽ മറിയുകയായിരുന്നു.

ഹോൺമേയ് എന്ന സ്ഥലത്തുനിന്ന് ആൻ തോയ് തുറമുഖത്തേക്കു നീങ്ങിയ ബോട്ട് എൻഗോയിക്ക് നാനൂറു മീറ്റർ അകലെ അപകടത്തിൽപ്പെടുകയായിരുന്നുവെന്ന് വിയറ്റ്നാം മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

സ്പീഡ് ബോട്ടിലുണ്ടായിരുന്ന മുഴുവൻപേരും കടലിൽ വീണു. സമീപമുള്ള ടൂറിസ്റ്റ് ബോട്ടുകളും നാവികസേനയും സുരക്ഷാ സേനാംഗങ്ങളും ഉടൻ രക്ഷാപ്രവർത്തനത്തിനെത്തി. ഏറെ ശ്രമകരമായാണ് രക്ഷാപ്രവർത്തനം നടന്നത്.

ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ളവർ അനുശോചനമറിയിച്ചു. വിയറ്റ്നാമിലെ ഇന്ത്യൻ എംബസി ഹെൽപ്ലൈൻ തുറന്നിട്ടുണ്ട്.

# പോലീസ് സ്റ്റേഷനുകളിൽ ക്യൂആർ കോഡ്

കോട്ടയം: പോലീസ് സ്റ്റേഷനിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ നല്ലതോ മോശമോ എന്ന് ഇനി റേറ്റ് ചെയ്യാം. ഒപ്പം സ്റ്റേഷനെപ്പറ്റിയുള്ള അഭിപ്രായവും അറിയിക്കാം. ഇതിനായുള്ള ക്യുആർ കോഡ് സ്റ്റേഷനുകളുടെ ഭിത്തിയിലുണ്ടാകും. കേരളത്തിൽ ഇടുക്കി ജില്ലയിലെ പോലീസ് സ്റ്റേഷനുകളിലാണ് പദ്ധതി ആദ്യം നടപ്പാക്കുന്നത്.

പോലീസിന്റെ പോൽ ആപ്പിൽ സ്റ്റേഷനുകളെ വിലയിരുത്താൻ പൊതുജനത്തിന് സംവിധാനമുണ്ടായിരുന്നു. എന്നാൽ, കാര്യമായ പ്രതികരണം ഉണ്ടായില്ല. തുടർന്നാണ് സ്റ്റേഷനിലെ ഭിത്തികളിൽ ക്യൂആർ കോഡ് വെക്കുന്നത്. ഡിവൈഎസ്പി ഓഫീസുകൾ ഉൾപ്പെടെ ഇടുക്കി ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ക്യൂആർ കോഡ് പതിപ്പിച്ചു. ലഭിച്ച സേവനത്തിന്റെ നിലവാരം, ഉദ്യോഗസ്ഥരുടെ പെരുമാറ്റം എന്നിവ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്റ്റേഷനും സ്റ്റാർ റേറ്റിങ് ലഭിക്കും.

ക്യൂആർ കോഡ് സ്കാൻ ചെയ്യുമ്പോൾ ഒരു ലിങ്കിലേക്ക് പോകും. ലിങ്ക് തുറക്കുമ്പോൾ ആളുടെ പേരും ഫോൺ നമ്പറും നല്കണം. അതിനുശേഷം അവരുടെ അഭിപ്രായവും. അഞ്ച് സ്റ്റാർ വരെയുള്ളതിൽ എത്ര സ്റ്റാർ ആണോ നല്കുന്നത് അതും രേഖപ്പെടുത്താം. ജില്ലാ പോലീസ് ആസ്ഥാനത്തുള്ള സൈബർ സെല്ലിൽ ഇതിന്റെ ഡേറ്റാ ദിവസേന കിട്ടും. അവിടെയുള്ള ഉദ്യോഗസ്ഥർ പോലീസ് സ്റ്റേഷനുകളുടെ റേറ്റിങ്ങും അഭിപ്രായവും പരിശോധിക്കും.

# ആർച്ച്ബിഷപ് കുര്യാക്കോസ് കുന്നശ്ശേരി അവാർഡ് സംവിധായകൻ സിബി മലയിലിന്

ജോസ് കണിയാലി


ആർച്ച്ബിഷപ് മാർ കുര്യാക്കോസ് കുന്നശ്ശേരി


മുഖ്യമന്ത്രി വി.ഡി. സതീശൻ


സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ


മന്ത്രി മോൻസ് ജോസഫ്


ജസ്റ്റിസ് സിറിയക് ജോസഫ്


കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി


സിബി മലയിൽ


ബിഷപ് ഗീവർഗീസ് മാർ അപ്രേം

കോട്ടയം: കോട്ടയം അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത മാർ കുര്യാക്കോസ് കുന്നശ്ശേരിയുടെ സ്മരണാർത്ഥം മികച്ച പൊതുജന സേവനത്തിനുള്ള ആർച്ച്ബിഷപ് മാർ കുര്യാക്കോസ് കുന്നശ്ശേരി അവാർഡ്-2026 പ്രശസ്ത ചലച്ചിത്ര സംവിധായകൻ സിബി മലയിലിന് സമ്മാനിക്കും.

ജൂലൈ 18-ന് ശനിയാഴ്ച വൈകുന്നേരം 3 മണിക്ക് കോട്ടയം ശാസ്ത്രി റോഡിലുള്ള ദർശന ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ കേരള മുഖ്യമന്ത്രി വി.ഡി. സതീശൻ സിബി മലയിലിന് അവാർഡ് സമർപ്പിക്കും.

ആർച്ച്ബിഷപ് മാർ കുര്യാക്കോസ് കുന്നശ്ശേരി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിലാണ് ചടങ്ങ് സംഘടിപ്പിക്കുന്നത്. ഫൗണ്ടേഷൻ ചെയർമാൻ ജസ്റ്റിസ് സിറിയക് ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ കേരള നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തും. അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി അനുസ്മരണപ്രസംഗം നിർവഹിക്കും.

ചടങ്ങിൽ വെച്ച് നിയമസഭാംഗമായി 25 വർഷം പൂർത്തിയാക്കിയ ഫൗണ്ടേഷൻ ട്രസ്റ്റിയും ജലവിഭവ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുമായ മോൻസ് ജോസഫിനെ ആദരിക്കുന്നതായിരിക്കും. മന്ത്രി മോൻസ് ജോസഫ്, കോട്ടയം അതിരൂപത സഹായമെത്രാൻ ബിഷപ് ഗീവർഗീസ് മാർ അപ്രേം എന്നിവർ ചടങ്ങിൽ ആശംസകളർപ്പിച്ച് സംസാരിക്കും. ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റിയും മുൻ എംപിയുമായ തോമസ് ചാഴികാടൻ സ്വാഗതവും പ്രൊഫ. മേരി രമണി തറയിൽ കൃതജ്ഞതയും രേഖപ്പെടുത്തും. ചടങ്ങിൽ പ്രശംസാപത്ര പാരായണം നടത്തുന്നത് ഷെവലിയർ അഡ്വ. ജോയ് ജോസഫ് കൊടിയന്തറയാണ്. അവാർഡ് സ്വീകരിച്ചുകൊണ്ട് സിബി മലയിൽ മറുപടിപ്രസംഗം നടത്തും.

സാംസ്കാരിക സാമൂഹിക രംഗത്തെ പ്രമുഖർ ചടങ്ങിൽ സംബന്ധിക്കുമെന്ന് ഓർഗനൈസിംഗ് സെക്രട്ടറിമാരായ സിറിയക് ചാഴികാടൻ, ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി എന്നിവർ അറിയിച്ചു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 28
July 13, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


## മഹദ്വചനം


ഒരു നല്ല സുഹൃത്തിനെ നേടാനുള്ള ഏക മാർഗം ഒരു നല്ല സുഹൃത്താകുക എന്നതു മാത്രമാണ്.

**റാൽഫ് വാൽഡോ എമേഴ്സൺ**

അസൂയ ആത്മാവിന്റെ രോഗമാണ്.

**ബിച്ചർ**


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# സർക്കാർ ജനത്തിനോ കോർപ്പറേറ്റുകൾക്കോ?

മലയാളമണ്ണിലെ മലനിരകൾ തകർന്നടിയുമ്പോഴും കോർപ്പറേറ്റ് ഇടനാഴികളിൽ കേരളത്തെ നിശബ്ദമായി ലേലം വിളിക്കുകയാണ് ഭരണ-പ്രതിപക്ഷ വർഗ്ഗങ്ങൾ. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ അദാനി ഗ്രൂപ്പ് ഓഹരികൾ സ്വിസ് കമ്പനിയായ എം.എസ്.സിക്ക് വിറ്റഴിക്കുന്നതിനെച്ചൊല്ലിയുള്ള വിവാദങ്ങളും വയനാട്ടിലെ കല്ലാടി തുരങ്കപ്പാത നിർമ്മാണ മേഖലയിലുണ്ടായ മണ്ണൊലിപ്പും തൊഴിലാളികളുടെ ദാരുണമായ മരണവും ഒരു കാര്യം അടിവരയിടുന്നു. കേരളത്തിലെ രാഷ്ട്രീയ നേതൃത്വം ജനങ്ങളോടും പ്രകൃതിയോടും ഒട്ടും പ്രതിബദ്ധതയില്ലാത്തവരായി മാറിയിരിക്കുന്നു. 'വികസനം' എന്ന തിളങ്ങുന്ന ബോർഡിന് പിന്നിൽ ഒളിച്ചിരിക്കുന്നത് കോർപ്പറേറ്റ് പ്രീണനവും പരിസ്ഥിതി കൊള്ളയും മാത്രമാണ്.

വിഴിഞ്ഞം തുറമുഖത്തിന്റെ 49 ശതമാനം ഓഹരികൾ 13,000 കോടിയിലധികം രൂപയ്ക്ക് മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനിക്ക് അദാനി ഗ്രൂപ്പ് വിറ്റഴിക്കുന്നു എന്ന വാർത്ത കേരളത്തെ ഞെട്ടിക്കുന്നതാണ്. യഥാർത്ഥ കരാറിന്റെ നഗ്നമായ ലംഘനമാണിത്. കരാർ വ്യവസ്ഥകൾ പ്രകാരം 25 ശതമാനത്തിലധികം ഓഹരി കൈമാറ്റം നടത്തുമ്പോൾ ദേശീയ സുരക്ഷയും പൊതുതാൽപ്പര്യവും മുൻനിർത്തി കേരള സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കണം. എന്നാൽ കേരള സർക്കാരിനെ അറിയിക്കുന്നതിന് മുൻപ് തന്നെ സെബിയെ വിവരമറിയിച്ച അദാനി ഗ്രൂപ്പ്, കേരളത്തെയും അതിന്റെ നിയമങ്ങളെയും എത്ര മാത്രം പുച്ഛത്തോടെയാണ് കാണുന്നത് എന്ന് വ്യക്തമാക്കുന്നു. പൊതുജനങ്ങളുടെ ആയിരക്കണക്കിന് കോടി രൂപ ഉപയോഗിച്ച് നിർമ്മിച്ച ഒരു തന്ത്രപ്രധാന പൊതുമുതൽ, ഒരു സ്വകാര്യ കുത്തകയ്ക്ക് മുന്നിൽ പണയപ്പെടുത്തുന്ന കാഴ്ചയാണിത്. ലോകത്തിലെ ഏറ്റവും വലിയ ഷിപ്പിംഗ് കമ്പനിക്ക് തുറമുഖത്തിന്മേൽ ആധിപത്യം ലഭിക്കുന്നതോടെ, എല്ലാ കപ്പലുകൾക്കും തുല്യമായ പരിഗണന ഉറപ്പുനൽകേണ്ട 'കോമൺ-യൂസർ' തത്വം വിഴിഞ്ഞത്ത് അട്ടിമറിക്കപ്പെടും. തീരപ്രദേശങ്ങളിൽ കോർപ്പറേറ്റ് ഭീമന്മാർ ലാഭം കൊയ്യുമ്പോൾ, നമ്മുടെ മലനിരകൾ മരണത്തിന്റെ താഴ്‌വരകളായി മാറുകയാണ്. വയനാട് മേപ്പാടിയിലെ കല്ലാടി തുരങ്കപ്പാത (ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കറോഡ്) നിർമ്മാണ സ്ഥലത്തുണ്ടായ മണ്ണൊലിപ്പും മലയിടിച്ചിലും വിലപ്പെട്ട മനുഷ്യജീവനുകളാണ് കവർന്നത്.

നമുക്ക് പച്ചയായി പറയാം: ഇത് പ്രകൃതിദുരന്തമല്ല, മറിച്ച് കോർപ്പറേറ്റ് കൊലപാതകമാണ്. ശാസ്ത്രീയമല്ലാത്ത രീതിയിൽ മണ്ണ് കൂട്ടിയിട്ടതും സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിലുണ്ടായ വീഴ്ചയുമാണ് ദുരന്തത്തിന് കാരണമായതെന്ന് ഉദ്യോഗസ്ഥർ തന്നെ സമ്മതിക്കുന്നു. ജില്ലാ ഭരണകൂടത്തിന്റെയും പി.ഡബ്ല്യു.ഡിയുടെയും ആവർത്തിച്ചുള്ള മുന്നറിയിപ്പുകൾ അവഗണിച്ചാണ് കരാറുകാർ നിർമ്മാണവുമായി മുന്നോട്ട് പോയത്. മുൻപ് തന്നെ ഉരുൾപൊട്ടലിൽ തകർന്ന ഒരു പരിസ്ഥിതി ലോല പ്രദേശത്ത്, യാതൊരുവിധ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കാതെ കോടിക്കണക്കിന് രൂപയുടെ ഇരട്ട തുരങ്കം നിർമ്മിക്കുന്നത് തികഞ്ഞ ക്രിമിനൽ കുറ്റമാണ്. ഈ രണ്ട് പ്രതിസന്ധികളിലും വിഴുപ്പലക്കുന്ന ഇടതു-വലതു മുന്നണികളുടെ നിലപാടുകൾ അങ്ങേയറ്റം ലജ്ജാകരമാണ്. സ്വന്തം ഉത്തരവാദിത്തങ്ങളിൽനിന്ന് ഒളിച്ചോടാൻ പരസ്പരം പഴിചാരുന്ന തിരക്കിലാണവർ.

യുഡിഎഫിന്റെ ഇരട്ടത്താപ്പ്: 2015-ൽ അദാനിയുമായി വിവാദപരമായ ഈ കരാർ ഒപ്പിട്ടത് ഉമ്മൻചാണ്ടി നയിച്ച യുഡിഎഫ് സർക്കാരാണ്. ഇന്ന് അധികാരത്തിലിരിക്കുന്ന കോൺഗ്രസ് നേതൃത്വത്തിലുള്ള കേരള സർക്കാർ ഈ വിഷയത്തിൽ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു. മുഖ്യമന്ത്രിയുടെ ഓഫീസ് വെറുമൊരു പത്രക്കുറിപ്പിലൂടെ 'അതൃപ്തി' രേഖപ്പെടുത്തിയതല്ലാതെ, കരാർ ലംഘനത്തിനെതിരെ സെബിയെ സമീപിക്കാനോ നിയമനടപടികൾ സ്വീകരിക്കാനോ സർക്കാർ തയ്യാറായിട്ടില്ല. കോർപ്പറേറ്റ് വികസന മാതൃകകളോടുള്ള യുഡിഎഫിന്റെ പാരമ്പര്യം അവരെ നിശബ്ദരാക്കുന്നു.

എൽഡിഎഫിന്റെ വ്യാജരോഷം: മറുഭാഗത്ത്, ഈ ഇടപാട് തികച്ചും നിയമവിരുദ്ധമാണെന്നും കോർപ്പറേറ്റ് അധിനിവേശമാണെന്നും പറഞ്ഞ് സിപിഎം നേതൃത്വത്തിലുള്ള പ്രതിപക്ഷം രംഗത്തു വന്നിട്ടുണ്ട്. ഈ പെട്ടെന്നുള്ള ആന്റി-കോർപ്പറേറ്റ് ചമയൽ പരിഹാസ്യമാണ്. എൽഡിഎഫ് അധികാരത്തിലിരുന്നപ്പോൾ അദാനിയെ ചുവപ്പു പരവതാനി വിരിച്ച് സ്വീകരിക്കുകയും തീരദേശവാസികളുടെയും മത്സ്യത്തൊഴിലാളികളുടെയും ന്യായമായ സമരങ്ങളെ ക്രൂരമായി അടിച്ചമർത്തുകയുമാണ് ചെയ്തത്. ഇന്ന് അവർ പൊതുതാൽപ്പര്യത്തിന്റെ കാവലാളാകാൻ ശ്രമിക്കുന്നത് ജനങ്ങളെ പറ്റിക്കാനാണ്.

കല്ലാടി തുരങ്ക ദുരന്തത്തിന്റെ കാര്യത്തിലും ഇരുമുന്നണികളും ഒരുപോലെ കുറ്റക്കാരാണ്. കോർപ്പറേറ്റ്-കരാറുകൾക്ക് വഴിവിട്ട് സഹായം നൽകാനും വൻകിട പദ്ധതികൾ നടപ്പിലാക്കാനും വേണ്ടി പരിസ്ഥിതി മുന്നറിയിപ്പുകളെ ഇരുകൂട്ടരും തള്ളിക്കളഞ്ഞു. കോർപ്പറേറ്റ് ചതുരംഗക്കളത്തിലെ കരുക്കളാകാൻ കേരളത്തെ വിട്ടുകൊടുക്കാനാവില്ല. സർക്കാരിന്റെ മൂക്കിന് താഴെ വിഴിഞ്ഞം ഓഹരികൾ മറിച്ചുവിറ്റ അദാനിയാകട്ടെ, നിയമങ്ങൾ കാറ്റിൽപ്പറത്തി തൊഴിലാളികളെ മണ്ണുമൂടിച്ച കല്ലാടിയിലെ കരാറുകാരാകട്ടെ, ലക്ഷ്യം ഒന്നാണ്: ജനങ്ങളുടെ ജീവനും സ്വത്തിനും പുല്ലുവില കൽപ്പിക്കുക. ടിവി സ്റ്റുഡിയോകളിൽ എൽഡിഎഫും യുഡിഎഫും നടത്തുന്ന നിഴൽയുദ്ധങ്ങൾ ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. വിഴിഞ്ഞം ഓഹരി കൈമാറ്റത്തിൽ ഉടനടി സ്വതന്ത്ര നിയമ അന്വേഷണം നടത്തുകയും കല്ലാടി ദുരന്തത്തിന് കാരണക്കാരായവർക്കെതിരെ നരഹത്യയ്ക്ക് കേസെടുക്കുകയും വേണം. ഇനി തകർന്നടിയാൻ ബാക്കി മണ്ണില്ലാത്തവിധം കേരളത്തെ നശിപ്പിക്കുന്ന ഈ 'വിനാശ വികസന'ത്തിന് അറുതി വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

# വിസ നിയമങ്ങൾ കർശനമാക്കാൻ യുഎസ്

വാഷിങ്ടൺ: വിസ നിയമങ്ങൾ കർശനമാക്കാൻ യുഎസിലെ ഡോണൾഡ് ട്രംപ് ഭരണകൂടം. വിദേശ ജീവനക്കാരെ സ്പോൺസർ ചെയ്യുന്നത് കൂടുതൽ ചെലവേറിയതാക്കാനാണു നീക്കം. രാജ്യാന്തര വിദ്യാർത്ഥികളുടെ വിസ നിയമങ്ങളിൽ മാറ്റം വരുത്തും. ചില വർക്ക് പെർമിറ്റുകളുടെ ഓട്ടോമാറ്റിക് എക്സ്റ്റൻഷൻ (സ്വയമേയുള്ള കാലാവധി നീട്ടൽ) അവസാനിപ്പിക്കാനും നീക്കം നടത്തുന്നുണ്ട്. യു.എസ് ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലാൻഡ് സെക്യൂരിറ്റി (ഡി.എച്ച്.എസ്), ഡിപ്പാർട്ട്മെന്റ് ഓഫ് ലേബർ (ഡി.ഒ.എൽ), ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റേറ്റ് (ഡി.ഒ.എസ്.) എന്നിവയ്ക്കു മുന്നിലാണു പുതിയ അജൻഡകൾ സമർപ്പിച്ചിട്ടുള്ളത്. ഈ നിർദേശങ്ങൾ നടപ്പിലാക്കുകയാണെങ്കിൽ അത് ഇന്ത്യൻ പ്രഫഷണലുകളെയും വിദ്യാർത്ഥികളെയും എച്ച്-4 വിസയുള്ളവരെയും പ്രതികൂലമായി ബാധിക്കും.

വരും മാസങ്ങളിൽ ഭരണകൂടം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കുടിയേറ്റ മുൻഗണനകളെക്കുറിച്ചാണ് അജൻഡയിൽ വ്യക്തമാക്കുന്നത്. ഇതിലെ ചില നടപടികൾ അന്തിമ നിയമങ്ങളായി നേരിട്ട് പുറപ്പെടുവിക്കാൻ സാധ്യതയുണ്ട്. എന്നാൽ മറ്റു ചിലത് പ്രാബല്യത്തിൽ വരുന്നതിന് മുമ്പായി പൊതുജനങ്ങളുടെ അഭിപ്രായം തേടും.

ഈ മാസം തന്നെ പ്രതീക്ഷിക്കുന്ന ആദ്യത്തെ മാറ്റം, എച്ച്-1ബി, എൽ-1 ജീവനക്കാരെ കൂടുതലായി ആശ്രയിക്കുന്ന തൊഴിലുടമകളുടെ ചെലവ് വർധിപ്പിക്കുന്നതാണ്.

നിലവിൽ, യുഎസിൽ 50-ലധികം ജീവനക്കാരുള്ള കമ്പനികളിൽ പകുതിയിലധികം പേരും എച്ച്-1ബി അല്ലെങ്കിൽ എൽ-1 വിസയുള്ളവരാണെങ്കിൽ അവർ പുതിയതായി ഒരു ജീവനക്കാരനെ സ്പോൺസർ ചെയ്യുമ്പോഴോ അല്ലെങ്കിൽ കമ്പനി മാറുമ്പോഴോ മാത്രമാണ് എച്ച്-1ബി അപേക്ഷകൾക്ക് 4,000 ഡോളറും എൽ-1 അപേക്ഷകൾക്ക് 4,500 ഡോളറും അധിക ഫീസായി നൽകേണ്ടി വരുന്നത്. എന്നാൽ പുതിയ നിർദേശപ്രകാരം, വിസ കാലാവധി നീട്ടുന്നതിനുള്ള അപേക്ഷകൾക്കും അധിക ഫീസ് ബാധകമാകും. ഇത് തൊഴിലുടമകളുടെ, പ്രത്യേകിച്ച് വൻകിട ഐടി കമ്പനികളുടെ ചെലവ് ഗണ്യമായി വർധിപ്പിക്കും.

ഓഗസ്റ്റിൽ പ്രതീക്ഷിക്കുന്ന മറ്റൊരു നിർദേശം, എച്ച്-1ബി പ്രോഗ്രാം കൂടുതൽ കർശനമാക്കുക എന്നതാണ്. ഈ നിയമത്തിന്റെ കരട് ഇതുവരെ പുറത്തുവിട്ടിട്ടില്ല. എങ്കിലും, ജീവനക്കാരനുമായുള്ള ബന്ധം തെളിയിക്കാൻ തൊഴിലുടമ നിർബന്ധിതനാകും.

ജീവനക്കാർ അനുമതിയുള്ള തൊഴിൽ തന്നെയാണ് നിർവഹിക്കുന്നതെന്ന് കാണിക്കാനും ജോലി സംബന്ധിച്ച കൂടുതൽ വിശദമായ രേഖകൾ സൂക്ഷിക്കാനും തൊഴിലുടമകൾ നിർബന്ധിതരായേക്കാം. മുമ്പ് എച്ച്-1ബി നിയമങ്ങൾ ലംഘിച്ച ചരിത്രമുള്ള കമ്പനികൾ കൂടുതൽ കർശനമായ പരിശോധനകൾ നേരിടേണ്ടി വരും.

എച്ച്-1ബി, എംപ്ലോയ്മെന്റ് അധിഷ്ഠിത ഗ്രീൻ കാർഡ് അപേക്ഷകൾ എന്നിവയ്ക്കുള്ള നിലവിലെ വേതന നിരക്ക് ഉയർത്തുന്നതിനുള്ള നിർദേശവും ലേബർ ഡിപ്പാർട്ട്മെന്റിനു മുന്നിലുണ്ട്.

തൊഴിലുടമ സ്പോൺസർ ചെയ്യുന്ന ഗ്രീൻ കാർഡ് അപേക്ഷകളുടെ ആദ്യ ഘട്ടമായ പി.ഇ.ആർ.എം ലേബർ സർട്ടിഫിക്കേഷൻ പ്രക്രിയ പുതുക്കാനും വകുപ്പ് പദ്ധതിയിടുന്നുണ്ട്.

ഈ നിർദേശം റിക്രൂട്ട്മെന്റ് മാനദണ്ഡങ്ങൾ പരിഷ്കരിക്കുകയും യുഎസ് ജീവനക്കാരെ പിരിച്ചുവിടുന്നത് സംബന്ധിച്ച നിയമങ്ങൾ കർശനമാക്കുകയും ചെയ്യും. രാജ്യാന്തര വിദ്യാർത്ഥികളെ ബാധിക്കുന്ന മാറ്റങ്ങളും അജൻഡയിലുണ്ട്. പുതിയ സംവിധാനത്തിൽ, വിദ്യാർത്ഥികൾക്ക് അവരുടെ പഠനം തുടരണമെങ്കിൽ വിസ കാലാവധി നീട്ടുന്നതിനായി വീണ്ടും അപേക്ഷിക്കേണ്ടി വരും.

റിപ്പോർട്ട് അനുസരിച്ച്, രാജ്യാന്തര ബിരുദധാരികൾക്ക് യുഎസിൽ തൊഴിൽ പരിചയം നേടാൻ അനുവാദം നൽകുന്ന ഒ.പി.ടി. പ്രോഗ്രാമിൽ മാറ്റങ്ങൾ വരുത്തുന്ന മറ്റൊരു നിർദേശം 2027-ന്റെ തുടക്കത്തിൽ പ്രതീക്ഷിക്കുന്നുണ്ട്.

യുഎസിലെ രാജ്യാന്തര വിദ്യാർത്ഥികളിൽ ഏറ്റവും വലിയ വിഭാഗം ഇന്ത്യയിൽനിന്നുള്ളവരാണ്. ഏറ്റവും പുതിയ ഓപ്പൺ ഡോർസ് റിപ്പോർട്ട് പ്രകാരം, 2024-25 അധ്യയന വർഷത്തിൽ ഏകദേശം 3.6 ലക്ഷം ഇന്ത്യൻ വിദ്യാർത്ഥികളാണ് യുഎസിൽ പഠിച്ചിരുന്നത്. ഇത് ആകെ രാജ്യാന്തര വിദ്യാർത്ഥികളുടെ ഏകദേശം 31 ശതമാനത്തോളം വരും. നിർദിഷ്ട വിസ മാറ്റങ്ങൾ ചെലവുകൾ വർധിപ്പിക്കുകയും ദീർഘകാല കോഴ്സുകൾക്കായി രാജ്യത്ത് തുടരേണ്ട വിദ്യാർത്ഥികളിൽ അനിശ്ചിതത്വം സൃഷ്ടിക്കുകയും ചെയ്യും.

റിപ്പോർട്ടുകൾ പ്രകാരം, എച്ച്-1ബി വിസയുള്ളവരുടെ പങ്കാളികളായ ഏകദേശം ഒരു ലക്ഷത്തോളം ഇന്ത്യൻ എച്ച്-4 വിസക്കാരെ ഈ മാറ്റം ബാധിച്ചേക്കാം. എച്ച്-4 ഇ.എ.ഡി ഉള്ളവർക്ക് അവരുടെ പെർമിറ്റ് കാലാവധി തീരുന്നതിന് 180 ദിവസം മുമ്പ് മാത്രമേ പുതുക്കലിനായി അപേക്ഷിക്കാൻ കഴിയൂ എന്നതിനാലും അപേക്ഷകൾ പ്രോസസ് ചെയ്യാൻ പലപ്പോഴും കൂടുതൽ സമയമെടുക്കുമെന്നതിനാലും പുതിയ വർക്ക് പെർമിറ്റ് ലഭിക്കുന്നതുവരെ പലർക്കും ജോലിയിൽ തടസങ്ങൾ നേരിടേണ്ടി വന്നേക്കാം.

# കേരളത്തിന് 4.39 ലക്ഷം പ്രതിശീർഷ വരുമാനം

ന്യൂഡൽഹി: ഇന്ത്യ 'താഴ്ന്ന ഇടത്തരം' വരുമാന സമ്പദ്‌വ്യവസ്ഥയായി തുടരുമ്പോഴും പ്രതിശീർഷ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് സംസ്ഥാനങ്ങൾ ലോകബാങ്കിന്റെ 'ഉയർന്ന ഇടത്തരം' വരുമാന പരിധി മറികടന്നതായി റിപ്പോർട്ട്.

ലോകബാങ്ക് വിവരങ്ങൾ വിശകലനം ചെയ്ത് 'മണികൺട്രോൾ' തയ്യാറാക്കിയ റിപ്പോർട്ടിലാണ് ഇക്കാര്യമുള്ളത്. പ്രതിശീർഷ വരുമാനം 1,175 ഡോളറിൽ (ഏകദേശം 1.12 ലക്ഷം രൂപ) താഴെയുള്ള രാജ്യങ്ങളെ താഴ്ന്ന വരുമാനമുള്ള രാജ്യങ്ങളായും 1,175 ഡോളറിനും 4,635 ഡോളറിനും (ഏകദേശം 4.42 ലക്ഷം രൂപ) ഇടയിലുള്ളവരെ താഴ്ന്ന ഇടത്തരം വരുമാനമുള്ള രാജ്യങ്ങളായും 14,375 ഡോളറിന്(ഏകദേശം 13.71 ലക്ഷം രൂപ) മുകളിലുള്ളവരെ ഉയർന്ന വരുമാനമുള്ള രാജ്യങ്ങളുമായാണ് ലോകബാങ്ക് തരംതിരിക്കുന്നത്. എന്നാൽ, പ്രതിശീർഷ വരുമാനം 2,760 ഡോളറുള്ള ഇന്ത്യ താഴ്ന്ന ഇടത്തരം വരുമാനമുള്ള രാജ്യമായി തുടരുമ്പോഴും വിവിധ സംസ്ഥാനങ്ങളിലെ ചിത്രം തികച്ചും വ്യത്യസ്തമാണ്. 6,217 ഡോളർ (ഏകദേശം ആറ് ലക്ഷം രൂപ) പ്രതിശീർഷ വരുമാനവുമായി ഡൽഹിയാണ് രാജ്യത്ത് ഏറ്റവും മുന്നിൽ.

കർണാടക (5,579 ഡോളർ), തെലങ്കാന (5,407 ഡോളർ), തമിഴ്നാട് 5,329 ഡോളർ), ഗുജറാത്ത് (4,734 ഡോളർ) എന്നീ സംസ്ഥാനങ്ങളാണ് തൊട്ടു പിന്നാലെ. ഈ അഞ്ച് സംസ്ഥാനങ്ങളും ലോകബാങ്കിന്റെ ഉയർന്ന ഇടത്തരം വരുമാന പരിധി മറികടന്നു. അതേസമയം, മൂന്ന് സംസ്ഥാനങ്ങൾക്ക് നേരിയ വ്യത്യാസത്തിലാണ് ഈ പദവി നഷ്ടമായത്. മഹാരാഷ്ട്രയുടെ പ്രതിശീർഷ വരുമാനം 4,628 ഡോളറാണ്. വെറും 8 ഡോളറിന്റെ കുറവ്. തൊട്ടുപിന്നാലെയുള്ള ഹരിയാനക്ക് (4,627 ഡോളർ), 9 ഡോളറിന്റെ കുറവുണ്ടായപ്പോൾ കേരളത്തിന് (4,610 ഡോളർ (4.39 ലക്ഷം രൂപ) 26 ഡോളറിന്റെ കുറവ് നേരിട്ടു.

മറുഭാഗത്ത് 984 ഡോളർ (93000 രൂപ) പ്രതിശീർഷ വരുമാനവുമായി ബിഹാർ ഇന്ത്യയിലെ ഏറ്റവും ദരിദ്ര സംസ്ഥാനമായി തുടരുന്നു.

ഉത്തർപ്രദേശ് (1,403 ഡോളർ), ഝാർഖണ്ഡ് (1,470 ഡോളർ) എന്നിവയാണ് തൊട്ടുപിന്നിൽ, ബിഹാർ, ഉത്തർപ്രദേശ്, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലെ വരുമാനം അയൽ രാജ്യമായ നേപ്പാളിനേക്കാളും ആഫ്രിക്കൻ രാജ്യങ്ങളേക്കാളും കുറവാണ്. കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി ഈ മേഖലയിലുണ്ടായ മാറ്റം ശ്രദ്ധേയമാണ്. 1994-ൽ ഇന്ത്യയിലെ ഒരു സംസ്ഥാനത്തിന് പോലും ലോകബാങ്ക് മാനദണ്ഡങ്ങൾ അനുസരിച്ച് 'മിഡിൽ ഇൻകം' പദവി നേടാനുള്ള വരുമാനമില്ലായിരുന്നു.

എന്നാൽ, ഇന്ന് പല സംസ്ഥാനങ്ങളുടെയും വരുമാനം ദക്ഷിണാഫ്രിക്ക (6,270 ഡോളർ), ഫിജി (6,230 ഡോളർ), മംഗോളിയ (6,210 ഡോളർ) തുടങ്ങിയ രാജ്യങ്ങൾക്ക് തുല്യമാണ്. കർണാടകയും തെലങ്കാനയും ഇന്തോനേഷ്യ (5,120 ഡോളർ), വിയറ്റ്നാം (4,970 ഡോളർ) തുടങ്ങിയ സമ്പദ് വ്യവസ്ഥകളേക്കാൾ മുന്നിലെത്തുകയും ചെയ്തിട്ടുണ്ട്.


DOULOS BIBLICAL SEMINARY
VECHOOCHIRA, RANNI
DOULOS
BIBLICAL SEMINARY
DOULOS INTERNATIONAL MINISTRIES INC. VECHOOCHIRA, RANNI
RECOGNIZED BY IPC GENERAL COUNCIL. ACCREDITED BY NATA
26 Years in Ministry
ZOOM
ACCESSIBLE FROM INDIA, GULF, EUROPE CANADA & USA
www.doulosvechoochira.org
C.Th.
B.Th.
M.Div.
M.Th.
2026- 27 Admission Open
STARTING
ENGLISH AND MALAYALAM MEDIUM
C.Th., B.Th., M.Div. classes started
M.Th. (Missions) is starting from June 15th
Pr. Dr. V.P. Jose
Pr. Dr. John K. Mathew
Pr. Anil Kodithottam
Pr. Reji Mooledam
Pr. Babu Cherian
Pr. Dr. O.M. Rajukutty
Pr. Dr. Allen Pallivadakkan
Pr. Dr. Binu Alummottil
Pr. Dr. T.M Jose
Pr. Dr. Mani Philip
Pr. Dr. Jacob Mathew
Pr. Dr. Lalachan Abraham
Pr. Jai Thomas
DOULOS BIBLICAL SEMINARY പുതിയ കോഴ്സ് ആരംഭിക്കുന്നു
26 വർഷങ്ങൾക്ക് മുമ്പ് ദൈവകൃപയിൽ ആശ്രയിച്ച് പത്തനംതിട്ട ജില്ലയിൽ വെച്ചൂച്ചിറയിൽ ആരംഭിച്ച DOULOS BIBLICAL SEMINARY-യുടെ പുതിയ M.Th. (Missions) കോഴ്സ് ജൂൺ 15 ന് ആരംഭിക്കുന്നു. ഇതിനോടകമായി രണ്ടായിരത്തിലധികം വേദവിദ്യാർഥികളെ ദൈവവചനം അഭ്യസിപ്പിക്കുവാൻ ദൈവം സഹായിച്ചു. ആത്മീയരും സമർപ്പിതരും ദൈവവചനപണ്ഡിതരുമായ അധ്യാപകർ ഈ സ്ഥാപനത്തിന്റെ പ്രത്യേകതയാണ്. ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള ONLINE ക്ലാസുകൾ നടന്നു കൊണ്ടിരിക്കുന്നു. ഈ സെമസ്റ്ററിന്റെ ക്ലാസുകൾ മെയ് 13 നു പ്രാർത്ഥിച്ച് ആരംഭിക്കുകയുണ്ടായി.
C.Th., B.Th., M.Div. (Malayalam/English) എന്നീ കോഴ്സുകൾ ഓൺലൈൻ ആയി നടന്നുകൊണ്ടിരിക്കുന്നു.
Pr. Dr. V. P. Jose (Director), Pr. Dr. John K. Mathew (Principal), Pr.Anil Kodithottam (Vice Principal), Pr. Reji Mooledom (Academic Dean), Sr. Preethi Das (Registrar) തുടങ്ങിയവർ കോളേജിന് നേതൃത്വം നൽകുന്നു.
Pr. Dr. O. M. Rajukutty, Pr. Dr. Binu Alummoottil, Pr. Dr. T. M. Jose, Pr. Dr. Biju Eapen, Pr. Dr. Lalachan Abraham, Pr. Dr. Allen Pallivadakkan, Pr. Dr. Mani Philip, Pr. Jomon Jacob, Pr.Jai Thomas, Pr. Moncy Mammen, Pr. John Mammen, Pr. James Abraham, Pr. Sreevals, Pr. A. T. Johnson, Pr.Syalan Chacko, Evg.P.S Cherian എന്നിവർ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.
Pr. Shinto Johnson, Pr. Sajan Samuel, Br. Rajan Ariyappally, Br. Benny Kochuvadakayil, Br. Peter Mathew Valliath ബോർഡ് മെമ്പേഴ്സ് ആയി സേവനം ചെയ്യുന്നു. നമ്മുടെ ആയുസ്സിന്റെ നാളുകൾ അതിവേഗം തീരുന്നു. കർത്താവും വാതിൽക്കലായി. വെറും കൈയായി നാഥന്റെ മുമ്പിൽ നിൽപാൻ ഇടയാകാതിരിക്കട്ടെ! പകലുള്ളേടുത്തോളം അയച്ചവന്റെ വേല ചെയ്യാം!
Pr. Jomon Jacob
Pr. James Abraham
Pr. Syalan Chacko
Pr. A.T. Johnson
Pr. P.S. Cherian
Pr. John Mammen
Pr. Sreevals
Dr. Biju Eapen
Pr. Moncy Mammen
CONTACT +91 9164603370
ഈ സെമസ്റ്ററിലെ അഡ്മിഷൻ ജൂൺ 15 വരെ തുടരുന്നതാണ്.


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

# ദേശീയപാത വികസനം: 2,039 കോടി രൂപയുടെ കേന്ദ്രാനുമതി

ന്യൂഡൽഹി: കേരളത്തിൽ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് 2,039 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചതായി പൊതുമരാമത്ത് മന്ത്രി പി.കെ. ബഷീർ. ഉടനടി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന അഞ്ച് പദ്ധതികൾക്കായി ഈ തുക നീക്കിവെക്കുമെന്ന് കേന്ദ്ര റോഡ് ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയെ കണ്ട ശേഷം മന്ത്രി അറിയിച്ചു.

കർണാടക അതിർത്തിയിലെ കബനി നദിക്ക് കുറുകെയുള്ള ബൈരക്കുപ്പ പാലത്തിന്റെ നിർമാണത്തിനും അപ്രോച്ച് റോഡ് നിർമിക്കുന്നതിനും 40 കോടി രൂപ അനുവദിക്കും. വയനാട് ജില്ലയിലെ പെരിക്കല്ലൂരിനെയും കർണാടകയിലെ കുടക് ജില്ലയിലെ ബൈരക്കുപ്പയെയും ബന്ധിപ്പിക്കുന്നതാണ് ഈ പാലം. പാലത്തിന്റെ നിർമാണത്തിനാവശ്യമായ നടപടികൾ വേഗത്തിൽ പൂർത്തിയാക്കുമെന്ന് കർണാടക മുഖ്യമന്ത്രി ഡി.കെ. ശിവകുമാർ നേരത്തെ ഉറപ്പു നൽകിയിരുന്നു. കൊല്ലം-തിരുമംഗലം ദേശീയപാത 744-ന് 98.40 കോടി, കോഴിക്കോട് മുതൽ പാലക്കാട് വരെയുള്ള ദേശീയപാത 966-ന്റെ വികസനത്തിന് 172 കോടി, ദേശീയപാത 66-ൽ കഴക്കൂട്ടം മുതൽ ബാലരാമപുരം വരെയുള്ള റോഡിന്റെ വികസനത്തിന് 66 കോടി രൂപ എന്നിങ്ങനെയാണ് അനുവദിച്ചത്. കൂടാതെ കൊല്ലം-തേനി ദേശീയ പാതയിൽ കടവൂർ മുതൽ ചെങ്ങന്നൂരിലെ ആഞ്ഞിലിമൂട് വരെയുള്ള നാലുവരിപാത വികസനത്തിനായി 1,663 കോടി രൂപയുടെ കേന്ദ്രാനുമതിക്കും ധാരണയായി.

ഭൂമിയേറ്റെടുക്കൽ നടപടി അവസാന ഘട്ടത്തിൽ നിൽക്കുന്ന കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് ദേശീയ പാതയുടെ നിർമാണ പ്രവൃത്തി ഉടൻ ആരംഭിക്കാൻ ധാരണയായതായും പൊതുമരാമത്ത് മന്ത്രി അറിയിച്ചു. ശബരിമല, മൂന്നാർ, വയനാട് എന്നിവിടങ്ങളിൽ റോപ് വേ നിർമിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരം പൊതുമരാമത്ത് വകുപ്പിന് ലഭിച്ചു. പദ്ധതിക്കായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉടൻ തയാറാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ദേശീയപാത 185-ൽ അടിമാലി മുതൽ കുമളി വരെയുള്ള പാതയുടെ വീതി കൂട്ടുന്നതിനുള്ള പദ്ധതിക്ക് ഉടൻ അനുമതി ലഭ്യമാകുമെന്നും മന്ത്രി പറഞ്ഞു. കൊടുങ്ങല്ലൂർ-അങ്കമാലി ബൈപാസിന്റെ അലൈൻമെന്റ് ഉടനെ ലഭ്യമാക്കും.

വെല്ലിംഗ്ടൺ ഐലൻഡ്-കുണ്ടന്നൂർ ബൈപാസിനെ അരൂർ അങ്കമാലി ബൈപാസുമായി ബന്ധിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു. കോതമംഗലം-മൂവാറ്റുപുഴ ബൈപാസുകളുടെ പുതുക്കിയ അലൈൻമെന്റിന്റെ അംഗീകാരം മൂന്നുമാസത്തിനുള്ളിൽ ലഭിക്കുമെന്നും രാമനാട്ടുകര മുതൽ കോഴിക്കോട് എയർപോർട്ടുവരെ എലിവേറ്റഡ് ഹൈവേ നിർമിക്കാനുള്ള പദ്ധതിക്ക് കേന്ദ്ര ഗതാഗത മന്ത്രി നിർദേശം നൽകിയതായും മന്ത്രി പി.കെ. ബഷീർ വ്യക്തമാക്കി.

# മാർപാപ്പയുടെ സുവർണ തൊപ്പിയിൽ മലയാളി വൈദിക സ്പർശം

തൃശൂർ: മാർപാപ്പയുടെ ഔദ്യോഗിക അംശമുടി (മൈറ്റർ) യുടെ രൂപകല്പനയിലും നിർമാണത്തിലും മലയാളി വൈദിക സ്പർശം. തൃശൂർ കോലഴി സെന്റ് ബെനഡിക്ട് ഇടവകാംഗവും സിഎംഐ തൃശൂർ ദേവമാത പ്രൊവിൻസ് അംഗവുമായ ഫാ. ഡിറ്റോ സുപ്രത്ത് ആണ് ഈ വിശിഷ്ട



വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ച് ഫാ. ഡിറ്റോ നിർമിച്ച മൈറ്റർ ലെയോ പതിനാലാമൻ മാർപാപ്പ ധരിച്ചപ്പോൾ.

സൃഷ്ടിയുടെ നിർമാണത്തിൽ പ്രധാന പങ്കുവഹിച്ചത്.

ഇറ്റലിയിലെ മിലാനിലുള്ള സ്കോളാ ബെയാറ്റോ ആഞ്ചലിക്കോ എന്ന സ്ഥാപനത്തിൽ റിലിജിയസ് ആർട്സ് പഠിക്കുകയാണ് ഫാ. ഡിറ്റോ. ലോകമെമ്പാടുമുള്ള ദേവാലയങ്ങൾക്കായി ആരാധനോപകരണങ്ങളും വിശുദ്ധവസ്ത്രങ്ങളും നിർമിക്കുന്നതിൽ പ്രശസ്തമായ ഈ സ്ഥാപനത്തിനാണു മാർപാപ്പയുടെ പുതിയ മൈറ്റർ നിർമിക്കാനുള്ള ദൗത്യം ലഭിച്ചത്.

1998-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പയ്ക്കായി കാപ്പയും തൊപ്പിയും നിർമിച്ചത് ഇവിടെയായിരുന്നു. തൊപ്പി (മൈറ്റർ) റീക്രിയേറ്റ് ചെയ്യാനുള്ള ദൗത്യം ലഭിച്ചപ്പോഴാണ് അതിൽ ഫാ. ഡിറ്റോയ്ക്കും ഭാഗമാകാൻ സാധിച്ചത്. ഈ ദൗത്യത്തിൽ ഏറ്റവും നിർണായകമായിരുന്ന സ്ഥാനിക ചിഹ്നങ്ങളും മറ്റു പ്രതീകങ്ങളുമെല്ലാം വരയ്ക്കുകയും അതിലൂടെ സ്വർണനൂലിൽ നെയ്തെടുക്കുകയും ചെയ്തത് ഫാ. ഡിറ്റോയാണ്.

"ആഫ്രിക്കക്കാരിയും ഇപ്പോൾ ഇറ്റാലിയൻ പൗരയുമായ ബയാത്രീച്ചെ എന്ന ചേച്ചിയാണ് തൊപ്പിയുടെ തുന്നൽ ജോലികളുടെ പകുതിയോളം ചെയ്തത്. ഇറ്റലിക്കാരിയായ ഗായ എന്ന ആർട്ടിസ്റ്റാണ് ഫിനിഷിംഗ് ജോലികൾ പൂർത്തിയാക്കിയത്. അവർ ഇരുവരുമാണ് എന്നെ എംബ്രോയ്ഡറി പഠിപ്പിച്ചത്. വിലപിടിപ്പുള്ള ദമാസ്ക് തുണിയിൽ 24 കാരറ്റ് സ്വർണനൂലുകൾ ഉപയോഗിച്ച് പൂർണമായും കൈകൊണ്ട് തുന്നിച്ചേർത്ത ഈ മൈറ്റർ പൂർത്തിയാക്കാൻ മൂന്നു മാസത്തോളമെടുത്തു" - ഫാ. ഡിറ്റോ പറഞ്ഞു.

വിശുദ്ധ പത്രോസിന്റെയും പൗലോസിന്റെയും തിരുനാളിനോടനുബന്ധിച്ച് ഇക്കഴിഞ്ഞ 29-ന് സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന ആഘോഷമായ ദിവ്യബലിക്കിടെയാണ് മാർപാപ്പ ഈ മൈറ്റർ ആദ്യമായി ഔദ്യോഗികമായി ധരിച്ചത്.

കോലഴി സെന്ററിലെ സുപ്രത്ത് വിൽസന്റെയും ഷെർലിയുടെയും മൂത്തമകനാണ് ഫാ. ഡിറ്റോ. സഹോദരൻ ഡിവിൻ.

# ഐപിഎസ് ഉദ്യോഗസ്ഥയുടെ ഹർജിയിൽ സുപ്രീംകോടതി

ന്യൂഡൽഹി: ഗർഭിണികളായ ഐപിഎസ് പ്രൊബേഷണർമാർക്ക് പരിശീലനം വിലക്കുന്ന 1993-ലെ കേന്ദ്ര സർക്കാർ നയത്തിനെതിരെ സുപ്രീം കോടതി. സ്ത്രീകളുടെ സംരക്ഷണത്തിനു അവതരിപ്പിച്ച വ്യവസ്ഥകൾ അവർ വൈദ്യശാസ്ത്രപരമായി യോഗ്യരാണെങ്കിൽ ലഭിക്കേണ്ട അവസരങ്ങൾ നിഷേധിക്കാൻ ഉപയോഗിക്കരുതെന്ന് കോടതി നിരീക്ഷിച്ചു. ഐപിഎസ് ഉദ്യോഗസ്ഥയായ ഉർവശി സെംഗാർ സമർപ്പിച്ച ഹർജിയാണ് സുപ്രീം കോടതി പരിഗണിച്ചത്.

ഈ വർഷം ജൂണിൽ ആരംഭിച്ച രണ്ടാം ഘട്ട പരിശീലന പരിപാടിയിൽ ഉർവശിക്ക് പങ്കെടുക്കാൻ അനുവാദം നൽകാനാകുമോ എന്ന് വ്യക്തമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട കോടതി ജൂലൈ 16-നകം വിഷയത്തിൽ മറുപടി നൽകാനും നിർദേശിച്ചിട്ടുണ്ട്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 1993-ലെ മെമ്മോറാണ്ടം പരിശോധിച്ച ബെഞ്ച്, ശാരീരികക്ഷമതയുള്ള ഒരു സ്ത്രീക്ക് പരിശീലനം ഉറപ്പാക്കുക എന്നതാണ് ഈ നിയമത്തിന്റെ ലക്ഷ്യമെങ്കിൽ അവർ യോഗ്യയായിരിക്കുമ്പോൾ എന്തിനാണ് തടയുന്നതെന്ന് ചോദിച്ചു. ഇത്തരം കാര്യങ്ങളിൽ എല്ലാവർക്കും ബാധകമായ ഒരൊറ്റ പൊതുനിയമം പ്രായോഗികമല്ല. പ്രസവശേഷം ഒൻപത് മാസത്തിനുള്ളിൽ ചില സ്ത്രീകൾക്ക് പരിശീലനത്തിൽ ചേരാൻ ശാരീരികക്ഷമത ഉണ്ടായേക്കാമെന്നും എന്നാൽ മറ്റുള്ളവർക്ക് കൂടുതൽ സമയം വേണ്ടിവരുമെന്നും കോടതി ചൂണ്ടിക്കാട്ടി. അതിനാൽ, കർക്കശമായ നയത്തിന് പകരം ഓരോ വ്യക്തിയുടെയും ആരോഗ്യസ്ഥിതി പ്രത്യേകം പരിശോധിച്ച് തീരുമാനമെടുക്കുകയാണ് വേണ്ടതെന്ന് കോടതി അഭിപ്രായപ്പെട്ടു.

2023 ബാച്ചിലെ മധ്യപ്രദേശ് കേഡർ ഐപിഎസ് ഉദ്യോഗസ്ഥയായ ഉർവശി സെംഗാൾ രണ്ടാം ഘട്ട പരിശീലനത്തിനിടെയാണ് ഗർഭിണിയാകുന്നത്. 2025 സെപ്റ്റംബർ 20-ന് അവർ കുഞ്ഞിന് ജന്മം നൽകി. പ്രസവശേഷം ഒൻപത് മാസങ്ങൾ കഴിഞ്ഞ് 2026 ജൂൺ 20-ന് ആരംഭിച്ച അടുത്ത പരിശീലന ബാച്ചിൽ ചേരാൻ താൻ പൂർണ ആരോഗ്യവതിയാണെന്ന് വ്യക്തമാക്കി അവർ അനുമതി തേടിയെങ്കിലും 1993-ലെ നയം ചൂണ്ടിക്കാട്ടി പോലീസ് അക്കാദമി ഇത് നിരസിക്കുകയായിരുന്നു.

# മോദിക്ക് ഇന്തോനേഷ്യയുടെ ബഹുമതി


ജക്കാർത്ത: ഇന്തോനേഷ്യയുടെ പരമോന്നത ബഹുമതിയായ 'ബിൻതാങ് ആദിപൂർണ' പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സമ്മാനിച്ചു. ത്രിദിന സന്ദർശനത്തിന് ജക്കാർത്തയിലെത്തിയ മോദിക്ക് ഇന്തോനേഷ്യൻ പ്രസിഡണ്ട് പ്രബോവോ സുബിയന്തോയാണ് ബഹുമതി സമ്മാനിച്ചത്. ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിലെ പങ്കിനുള്ള ആദരമായാണ് പുരസ്കാരം. ഇത് ഇന്ത്യയിലെ കോടാനുകോടി ജനങ്ങൾക്കുള്ളതാണെന്ന് മോദി എക്സിൽ കുറിച്ചു. മോദിക്കു ലഭിക്കുന്ന 33-ാമത് അന്താരാഷ്ട്ര ബഹുമതു കൂടിയാണിത്.

ബിൻതാങ് ആദിപൂർണ ലഭിക്കുന്ന രണ്ടാമത്തെ ഇന്ത്യൻ പ്രധാനമന്ത്രിയാണ് മോദി. 1995-ൽ ഇന്തോനേഷ്യയുടെ 50-ാം സ്വാതന്ത്ര്യ വാർഷികാഘോഷത്തിന്റെ ഭാഗമായി ജവഹർലാൽ നെഹ്റുവിന് മരണാനന്തര ബഹുമതിയായി ഈ പുരസ്കാരം നല്കിയിരുന്നു.







# വിശ്വാസത്തിൽ ആഴപ്പെടാം... വചനവഴികളിൽ ധന്യരാകാം... വരൂ, ലാങ്കസ്റ്റർ ഒരുങ്ങി



ബസേലിയോസ് മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ



സക്കറിയാ മാർ നിക്കളാവോസ്



ഡോ. തോമസ് മാർ അത്താനാസിയോസ്

**ജോർജ് തുമ്പയിൽ**

പെൻസിൽവേനിയ: ക്രൈസ്തവ ജീവിതം ക്രിസ്തുവിലേക്കുള്ള യാത്രയാണ്. ഈ ലോകത്തിന്റേതായ വഴികളിൽ, അതിന്റെ തിരക്കുകളിൽ സദാ വ്യാപൃതരായിരിക്കുന്ന നമുക്ക് ദൈവവചന കേന്ദ്രീകൃതമായും ക്രിസ്തു കേന്ദ്രീകൃതമായും കുടുംബബന്ധങ്ങളെ ആഴപ്പെടുത്താൻ വേദിയൊരുക്കുകയാണ് ഓരോ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസും. വിശ്വാസവും ക്രിസ്തീയ മൂല്യങ്ങളും പങ്കുവെക്കപ്പെടുന്ന കോൺഫറൻസുകൾ ആത്മീയമായി പുതുക്കപ്പെടാനും വളരാനുമുള്ള അവസരമൊരുക്കുന്നു. ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിൽ സംഘടിപ്പിച്ചിരിക്കുന്ന നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് അതുകൊണ്ടു തന്നെ വിശ്വാസി സമൂഹത്തിന്റെ ആത്മീയ വളർച്ചയിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. കോൺഫറൻസിലെ സാന്നിധ്യം ജീവിതത്തിൽ എക്കാലവും ഓർമ്മിക്കാൻ ധന്യമായ ചിന്തകൾ പകരുമെന്നത് ഉറപ്പ്.

ജീവിതപ്രയാസങ്ങൾക്കിടയിലും ക്രിസ്തുവിനെ ലക്ഷ്യമാക്കി നീങ്ങുന്ന മറ്റു വിശ്വാസികളുമായി സൗഹൃദം സ്ഥാപിക്കാനും പരസ്പരം പ്രോത്സാഹിപ്പിക്കാനും കോൺഫറൻസ് ദിനങ്ങളിലെ ഒത്തുചേരൽ അവസരമൊരുക്കുന്നു.

ദശാബ്ദങ്ങളായി ഭദ്രാസനത്തിലെ വൈദികരെയും വിശ്വാസികളെയും യുവജനങ്ങളെയും വിശ്വാസത്തിലും ക്രിസ്തീയ കൂട്ടായ്മയിലും വളർത്തുന്നതിൽ നിർണായക പങ്കുവഹിക്കുന്ന ഈ ആത്മീയ ശുശ്രൂഷയിൽ എല്ലാവരും സജീവമായി പങ്കെടുത്തു വിജയിപ്പിക്കണമെന്ന് ഭദ്രാസന മെത്രാപ്പോലീത്ത സഖറിയാസ് മാർ നിക്കളാവോസ് തന്റെ സന്ദേശത്തിലൂടെ ആഹ്വാനം ചെയ്തു.

ഈ കോൺഫറൻസ് ഹൃദയങ്ങൾ ശക്തിപ്പെടുകയും ബന്ധങ്ങൾ പുതുക്കപ്പെടുകയും ആത്മീയ ലക്ഷ്യബോധം ഉണ്ടാകുകയും ചെയ്യപ്പെടുന്ന വിശുദ്ധമായ ഒരു സമാഗമത്തിന്റെ വേദിയായി മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കുടുംബങ്ങൾ വിശ്വാസത്തിൽ ഒരുമിച്ച് നടക്കുവാനും നമ്മുടെ യുവജനങ്ങൾ സഭയിലും ലോകത്തിലും സുവിശേഷത്തിന് സാക്ഷികളായി തങ്ങളുടെ വിളിയെ നെഞ്ചേറ്റുവാനും ഇത് പ്രചോദനമാകട്ടെ.

ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം സമപ്രായക്കാരുമായി ശക്തമായ ബന്ധം വളർത്തിയെടുക്കാനും മുതിർന്ന തലമുറയെ അറിയാനും ആദ്ധ്യാത്മികമായി അറിവ് നേടാനും കോൺഫറൻസ് ദിനങ്ങൾ സഹായകമാകുമെന്ന് കോൺഫറൻസ് കോ-ഓർഡിനേറ്റർ ഫാ. അലക്സ് ജോയി പറഞ്ഞു.

കോൺഫറൻസിന്റെ വൻ വിജയത്തിനായി വിപുലമായ സ്പോൺസർഷിപ്പ് പാക്കേജുകളും കോൺഫറൻസ് സുവനീർ നിരക്കുകളും പ്രഖ്യാപിച്ചിട്ടുണ്ട്. ആകർഷക സമ്മാനങ്ങളോടെയുള്ള മെഗാ റാഫിളും ക്രമീകരിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി ജെയ്സൺ തോമസ് പറഞ്ഞു.

ദൈവവചനത്തിലും വിശ്വാസം, പാരമ്പര്യം തുടങ്ങിയ വിഷയങ്ങളിലും ആഴമേറിയ ചിന്തകൾ പങ്കുവെക്കപ്പെടുന്ന കോൺഫറൻസുകളിൽ സമകാലിക വിഷയങ്ങളും ചർച്ചയാകാറുണ്ട്. ഭദ്രാസനത്തിലെ എല്ലാ പള്ളികളിൽനിന്നും ലഭിക്കുന്ന നിറഞ്ഞ സഹകരണവും പങ്കാളിത്തവുമാണ് ഓരോ കോൺഫറൻസിനെയും വിജയത്തിലെത്തിക്കുന്നത് എന്ന് ട്രഷറർ ജോൺ (സജി) താമരവേലിലും പറഞ്ഞു.

പ്രശ്നങ്ങളിൽ സാന്ത്വനമാകുന്ന, മനസിനെ പ്രചോദിപ്പിക്കുന്ന സന്ദേശങ്ങൾ, ഒപ്പം പരസ്പരം പിന്തുണ നൽകുന്ന ഒരുപിടി സൗഹൃദങ്ങൾ, ഹാൻഡ്സ് ഓൺ വർക് ഷോപ്പുകൾ... ഇങ്ങനെ കൂട്ടായ്മ മനോഭാവവും മനസിനെ ആത്മീയമായി ധന്യമാക്കുന്ന നിമിഷങ്ങളും കോൺഫറൻസിനെ പ്രത്യാശയുടെ ഇടമാക്കുന്നു.

കുടുംബ സൗഹൃദങ്ങളിൽ വളരുന്നതിനും മുൻ വർഷങ്ങളിലെ കോൺഫറൻസുകളിൽ ലഭിച്ച ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഫാമിലി കോൺഫറൻസുകൾ സഹായിക്കുന്നു എന്ന് സുവനീർ എഡിറ്റർ ഡോ. റെബേക്കാ പോത്തൻ പറയുന്നു.

ആദ്ധ്യാത്മിക വഴികളിൽ, പ്രത്യേകിച്ച് ദൈവ വചനത്തിനൊപ്പം ജീവിതം നയിക്കുന്നതിൽ ചെറുപ്പക്കാരും പ്രായമായവരും ഒരുപോലെ വെല്ലുവിളി നേരിടുന്നതിനാൽ ആദ്ധ്യാത്മിക ജീവിതത്തിലെ വളർച്ചയെ ലക്ഷ്യമിട്ടാണ് കോൺഫറൻസുകൾ ക്രമീകരിച്ചിരിക്കുന്നത് എന്ന് ജോയിന്റ് ട്രഷറാർ റിംഗിൽ റ്റി. ബിജു കരുതുന്നു.

പലപ്പോഴും കലുഷിതമായ ജീവിത സാഹചര്യങ്ങളെയും പ്രശ്നങ്ങളെയും ദൈവകേന്ദ്രീകൃതമായി നേരിടുന്നതിനുള്ള ആത്മധൈര്യവും പ്രചോദനവും നമ്മിലേക്ക് പകർന്നിടുകയാണ് ഓരോ കോൺഫറൻസും. ദൈവവചനം പങ്ക് വെക്കപ്പെടുന്ന ഈ കൂട്ടായ്മയിൽ പങ്കുചേർന്ന് മറ്റ് കുടുംബങ്ങളുമായി, ആത്മീയതയുടെ ഈ തിരക്കിലേക്ക് നമുക്ക് ഒത്തുചേരാം എന്ന് ജോയിന്റ് സെക്രട്ടറി ആശാ ജോർജ് പ്രത്യാശ പ്രകടിപ്പിച്ചു.

### കോൺഫറൻസ് വേദിയിലേക്ക് എത്തും മുൻപ് ഒരു നിമിഷം ശ്രദ്ധിക്കൂ

ജൂലൈ 15 ബുധനാഴ്ച വിൻധം ലാങ്കസ്റ്ററിൽ ആരംഭിക്കുന്ന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിലേക്ക് ഏവരെയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. യാത്ര തിരിക്കുന്നതിന് മുൻപായി താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.



കോൺഫറൻസിൽ പങ്കെടുക്കാനെത്തുന്നവർക്കായി സംഘാടക സമിതി പുറപ്പെടുവിച്ച പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ സെക്രട്ടറി ജെയ്സൺ തോമസ് പങ്കുവെച്ചു. പ്രധാന നിർദ്ദേശങ്ങളുടെ ചുരുക്കം താഴെ നൽകുന്നു:

**രജിസ്ട്രേഷനും താമസസൗകര്യവും:**

ഉദ്ഘാടന ദിവസം (ബുധനാഴ്ച) ഉച്ചയ്ക്ക് 12.00 മുതൽ ഹോട്ടലിന്റെ പ്രധാന കവാടത്തിലുള്ള ലാംപീറ്റർ എക്സിബിറ്റ് ഹാളിൽ (Lampeter Exhibit Hall) രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കും.

ഹോട്ടലിൽ എത്തുമ്പോൾ ആദ്യം ലഗേജുകൾ വാഹനങ്ങളിൽതന്നെ സൂക്ഷിക്കേണ്ടതാണ്. ആദ്യം രജിസ്ട്രേഷൻ കൗണ്ടറിലെത്തി കോൺഫറൻസ് മെറ്റീരിയലുകളും റൂം കീയും കൈപ്പറ്റിയ ശേഷം മാത്രം ലഗേജുകൾ മുറികളിലേക്ക് മാറ്റാൻ ശ്രദ്ധിക്കുക.

**ബുധനാഴ്ച വൈകുന്നേരത്തെ പരിപാടികൾ:**

ബുധനാഴ്ച വൈകുന്നേരം 4.00-ന് ഡിന്നറോടെ കോൺഫറൻസ് നടപടികൾക്ക് തുടക്കമാകും. തുടർന്ന് 5.30-ന് അതത് ചർച്ച് ഏരിയകളുടെ നിശ്ചിത നിറങ്ങളിലുള്ള വസ്ത്രങ്ങൾ ധരിച്ചുകൊണ്ടുള്ള പ്രൗഢഗംഭീരമായ ഉദ്ഘാടന ഘോഷയാത്ര നടക്കും. 6.30-ന് സന്ധ്യാനമസ്കാരത്തെ തുടർന്ന് ഔദ്യോഗിക ഉദ്ഘാടന ചടങ്ങുകൾ ആരംഭിക്കും.

കോൺഫറൻസിന്റെ ഭാഗമായി നടക്കുന്ന സ്പോർട്സ് ദിനത്തിലേക്കായി സൗകര്യപ്രദമായ വസ്ത്രങ്ങളും ഷൂസും കരുതണം. കൂടാതെ ഹോട്ടലിലെ സ്വിമ്മിംഗ് പൂൾ സൗകര്യം ഉപയോഗിക്കാൻ താല്പര്യമുള്ളവർ നീന്തൽ വസ്ത്രങ്ങൾ കരുതേണ്ടതാണ്. മരുന്നുകൾ ഉപയോഗിക്കുന്നവർ അവ കൈയിൽ കരുതേണ്ടതാണ്. വ്യാഴാഴ്ച രാത്രി നടക്കുന്ന കലാപരിപാടികളിൽ പങ്കെടുക്കുന്നവർക്ക് താല്പര്യമെങ്കിൽ പരമ്പരാഗത ഇന്ത്യൻ വസ്ത്രങ്ങളോ ഫോർമൽ വസ്ത്രങ്ങളോ ധരിക്കാവുന്നതാണ്.

**വിശുദ്ധ കുർബാനയ്ക്കുള്ള പ്രത്യേക വസ്ത്രധാരണം (ശനിയാഴ്ച):**

കുർബാനയിൽ പങ്കാളികളാകുന്ന 21 വയസ്സിന് മുകളിലുള്ള വനിതകൾക്ക് കോൺഫറൻസിൽനിന്നും ഓഫ്-വൈറ്റ് (ക്രീം) സാരികൾ നൽകുന്നതാണ്. ഇതിനൊപ്പം ധരിക്കാനായി ഗോൾഡ്, ക്രീം അല്ലെങ്കിൽ മജന്ത നിറത്തിലുള്ള ബ്ലൗസ് പ്രതിനിധികൾ കരുതേണ്ടതാണ്. 21 വയസ്സിന് മുകളിലുള്ള പുരുഷന്മാർക്കായി കോൺഫറൻസിന്റെ പ്രത്യേക മജന്ത ടൈ നൽകുന്നതായിരിക്കും.

കോൺഫറൻസ് സംബന്ധിച്ച തത്സമയ അറിയിപ്പുകൾ 'NEAD WhatsApp Community' ഗ്രൂപ്പിലൂടെ പങ്കുവെക്കുന്നതാണെന്നും എല്ലാ പ്രതിനിധികൾക്കും സുരക്ഷിതമായ യാത്ര ആശംസിക്കുന്നതായും സംഘാടകർ ആശംസിച്ചു.

**വിവരങ്ങൾക്ക്:**

കോ-ഓർഡിനേറ്റർ: ഫാ. അലക്സ് കെ. ജോയി (ഫോൺ: 973-489-6440)

fyc@neamericandiocese.org

സെക്രട്ടറി: ജെയ്സൺ തോമസ് (ഫോൺ: 917-612-8832)

ട്രഷറർ: ജോൺ (സജി) താമരവേലിൽ (ഫോൺ: 917-533-3566)

## ബഹിരാകാശ എക്സ്–റേ വിസ്ഫോടനം

# കാരണം കണ്ടെത്തി മലയാളി ഉൾപ്പെട്ട അന്താരാഷ്ട്ര ശാസ്ത്രസംഘം

ന്യൂഡൽഹി: വിദൂര ബഹിരാകാശത്തുണ്ടാകുന്ന അതിവേഗ എക്സ്–റേ വിസ്ഫോടനത്തിന്റെ കാരണത്തിലേക്ക് വെളിച്ചംവീശി മലയാളി ഉൾപ്പെടുന്ന അന്താരാഷ്ട്ര ശാസ്ത്രസംഘത്തിന്റെ പഠനം. ബെംഗളൂരുവിലെ ഇ



ഡോ. ദീപക് ഈപ്പച്ചൻ

ന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോഫിസിക്സിലെ ശാസ്ത്രജ്ഞനായിരുന്ന തൊടുപുഴ സ്വദേശി ഡോ. ദീപക് ഈപ്പച്ചൻ, ഡോ. അരവിന്ദ് ബാലസുബ്രഹ്മണ്യൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പഠനം നടത്തിയത്. 2024 നവംബർ ഏഴിന് ചൈനയുടെ ഐൻസ്റ്റൈൻ പ്രോബ് എന്ന എക്സ്റേ ടെലിസ്കോപ്പ് കണ്ടെത്തിയ ഇ.പി.241107എ എന്ന ഒരു എക്സ്–റേ വിസ്ഫോടനത്തെക്കുറിച്ചാണ് ഇവർ പഠിച്ചത്. ഒരു ഭീമൻ നക്ഷത്രം തകർന്നപ്പോൾ പ്രകാശവേഗത്തോടടുത്ത വേഗത്തിൽ പുറത്തേക്ക് ചിതറിയ



ഡോ. അരവിന്ദ് ബാലസുബ്രഹ്മണ്യൻ

ദ്രവ്യപ്രവാഹമാണ് ഈ വിസ്ഫോടനത്തിനിടയാക്കിയതെന്ന് കണ്ടെത്തി. ടെലിസ്കോപ്പിൽ, എക്സ്–റേ വിസ്ഫോടനത്തിനൊപ്പം ഗാമാ കിരണങ്ങൾ കണ്ടെത്തിയില്ലെങ്കിലും നക്ഷത്രം തകരുമ്പോഴുണ്ടാകുന്ന ഗാമാ റേ വിസ്ഫോടനം എന്ന പ്രതിഭാസമാണ് ഇതിന് പിന്നിലെന്ന് നിരീക്ഷണങ്ങളിലൂടെ ഇവർ തിരിച്ചറിഞ്ഞു. ഈ പ്രതിഭാസം ഭൂമിയിൽനിന്ന് 500 കോടി പ്രകാശവർഷം അകലെയാണ് സംഭവിച്ചത്.

പഠനറിപ്പോർട്ട്, അന്താരാഷ്ട്ര ജേണലായ 'മന്ത്‌ലി നോട്ടീസസ് ഓഫ് റോയൽ ആസ്ട്രണോമിക്കൽ സൊസൈറ്റി'യിൽ പ്രസിദ്ധീകരിച്ചു. എക്സ്–റേ വിസ്ഫോടനങ്ങളിൽ എത്രയെണ്ണം 'വേഷം മാറിയ' ഗാമാ–റേ സ്ഫോടനങ്ങളാണെന്നും എത്രയെണ്ണം പുതിയ പ്രതിഭാസങ്ങളാണെന്നും തിരിച്ചറിയാൻ ഇത്തരം പഠനങ്ങൾ വഴിയൊരുക്കും.

ലഡാക്കിലെ ഗ്രോത്ത്–ഇന്ത്യാ ടെലിസ്കോപ്പ്, ഹിമാലയൻ ചന്ദ്ര ടെലിസ്കോപ്പ്, പൂണെയ്ക്കടുത്തുള്ള അപ്ഗ്രേഡഡ് ജയന്റ് മീറ്റർവേവ് റേഡിയോ ടെലിസ്കോപ്പ് എന്നിവയുൾപ്പെടെയുള്ള ദൂരദർശിനികൾ സംഘം ഉപയോഗിച്ചു. ഇത്തരം പഠനങ്ങൾക്ക് നമ്മുടെ ദൂരദർശിനികളും പര്യാപ്തമാണെന്നും വ്യക്തമായി. യുഎസിലെ വി.എൽ.എ. ടെലിസ്കോപ്പിന്റെ സഹായത്തോടെ സ്ഫോടനത്തിന്റെ റേഡിയോ പ്രതിരൂപം കണ്ടെത്തി. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോഫിസിക്സ്, മുംബൈ ഐ.ഐ.ടി, കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, യൂണിവേഴ്സിറ്റി ഓഫ് നോർത്ത് കരോലിന തുടങ്ങിയ സ്ഥാപനങ്ങളും പഠനത്തിൽ സഹകരിച്ചു. തൊടുപുഴ സ്വദേശിയാണ് 33–കാരനായ ദീപക്. ഫിസിക്സിൽ തൊടുപുഴ ന്യൂമാൻ കോളജിൽനിന്ന് ബി.എസ്സിയും പൂണെ യൂണിവേഴ്സിറ്റിയിൽ നിന്ന് എംഎസ്സിയും പൂർത്തിയാക്കി. നെതർലൻഡ്സിലെ റാഡ്ബൗഡ് യൂണിവേഴ്സിറ്റിയിൽനിന്ന് പിഎച്ച്.ഡി നേടി. തുടർന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോഫിസിക്സിൽ പോസ്റ്റ് ഡോക്ടറൽ ഫെല്ലോ ആയി. ജൂണിൽ ദീപക് യു.എസിലെ യൂട്ടാ യൂണിവേഴ്സിറ്റിയിൽ പോസ്റ്റ് ഡോക്ടറൽ റിസർച്ച് അസോസിയേറ്റായി. ഡോ. അരവിന്ദ് ബാലസുബ്രഹ്മണ്യൻ ബെംഗളൂരു സ്വദേശിയാണ്.

# ബ്രിജിൽ ഫിലിപ്പ് മാത്യു അന്തരിച്ചു



ഡാളസ്: മലയാളി സമൂഹത്തിലെ സജീവസാന്നിദ്ധ്യമായിരുന്ന ബ്രിജിൽ ഫിലിപ്പ് മാത്യു (45) അന്തരിച്ചു. സൗമ്യമായ പെരുമാറ്റത്തിലൂടെയും വിശ്വാസജീവിതത്തിലൂടെയും സമൂഹത്തിൽ ശ്രദ്ധേയനായിരുന്ന അദ്ദേഹത്തിന്റെ അപ്രതീക്ഷിത വിയോഗം കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും മലയാളി സമൂഹത്തെയും ദുഃഖത്തിലാഴ്ത്തി. ജൂലൈ 13–ന് തിങ്കളാഴ്ച വൈകിട്ട് 7 മുതൽ എട്ട് വരെ റെസ്റ്റ്ലാൻഡ് ഫ്യൂണറൽ ഹോമിൽ (13005 Greenville Avenue, Dallas, TX 75243) പൊതുദർശനം നടക്കും. സംസ്കാരകർമ്മങ്ങൾ 14–ന് ചൊവ്വാഴ്ച രാവിലെ 10.30–ന് റെസ്റ്റ്ലാൻഡ് ഫ്യൂണറൽ ഹോമിൽ ആരംഭിക്കുന്നതും തുടർന്ന് സംസ്കാരം നടത്തപ്പെടുന്നതുമാണ്. തുടർന്ന് കാൽവറി പെന്തെക്കോസ്തൽ ചർച്ചിൽ (725 W Arapaho Rd, Richardson, TX 75080) അനുശോചനസമ്മേളനവും ഉച്ചഭക്ഷണവും ക്രമീകരിച്ചിട്ടുണ്ടെന്ന് കുടുംബാംഗങ്ങൾ അറിയിച്ചു.

# പോക്സോ കുറ്റം അറിഞ്ഞിട്ടും അധികാരികൾക്ക് കൈമാറാത്തത് കുറ്റകൃത്യമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ സംഭവങ്ങളിൽ സ്കൂൾ അധികൃതർക്ക് പരാതി ലഭിച്ചിട്ടും സ്വന്തം നിലയിൽ അന്വേഷണം നടത്തി ഒത്തുതീർപ്പിനു ശ്രമിച്ചാൽ ക്രിമിനൽ നടപടി നേരിടേണ്ടി വരുമെന്ന് സുപ്രീംകോടതി.

ഇരയായ കുട്ടിയിൽ നിന്ന് നേരിട്ട് പരാതി ലഭിച്ചശേഷം തങ്ങൾ നടത്തിയ പരിശോധനയിൽ ഒന്നും കണ്ടെത്തിയില്ലെന്ന കാരണം പറഞ്ഞ് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ സ്കൂൾ അധികൃതർക്കു കഴിയില്ലെന്നും ജസ്റ്റിസുമാരായ കെ.സി. വിശ്വനാഥൻ, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

എട്ടു വയസുകാരിയായ വിദ്യാർത്ഥിനി സീനിയർ വിദ്യാർത്ഥിയിൽനിന്നു നേരിട്ട അതിക്രമം പോലീസിനെ അറിയിക്കാതെ മറച്ചുവെച്ച ഗോഹട്ടിയിലെ സ്കൂൾ പ്രധാനാദ്ധ്യാപികയെ കേസിൽ നിന്ന് ഒഴിവാക്കിയ വിചാരണകോടതിയുടെയും ഹൈക്കോടതിയുടെയും ഉത്തരവ് റദ്ദാക്കിക്കൊണ്ടായിരുന്നു സുപ്രീം കോടതി നടപടി.

ഒരു കുറ്റം നടന്നിട്ടുണ്ടോയെന്ന് കണ്ടെത്തേണ്ടത് പോലീസിന്റെ അന്വേഷണത്തിലൂടെയാണെന്നും സ്കൂൾ അധികൃതരുടെ മുൻകൂർ അന്വേഷണം തെളിവുകൾ നശിപ്പിക്കപ്പെടാൻ മാത്രമേ കാരണമാകുകയുള്ളുവെന്നും കോടതി ചൂണ്ടിക്കാട്ടി.

കുട്ടിയുടെ പരാതി നേരിട്ടു ലഭിച്ച ഹെഡ്മിസ്ട്രസിനെതിരെ വിചാരണ തുടരാൻ ഉത്തരവിട്ട കോടതി സംഭവത്തെക്കുറിച്ച് നേരിട്ട് അന്വേഷിച്ചിരുന്ന പ്രിൻസിപ്പൽ, വാർഡൻ എന്നിവരെയും പ്രായപൂർത്തിയാകാത്ത മറ്റു വിദ്യാർത്ഥികളെയും കേസിൽനിന്ന് ഒഴിവാക്കി.

# ആഴ്ചയിൽ ഒരിക്കൽ എടുക്കാവുന്ന ഇൻസുലിൻ ഇന്ത്യയിൽ പുറത്തിറക്കി

ന്യൂഡൽഹി: പ്രമേഹ ചികിത്സാരംഗത്ത് നിർണായക ചുവടുവെപ്പുമായി ആഴ്ചയിൽ ഒരിക്കൽ മാത്രം ഉപയോഗിക്കാവുന്ന പുതിയ ഇൻസുലിൻ ഇന്ത്യയിൽ ലഭ്യമായിത്തുടങ്ങി. ഡെന്മാർക്ക് ആസ്ഥാനമായുള്ള പ്രമുഖ മരുന്നു നിർമ്മാണ കമ്പനിയായ നോവോ നോർഡിസ്ക് ആണ് 'ആവിക്‌ലി' എന്ന ബ്രാൻഡ് നാമത്തിൽ ഇക്കോഡെക് ഇൻസുലിൻ വിപണിയിലെത്തിച്ചത്. പ്രായപൂർത്തിയായ ടൈപ്പ്–1, ടൈപ്പ്–2 പ്രമേഹരോഗികൾക്ക് ഒരുപോലെ ഉപയോഗിക്കാവുന്നതാണ് ഈ മരുന്ന്.

നിലവിൽ പ്രമേഹരോഗികൾ ദിവസവും ഒന്നോ അതിലധികമോ തവണ ഇൻസുലിൻ കുത്തിവെക്കേണ്ട സ്ഥാനത്ത് പുതിയ മരുന്ന് ആഴ്ചയിൽ ഒരു തവണ മാത്രം എടുത്താൽ മതിയാകും. ഇതോടെ വർഷത്തിൽ വേണ്ടിവരുന്ന കുത്തിവെപ്പുകളുടെ എണ്ണം 365–ൽ നിന്നും വെറും 52 ആയി കുറയും. ശരീരത്തിൽ പ്രവേശിച്ച ശേഷം ഏഴു ദിവസത്തേക്ക് കൃത്യമായ അളവിൽ ഇൻസുലിൻ പുറത്തുവിടാൻ തക്കവണ്ണമാണ് ഇതിന്റെ തന്മാത്രാഘടന രൂപകല്പന ചെയ്തിരിക്കുന്നത്.

കേന്ദ്ര ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷന്റെ കൃത്യമായ പരിശോധനകൾക്കും അനുമതിക്കും ശേഷമാണ് ഈ മരുന്ന് വിപണിയിലെത്തിച്ചിരിക്കുന്നത്. ആഗോളതലത്തിൽ നടന്ന വിപുലമായ ക്ലിനിക്കൽ പരീക്ഷണങ്ങളിൽ ദിവസേനയെടുക്കുന്ന ഇൻസുലിനേക്കാൾ സുരക്ഷിതവും ഫലപ്രദവുമാണ് ഇതെന്ന് തെളിഞ്ഞിട്ടുണ്ട്. എന്നാൽ, ദിവസേനയുള്ള ഇൻസുലിനെടുക്കുന്നവർ പുതിയ രീതിയിലേക്ക് മാറുന്നതിനു മുമ്പ് കൃത്യമായ ഡോസ് നിശ്ചയിക്കാൻ പ്രമേഹരോഗ വിദഗ്ദ്ധന്റെ ഉപദേശം തേടേണ്ടത് അനിവാര്യമാണെന്ന് അധികൃതർ വ്യക്തമാക്കുന്നു.






# ഓപ്പറേഷൻ തൂഫാൻ രണ്ടാം ഘട്ടം തുടങ്ങുന്നു

തിരുവനന്തപുരം: കേരളത്തിലേക്കുള്ള മയക്കുമരുന്നു വരവ് തടയാൻ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പോലീസ് ഉദ്യോഗസ്ഥരെയും കേന്ദ്ര അന്വേഷണ ഏജൻസികളെയും ഏകോപിപ്പിച്ചും ഓപ്പറേഷൻ തൂഫാന്റെ രണ്ടാം ഘട്ടം നടപ്പാക്കാൻ തീരുമാനം. ഓപ്പറേഷൻ തൂഫാനായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പോലീസിലെ എസ്.പി. റാങ്കിൽ കുറയാത്ത നോഡൽ ഓഫീസറെ നിയോഗിക്കുമെന്ന്, അഞ്ച് സംസ്ഥാനങ്ങളിലെ പോലീസ് ഉദ്യോഗസ്ഥരെയും കേന്ദ്ര ഏജൻസികളെയും ഏകോപിപ്പിച്ച് പോലീസ് ആസ്ഥാനത്തു നടത്തിയ യോഗത്തിനു ശേഷം മാധ്യമ പ്രവർത്തകരെ കണ്ട ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

ലഹരിവേട്ടയ്ക്കു സ്ഥിരം സംവിധാനമായി ദൗത്യസംഘം രൂപീകരിക്കും. കര-കടൽ-വ്യോമ മാർഗമുള്ള ലഹരിയൊഴുക്ക് തടയും. കേരളത്തെ ലഹരിമുക്ത സംസ്ഥാനമാക്കും. മയക്കുമരുന്നു കേസുകൾ വിചാരണ ചെയ്യാൻ 10 കോടതികൾ ആരംഭിക്കാൻ കേന്ദ്രം വിളിച്ച ഡിജിപിമാരുടെ യോഗത്തിൽ നിർദേശിച്ചിട്ടുണ്ട്. എവിടെയൊക്കെയെന്നു പിന്നീടു തീരുമാനിക്കും. നേരത്തേ പ്രഖ്യാപിച്ച തിരുവനന്തപുരം, എറണാകുളം കോടതികൾ ഉടൻ ആരംഭിക്കും.

ഓൺലൈനിലും കൊറിയറിലും ഹോംഡെലിവറിയായും ട്രെയിനുകളിൽ ചെറിയ സ്റ്റേഷനുകളിൽ ഉപേക്ഷിച്ചുമുള്ള ലഹരിക്കടത്തിന്റെ പുതിയ രീതികൾ പോലീസ് കണ്ടെത്തിയിട്ടുണ്ട്.

അർബുദത്തിനുള്ള മരുന്നുപോലും ലഹരിക്കായി ഉപയോഗിക്കുന്നു. ഇതു തടയാൻ ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത ഓപ്പറേഷനുണ്ടാകും. ലഹരിക്കടത്തിന്റെ പുതിയ മാർഗങ്ങൾ കേന്ദ്ര ഏജൻസികളുടെ സഹായത്തോടെ കണ്ടെത്തി തടയും. ലഹരിയുടെ ഉറവിടം കണ്ടെത്തി തകർക്കാനാണ് സംയുക്ത ഓപ്പറേഷൻ.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ ഇന്റലിജൻസ് വിവരങ്ങൾ പരസ്പരം കൈമാറും. സംയുക്ത യോഗങ്ങൾ ഇടയ്ക്കിടെ ചേരും. കർണാടക ആഭ്യന്തരമന്ത്രി 15-ന് തിരുവനന്തപുരത്തെത്തും. തമിഴ്നാട്, പുതുച്ചേരി, ആന്ധ്ര, തെലുങ്കാന മുഖ്യമന്ത്രിമാരെ നേരിൽ കാണുമെന്നും മന്ത്രി പറഞ്ഞു.

തമിഴ്നാട് ഡിജിപി മഹേഷ് കുമാർ അഗർവാൾ, പുതുച്ചേരി ഡിജിപി ശാലിനി സിംഗ്, കർണാടക എഡിജിപി ആർ. ഹിതേന്ദ്ര, കസ്റ്റംസ് കമ്മീഷണർ ഡോ. ടി. ടിജു, നാർകോട്ടിക് കൺട്രോൾ ബ്യൂറോ ഡെപ്യൂട്ടി ഡയറക്ടർ ആർ. സുധാകർ, ഐബി ജോയിന്റ് ഡയറക്ടർ ഡോ. കെ. ജോസ്, ഡിആർഐ അഡീഷണൽ ഡയറക്ടർ കെ. പദ്മാവതി, തെലുങ്കാന എസ്പി പി.വി. പദ്മജ, ആന്ധ്ര എസ്പി കെ.എം. മഹേശ്വര രാജു, ആർപിഎഫ് സെക്യൂരിറ്റി കമ്മീഷണർ മുഹമ്മദ് ഹനീഫ്, സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്രശേഖർ, പോലീസ് ഉപദേഷ്ടാവ് എ. ഹേമചന്ദ്രൻ, ഐജിമാരായ പുട്ട വിമലാദിത്യ, ഹർഷിത അട്ടല്ലൂരി തുടങ്ങിയവർ പങ്കെടുത്തു.



ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല പോലീസ് ആസ്ഥാനത്തു നടത്തിയ യോഗത്തിൽനിന്ന്.

# ഇ–വാഹനങ്ങളുടെ നികുതി ഇളവ് പ്രാബല്യത്തിൽ

തിരുവനന്തപുരം: ഇ-വാഹനങ്ങളുടെ റോഡ് നികുതി കുറച്ച ബജറ്റ് തീരുമാനം പ്രാബല്യത്തിലായി. ഇരുചക്രവാഹനങ്ങൾ, സ്വകാര്യ ആവശ്യത്തിനുള്ള ഓട്ടോറിക്ഷകൾ, ടാക്സി-ടൂറിസ്റ്റ് കാറുകൾ, സ്വകാര്യവാഹനങ്ങൾ എന്നിവയ്ക്കെല്ലാം ഇളവ് ലഭിക്കും.

10 ലക്ഷംവരെ വിലയുള്ള വാഹനങ്ങൾക്ക് മൂന്നുശതമാനവും 10-നും 20-നും ഇടയ്ക്ക് വിലയുള്ളവയ്ക്ക് അഞ്ചുശതമാനവും 20-നും 40-നും ഇടയ്ക്ക് വിലയുള്ളവയ്ക്ക് 10 ശതമാനവും നികുതി നൽകണം. 40 ലക്ഷത്തിനു മുകളിൽ വിലയുള്ളവയ്ക്ക് 15 ശതമാനമാണ് നികുതി. ഇ-വാഹനങ്ങൾ ബുക്ക് ചെയ്ത ഒട്ടേറെപ്പേർ ബജറ്റ് പ്രഖ്യാപനത്തെത്തുടർന്ന് വാഹനങ്ങൾ രജിസ്റ്റർചെയ്യാതെ കാത്തിരിക്കുകയായിരുന്നു.

ഏഴുലക്ഷം രൂപയ്ക്കുമുതൽ ഇലക്ട്രിക് കാറുകൾ ലഭ്യമാണ്. പുതിയ നിരക്കുപ്രകാരം 15 വർഷത്തേക്ക് 21,000 രൂപമുതൽ റോഡ് നികുതി നൽകിയാൽ മതിയാകും.

പഴയ വാഹനങ്ങൾ പൊളിച്ച് പുതിയത് വാങ്ങുന്നവർക്ക് റോഡ് നികുതിയുടെ 15 ശതമാനം ഇളവും ലഭിക്കും. ഇത് നേരത്തേയുള്ളതാണ്. അവർക്ക് രജിസ്ട്രേഷൻ നിരക്കുമില്ല. അംഗീകൃത പൊളിക്കൽ കേന്ദ്രങ്ങളിൽനിന്നു ലഭിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ പുതിയ വാഹനങ്ങൾ രജിസ്റ്റർചെയ്യുമ്പോൾ ഇളവ് ലഭിക്കും. രജിസ്ട്രേഷൻ ഫീസില്ല. ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് അഞ്ചുവർഷത്തേക്ക് 10 ശതമാനം നികുതി ഇളവ് ലഭിക്കും.

നേരത്തേ 15 ലക്ഷംവരെ വിലയുള്ള കാറുകൾക്ക് അഞ്ചുശതമാനമായിരുന്നു നികുതി. 15 ലക്ഷംമുതൽ 20 ലക്ഷംവരെ എട്ടു ശതമാനവും. 20 ലക്ഷത്തിനുമേൽ 10 ശതമാനമായിരുന്നു. വിലകൂടിയ കാറുകൾക്ക് ബജറ്റിൽ നികുതി ഉയർത്തിയപ്പോൾ വിലകുറഞ്ഞ കാറുകൾക്ക് കുറച്ചു.

# സുപ്രീംകോടതിയിൽ കേസ് ഫയലുകൾ ജഡ്ജിമാർക്കുനേരേ വലിച്ചെറിഞ്ഞ് ഹർജിക്കാരൻ

ന്യൂഡൽഹി: സ്വന്തമായി കേസ് വാദിക്കാനെത്തിയ ഹർജിക്കാരൻ സുപ്രീംകോടതി മുറിയിൽ കടലാസുകൾ വലിച്ചെറിയുകയും ചീഫ് ജസ്റ്റിസിനെതിരെ അസഭ്യം പറയുകയും ചെയ്ത് നാടകീയരംഗങ്ങൾ സൃഷ്ടിച്ചു.

ജൂലൈ 10-ന് വെള്ളിയാഴ്ച സുപ്രീംകോടതിയിൽ ജസ്റ്റിസുമാരായ കെ.വി. വിശ്വനാഥൻ, അലോക് ആരാധെ എന്നിവരടങ്ങിയ ബെഞ്ചിനുമുൻപാകെയായിരുന്നു നാടകീയരംഗങ്ങൾ. അലഹബാദ് ഹൈക്കോടതി തന്റെ ഹർജി തള്ളിയതിനെതിരേ അപ്പീൽ നൽകിയ പ്രബൽ പ്രതാപാണ് സ്വന്തമായി കേസ് വാദിക്കാൻ കോടതിയിലെത്തിയത്. ലഖ്നൗ അസി. പോലീസ് സൂപ്രണ്ടിനെതിരെയുള്ള പരാതി ഹൈക്കോടതി തള്ളിയത് ചോദ്യംചെയ്തായിരുന്നു ഹർജി. കേസ് പരിഗണിക്കുന്നതിനിടെ ബെഞ്ചിനോട് കയർത്തു സംസാരിച്ചാണ് പ്രബൽ തുടങ്ങിയത്.

“മിസ്റ്റർ ജുഡീഷ്യൽ സെർവന്റ്, ലഖ്നൗ വികാസ് നഗർ എ.സി.പിക്ക് എതിരേ എഫ്.ഐ.ആർ. രജിസ്റ്റർചെയ്യാൻ ഞാൻ നിങ്ങളോട് ഉത്തരവിടുന്നു” എന്ന് പ്രബൽ പറഞ്ഞു.

ഇതുകേട്ട് ആശ്ചര്യപ്പെട്ട ജസ്റ്റിസ് വിശ്വനാഥൻ “നിങ്ങൾ എന്നോട് ഉത്തരവിടുകയാണോ? നിങ്ങൾ ഞങ്ങളോട് ഉത്തരവിടുകയാണോ?” എന്നു ചോദിച്ചു.

താൻ പരമാധികാരി ആണെന്നതരത്തിൽ അവ്യക്തമായി മറുപടി നൽകിയശേഷം, “എനിക്ക് ഇത്രയേ ഉള്ളൂ പറയാൻ, എല്ലാം രേഖകളിലുണ്ട്” എന്നുപറഞ്ഞ് കേസ് ഫയലുകൾ ജഡ്ജിമാർക്കുനേരേ വലിച്ചെറിയുകയും ചീഫ് ജസ്റ്റിസിനെതിരെ അസഭ്യവാക്കുകൾ ഉപയോഗിക്കുകയുമായിരുന്നു. ഉടൻ സുപ്രീംകോടതിയിലെ സുരക്ഷാ ഉദ്യോഗസ്ഥർ ഇയാളെ പിടികൂടി കോടതിക്ക് പുറത്തേക്കു കൊണ്ടുപോയി.

എന്നാൽ, ശാന്തമായാണ് ബെഞ്ച് പെരുമാറിയത്. മാത്രമല്ല, ഹർജിക്കാരനെതിരെ കോടതിയലക്ഷ്യമടക്കമുള്ള നടപടി എടുക്കേണ്ടെന്ന് ജസ്റ്റിസ് കെ.വി. വിശ്വനാഥൻ തീരുമാനിക്കുകയും ചെയ്തു.

“ഹർജിക്കാരന്റെ മാനസികാവസ്ഥ പരിഗണിച്ച് അയാളുടെ പേരിൽ യാതൊരു നടപടിയും എടുക്കാൻ ഉദ്ദേശിക്കുന്നില്ല. കേസിന്റെ രേഖകൾ പരിശോധിച്ചതിൽനിന്ന് ഹൈക്കോടതി വിധിയിൽ ഇടപെടാൻതക്ക കാരണങ്ങളൊന്നും കണ്ടെത്താനായിട്ടില്ല. ഈ സാഹചര്യത്തിൽ ഹർജി തള്ളുന്നു” - എന്നുമാത്രം ജസ്റ്റിസ് കെ.വി. വിശ്വനാഥൻ വ്യക്തമാക്കി. ചീഫ് ജസ്റ്റിസ് സാധ്യതാ പട്ടികയിലുള്ള ജസ്റ്റിസ് കെ.വി. വിശ്വനാഥൻ പാലക്കാട് കൽപ്പാത്തിയിലാണ് ജനിച്ചത്.



# ചിക്കാഗോ സോഷ്യൽ ക്ലബിന്റെ അന്താരാഷ്ട്ര വടംവലി ടൂർണമെന്റിന്റെ കിക്കോഫ് മലയാള സിനിമാനടൻ ജയറാം നിർവഹിച്ചു

ചിക്കാഗോ: ചിക്കാഗോ സോഷ്യൽ ക്ലബിന്റെ 12-ാമത് അന്താരാഷ്ട്ര വടംവലി ടൂർണമെന്റിന്റെ ഔപചാരികമായ കിക്കോഫ് പ്രശസ്ത മലയാള ചലച്ചിത്ര സിനിമാനടൻ ജയറാം നിർവഹിച്ചു.

ചിക്കാഗോ സോഷ്യൽ ക്ലബ് ആസ്ഥാനത്ത് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വെച്ചാണ് കിക്കോഫ് കർമ്മം നിർവഹിക്കപ്പെട്ടത്. ടൂർണമെന്റിന്റെ മെഗാ സ്പോൺസർ

**അനിൽ മറ്റത്തിക്കുന്നേൽ**

ടോണി കിഴക്കേക്കുറ്റ് (എലൈറ്റ് ഗാമിംഗ്) കിക്കോഫിന്റെ സ്പോൺസർ സഞ്ജു പുളിക്കത്തൊട്ടിയിൽ (ലിങ്കൻ വുഡ്സ് മോർഗേജ്), ഒന്നാം സമ്മാനത്തിന്റെ സ്പോൺസർ ജോയി നെടിയകാലായിൽ, നാലാം സമ്മാനത്തിന്റെ സ്പോൺസർ ഷൈബു കിഴക്കേക്കുറ്റ് (മംഗല്യ ജൂവലേഴ്സ്), സജു കണ്ണമ്പി (ഒഫൻ പെട്രോളിയം), ബ്രാഡ് വിസിൻസ്കി (സിറ്റ്കോ പെട്രോളിയം) എന്നിവരിൽ നിന്നും ചെക്കുകൾ സ്വീകരിച്ചുകൊണ്ടാണ് ജയറാം കിക്കോഫ് കർമ്മം നിർവഹിച്ചത്.

ചിക്കാഗോ സോഷ്യൽ ക്ലബിന്റെ വടംവലി എല്ലാവർഷവും ശ്രദ്ധിക്കാറുണ്ടെന്നും ആഗോള മലയാളികളെ ഒരുമിച്ചുകൂട്ടി ഇത്തരമൊരു ടൂർണമെന്റ് സംഘടിപ്പിക്കുവാൻ സോഷ്യൽ ക്ലബ് കാണിക്കുന്ന നേതൃപാടവം അഭിനന്ദനങ്ങൾ അർഹിക്കുന്നുണ്ടെന്നും തന്റെ ഉദ്ഘാടനപ്രസംഗത്തിൽ ജയറാം പ്രസ്താവിച്ചു. സോഷ്യൽ ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പൻ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയി കാപ്പൻ, ജോ. സെക്രട്ടറി തോമസ് പൂത്തേട്ട്, ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ സിറിയക് കൂവക്കാട്ടിൽ, മുൻ പ്രസിഡണ്ടും ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ടും കൂടിയായ ജോസ് മണക്കാട്ട്, പിആർഒ അനിൽ മറ്റത്തിക്കുന്നേൽ എന്നിവരടക്കമുള്ള സോഷ്യൽക്ലബ് ഭാരവാഹികളും അംഗങ്ങളും കിക്കോഫ് ചടങ്ങിന് നേതൃത്വം നല്കി.

ചിക്കാഗോയിലെ വിവിധ മലയാളി സംഘടനകളുടെയും ക്ലബുകളുടെയും ഭാരവാഹികളും വടംവലി അഭ്യുദയകാംക്ഷികളും ചടങ്ങിൽ പങ്കെടുത്തു. സെപ്റ്റംബർ ആറിനാണ് ബെൻസൺവിൽ എനർജി സ്പോർസ് ക്ലബിൽ വെച്ച് ടൂർണമെന്റ് നടത്തപ്പെടുക. ഓസ്ട്രേലിയ, ഇറ്റലി, യുകെ. കുവൈറ്റ്, അയർലൻഡ്, കാനഡ തുടങ്ങിയ വിദേശരാജ്യങ്ങളിൽ നിന്നായി ടീമുകൾ വടംവലിയിൽ പങ്കുചേരുവാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

ഈ ടൂർണമെന്റിൽ പങ്കെടുക്കാനും സാക്ഷികളാകാനും ഏവരെയും ക്ഷണിക്കുന്നതായി സംഘാടക സമിതിക്കുവേണ്ടി ക്ലബ് പ്രസിഡണ്ട് ഡൊണാൾഡ് പൂക്കുമ്പൻ, ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ സിറിയക് കൂവക്കാട്ടിൽ എന്നിവർ അറിയിച്ചു.













# നാല്പതാമത് പിസിനാക് കോൺഫറൻസിന് ചിക്കാഗോയിൽ തിരശ്ശീല വീണു

**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: നാം പിന്തുടരുന്ന വിശ്വാസപ്രമാണങ്ങൾ അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുവാനുള്ള ആഹ്വാനത്തോടെ ചിക്കാഗോയിൽ ജൂലൈ 2 മുതൽ 5 വരെ നടന്ന നാല്പതാമത്തെ പിസിനാക് സമ്മേളനം സമാപിച്ചു. അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും കാനഡ, ഇന്ത്യ തുടങ്ങി മറ്റ് വിദേശ രാജ്യങ്ങളിൽ നിന്നുമായി പ്രതീക്ഷയോടെ എത്തിച്ചേർന്ന ആയിരക്കണക്കിന് വിശ്വാസികൾക്ക് വചനത്തിന്റെയും ആത്മാവിന്റെയും സമ്മിശ്രമായ അനുഭവങ്ങൾ നൽകിയാണ് ചിക്കാഗോ പിസിനാക് കോൺഫറൻസ് സമാപിച്ചത്.

ജൂലൈ 2-ന് വ്യാഴാഴ്ച വൈകിട്ട് ഡോ. ടൈറ്റസ് ഈപ്പന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച സമ്മേളനം നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ജെയിംസ് വർഗീസ് സങ്കീർത്തന ധ്യാനം നടത്തി. ഡോ. സതീഷ് കുമാർ, ഡോ. ടിങ്കു തോമസ് എന്നിവർ പ്രസംഗിച്ചു. നാഷണൽ ട്രഷറർ പ്രസാദ് ജോർജ് സിപിഎ സ്വാഗതപ്രസംഗം നടത്തി. തലമുറയിൽ നിന്ന് തലമുറയിലേക്ക് എന്ന തീമിനെ ആസ്പദമാക്കിയുള്ള ദൃശ്യാവിഷ്കാരത്തെ തുടർന്ന് ഷെർലി ചിക്കാഗോ രചിച്ച തീം സോങ് സംഗീതസംഘം ആലപിച്ചു. കേരള മുഖ്യമന്ത്രി വി.ഡി. സതീശന്റെ ആശംസ സന്ദേശം കുര്യൻ ഫിലിപ്പ് വായിച്ചു. തുടർന്നുള്ള രാത്രികളിൽ പാസ്റ്റർ അനീഷ് കൊല്ലം, ഡോ. സാബു വർഗീസ്, പാസ്റ്റർ ജോർജ് പി. ചാക്കോ, ഡോ. ഷിബു തോമസ് അറ്റ്ലാന്റാ, ഡോ. തോംസൺ കെ. മാത്യു, പാസ്റ്റർ ജോ തോമസ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ജോൺ തോമസ്, പാസ്റ്റർ ജോസഫ് വില്യം എന്നിവർ രാത്രി യോഗങ്ങളിൽ അദ്ധ്യക്ഷന്മാരായിരുന്നു. പാസ്റ്റർ ലോട്സൺ ആന്റണിയുടെ നേതൃത്വത്തിലുള്ള ഗായകസംഘം പ്രയ്സ് ആൻഡ് വർഷിപ്പിന് നേതൃത്വം നൽകി. വെള്ളിയാഴ്ച പകൽ നടന്ന ലേഡീസ് മീറ്റിങ്ങിന് സിസ്റ്റർ ജീന വിൽസൺ നേതൃത്വം നൽകി. ഡോ. ആനി ജോർജ്, സിസ്റ്റർ ജൂഡി പട്ടാശേരിൽ എന്നിവർ പ്രസംഗിച്ചു. ഡെയ്സി സഞ്ജു ജോൺ




സങ്കീർത്തനം വായിച്ചു. ജോയിസ് സ്റ്റീഫൻസൺ അനുഭവസാക്ഷ്യം പറഞ്ഞു.

വെള്ളിയാഴ്ച നടന്ന റൈറ്റേഴ്സ് ഫോറം മീറ്റിംഗിൽ പ്രസിഡണ്ട് രാജൻ ആര്യപ്പള്ളി അദ്ധ്യക്ഷനായിരുന്നു. റവ. ജോർജ് മാത്യു പുതുപ്പള്ളി അച്ചൻ മുഖ്യ സന്ദേശം നൽകി. റൈറ്റേഴ്സ് ഫോറം അവാർഡുകൾ അർഹരായവർക്ക് വിതരണം ചെയ്തു. കെ.എം. ഈപ്പൻ, പാസ്റ്റർ സാംകുട്ടി മത്തായി, സൂസൻ ബി. ജോൺ എന്നിവരുടെ വിശിഷ്ട സേവനങ്ങളെ മാനിച്ച് പ്രശംസാ പത്രങ്ങളും ഷാളുകളും നൽകി ആദരിച്ചു.

മറ്റ് സമ്മേളനങ്ങളിൽ പാസ്റ്റർ മാത്യു ഡി. ജോർജ്, റവ.ഡോ. ജോൺസൺ




ജോർജ്, ഡോ. സജി ഫിലിപ്പ്, ഡോ. സതീഷ് കുമാർ, പാസ്റ്റർ കോശി വൈദ്യൻ, ഡോ. സണ്ണി ഫിലിപ്പ്, പാസ്റ്റർ ഫിന്നി ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ജോബി ഡാനിയേൽ, പാസ്റ്റർ ജോയ് പുന്നൂസ്, പാസ്റ്റർ ഏബ്രഹാം ചാക്കോ, പാസ്റ്റർ ജോൺ തോമസ് എന്നിവർ വിവിധ സമ്മേളനങ്ങളിൽ അദ്ധ്യക്ഷന്മാരായിരുന്നു.

പാസ്റ്റർ റോയി വാകത്താനത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന തീം പ്രസന്റേഷൻ സെമിനാറിൽ പാസ്റ്റർമാരായ സേവിയർ ജെയിംസ്, മാത്യു വർഗീസ്, സണ്ണി താഴാംപള്ളം, ജോൺ ടി. കുര്യൻ, തോമസ് മാമ്മൻ എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. മിഷൻ സെമിനാറിൽ ഡോ. സജി ലൂക്കോസ് അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ സജി മാത്യു, പാസ്റ്റർ വൈ. യോഹന്നാൻ, പാസ്റ്റർ ബിജു വർഗീസ്, ഡോ. ബാബു ജോൺ എന്നിവർ നേതൃത്വം നൽകി.

വിവിധ സെമിനാറുകളിൽ ഡോ. സജി ഫിലിപ്പ്, ടൈറ്റസ് മാത്യു, പാസ്റ്റർ ബി.ഐ. സാമുവേൽ, പാസ്റ്റർ സന്തോഷ് തരിയൻ, പാസ്റ്റർ തോമസ് കുര്യൻ, മൈക് മാത്യു, ഡോ. ജോർജ് മാത്യു, ഡോ. വില്ലി ഏബ്രഹാം, സിസ്റ്റർ രേണു ഏബ്രഹാം, ഡോ. തോമസ് ഇടിക്കുള, ഡോ. സാം ജോർജ്, പ്രസാദ് ജോർജ് സിപിഎ, മൈക്കിൾ മാത്യു, തോമസ് വർഗീസ് സിപിഎ, റോയി മേപ്രാൽ സിപിഎ, ഡെവിൾ ഡാനിയൽ, കെ.ഒ. ജോസ് സിപിഎ, ഡോ. വിജി മാത്യു, ഡോ. സ്റ്റാൻലി ജോൺ, ഡോ. ഷോൺ കുര്യൻ, പാസ്റ്റർ ഫിൽസൺ തോമസ്, പാസ്റ്റർ ജെയിംസ് വർഗീസ്, ഡോ. തോമസ് ഇടിക്കുള, ഡോ. സാം ജോർജ്, ഡോ. സാക് വർഗീസ്, ഡോ. മാത്യു ടി. മാത്യു, പാസ്റ്റർ ജോൺ തോമസ്, പാസ്റ്റർ ജോസഫ് കെ. ജോസഫ്, സിസ്റ്റർ മിനി ജോൺസൺ, ഡോ. തോമസ് കിടങ്ങാലിൽ എന്നിവർ നേതൃത്വം നൽകി.

സ്ത്രീ ശാക്തീകരണ സെമിനാറിൽ ഡോ. ജ്യോതി ബെൻ, ഷെൻസി വർഗീസ്, ഡോ. സൂസൻ മാത്യു, ഷൈനി ഡാനിയേൽ, ഡോ. ജിൻസി ജോസഫ്, ഡോ. ആശ ജോൺ, ഡോ. ജോയ്സ് ജോസഫ് എന്നിവർ നേതൃത്വം നൽകി. കാത്തിരിപ്പ് യോഗങ്ങൾക്ക് പാസ്റ്റർ ബാബു കുമ്പഴ, പാസ്റ്റർ ആൻഡ്രൂസ് കെ.





ജോർജ്, പാസ്റ്റർ സാം പണിക്കർ, പാസ്റ്റർ അനീഷ് കൊല്ലം, പാസ്റ്റർ സാം ചുങ്കത്ത്, പാസ്റ്റർ എബി മാമ്മൻ, പാസ്റ്റർ ജോജി ജോൺ, ഡോക്ടർ അലക്സ് കോശി, ചാക്കോ തോമസ് എന്നിവർ നേതൃത്വം നൽകി.

വെള്ളിയാഴ്ച നടന്ന ജനറൽബോഡി മീറ്റിങ്ങിൽ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ, രാജു പൊന്നോലിൽ, ബിജു തോമസ് എന്നിവർ കഴിഞ്ഞ പിസിനാക് കോൺഫറൻസിന്റെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. പാസ്റ്റർ ജോർജ് മാത്യു പിസിനാക് ഫോക്കസ് ഗ്രൂപ്പിനെ കുറിച്ച് വിശദീകരിച്ചു.

സിസ്റ്റർ അന്നമ്മ നൈനാൻ നേതൃത്വം കൊടുത്ത ഗ്ലോബൽ പ്രയർ മീറ്റിംഗ്, പാസ്റ്റർ പി.സി. ചാണ്ടി നേതൃത്വം കൊടുത്ത ജമീസൺ സ്കൂൾ ഓഫ് മിനിസ്ട്രി, പാസ്റ്റർ തമ്പി മാത്യു നേതൃത്വം കൊടുത്ത ഓപിഎ ഫാമിലി മീറ്റ്, ബിജോയി ഫിലിപ്പ്, വെസ്ലി മാത്യു എന്നിവർ നേതൃത്വം കൊടുത്ത കോട്ടയം ബിലിവേഴ്സ് മീറ്റ്, പാസ്റ്റർ ടി.എസ്. കപ്പമാമൂട്ടിൽ നേതൃത്വം കൊടുത്ത കപ്പമാമൂട്ടിൽ ഫാമിലി മീറ്റ്, ഗ്ലാഡ്സൺ ചെറിയാൻ നേതൃത്വം കൊടുത്ത ആഞ്ഞിലിത്താനം മീറ്റ് തുടങ്ങിയ സൗഹൃദ കൂട്ടായ്മകളും കോൺഫറൻസിൽ ഉണ്ടായിരുന്നു.

നാല്പതാമത് പിസിനാകിനോട് അനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവനിയറിന്റെ കവർ പ്രകാശനം ശനിയാഴ്ച വൈകിട്ട് നടന്നു. പബ്ലിഷർ കുര്യൻ ഫിലിപ്പ്, ചീഫ് എഡിറ്റർ പാസ്റ്റർ തോമസ് മുല്ലക്കൽ എന്നിവർ നേതൃത്വം നൽകി. പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ കവർ ഏറ്റുവാങ്ങി. ഞായറാഴ്ച നടന്ന സമാപന സമ്മേളനത്തിൽ പാസ്റ്റർ ജിജു ഉമ്മൻ അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ പി.വി. മാമ്മന്റെ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ പാസ്റ്റർ ആൽവിൻ ഡേവിഡ് സങ്കീർത്തന ധ്യാനം നടത്തി. പാസ്റ്റർ മാത്യു കെ. ഫിലിപ്പ് തിരുവത്താഴ ശുശ്രൂഷയ്ക്കുള്ള സന്ദേശം നൽകി. പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർമാരായ പി.എസ്. മാത്യു, പ്രിൻസ് പോൾ, ജോൺസൺ ഫിലിപ്പ് എന്നിവർ അദ്ദേഹത്തെ സഹായിച്ചു.



**കുര്യൻ ഫിലിപ്പ്**
**(നാഷണൽ മീഡിയ കോ-ഓർഡിനേറ്റർ ചിക്കാഗോ പിസിനാക്)**

അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ നാല്പതോളം ശുശ്രൂഷകന്മാരുടെ സഹകരണത്തോടെ നടന്ന തിരുവത്താഴ ശുശ്രൂഷയ്ക്ക് ശേഷം ഡോ. വിൽസൺ വർക്കി, പാസ്റ്റർ തോമസ് എന്നിവർ പ്രസംഗിച്ചു. നാഷണൽ സെക്രട്ടറി സാം മാത്യു, ട്രഷറർ പ്രസാദ് ജോർജ്, ലേഡീസ് കൺവീനർ ജീന വിൽസൺ, ഇംഗ്ലീഷ് സെഷൻ കൺവീനർ ഡോ. ജോനാഥൻ ജോർജ് എന്നിവർ വിവിധ സമ്മേളനങ്ങളിൽ നന്ദി അർപ്പിച്ചു. യുവജനങ്ങൾ ധാരാളമായി പങ്കെടുത്ത ഇംഗ്ലീഷ് സെഷനിൽ പാസ്റ്റർ ജോൺ ബീവിയെർ, ഡോ. ജോയൽ മുടമല്ലെ, പാസ്റ്റർ ജയ്സൺ ജെസുദാസൻ എന്നിവർ മുഖ്യ പ്രസംഗകരായിരുന്നു. ഡോ. ജോനാഥൻ ജോർജ്, വെസ്ലി വർഗീസ്, പാസ്റ്റർ ആൽവിൻ ഉമ്മൻ, പാസ്റ്റർ സാംസൻ സാബു, ഡോ. വിൽസൺ ഏബ്രഹാം തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള ടീം അംഗങ്ങൾ പരിപാടികൾ ഏകോപിപ്പിച്ചു.

പാസ്റ്റർ കെ.വി. ഏബ്രഹാമിന്റെ ആശീർവാദത്തോടെയാണ് കോൺഫറൻസ് സമാപിച്ചത്. കേരളീയ ഭക്ഷണ വിഭവങ്ങൾ കൂടുതലായി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഭക്ഷണക്രമീകരണങ്ങൾ പങ്കെടുത്തവർക്ക് ഇഷ്ടപ്പെട്ടു. പ്രതീക്ഷിച്ചതിൽ കൂടുതലായി ധാരാളം ജനങ്ങൾ എത്തിച്ചേർന്നിരുന്നുവെങ്കിലും പങ്കെടുത്തവർക്കെല്ലാം അനുഗ്രഹവും സംതൃപ്തിയും ആയിരുന്നുവെന്ന് മാധ്യമ പ്രവർത്തകർ ഉൾപ്പെടെ പലരും സാക്ഷ്യപ്പെടുത്തി.





# വെസ്റ്റേൺ പെന്തെക്കോസ്ത് കോൺഫറൻസ് ജൂലൈ 16 മുതൽ എഡ്മണ്ടനിൽ

**പ്രസാദ് തീയാടിക്കൽ**

എഡ്മണ്ടൻ: കാനഡയിലെ എഡ്മണ്ടൻ, കാൽഗറി, വാൻകൂവർ എന്നീ പ്രവിശ്യകളും അമേരിക്കയിലെ സിയാറ്റിലും ഉൾപ്പെടുന്ന വെസ്റ്റേൺ പെന്തെക്കോസ്ത് കോൺഫറൻസിന്റെ മുപ്പത്തിയാറാമത് സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നതായി കോൺഫറൻസ് കൺവീനർ പാസ്റ്റർ സാം വർഗീസ് അറിയിച്ചു.

ജൂലൈ 16 മുതൽ 19 വരെ എഡ്മണ്ടൻ ലൈഫ് ചർച്ചാണ് കോൺഫറൻസ് വേദിയാകുന്നത്. കൺവീനർ പാസ്റ്റർ സാം വർഗീസ് കോൺഫറൻസ് ഉദ്ഘാടനം ചെയ്യും.

പാസ്റ്റർ ജോ തോമസ് ബാംഗ്ലൂർ മലയാളം വിഭാഗത്തിലും പാസ്റ്റർ നിരൂപ് അൽഫോൻസ് ഇംഗ്ലീഷ് വിഭാഗത്തിലും മുഖ്യ പ്രഭാഷകരാണ്. സിസ്റ്റർ രമ്യ സാറാ ജേക്കബ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. ലോകത്തിന്റെ വിവിധയിടങ്ങളിൽ നിന്നുമുള്ള സുവിശേഷകരും കോൺഫറൻസിൽ സന്ദേശങ്ങൾ നൽകും.

ദി സീസൺ ഓഫ് ഹാർവെസ്റ്റ് (ഇത് കൊയ്ത്തിന്റെ കാലം) എന്നതാണ് ചിന്താവിഷയം. ഈ കാലഘട്ടത്തിലെ ആത്മീയ - സാമൂഹിക ജീവിത സാഹചര്യങ്ങളിൽ സഭയുടെ നിസ്തുലമായ പങ്കും ദൗത്യവും വിശകലനം ചെയ്യുന്ന നിലയിലാണ് മുഖ്യ ചിന്താവിഷയവും ഉപവിഷയങ്ങളും ക്രമീകരിച്ചിരിക്കുന്നത്.

നിലം നന്നായി തയ്യാറാക്കി വിത്ത് വിതച്ചാൽ മികവാർന്ന ഫലം ലഭിക്കും എന്ന ചിന്ത കോൺഫറൻസിൽ വിവിധ സെഷനുകളിൽ വിശകലനം ചെയ്യപ്പെടും.

സമകാലിക സാഹചര്യങ്ങളെയും പ്രശ്നങ്ങളെയും കണ്ടുണർന്ന് നല്ല പ്രവർത്തനങ്ങളിലൂടെ നല്ല കൊയ്ത്തിനു സഭകളെ ഒരുക്കുക എന്നതാണ് കോൺഫറൻസിന്റെ ലക്ഷ്യം.

ഭാരവാഹികളായ ബ്രദർ റോണി സൈമൺ മാത്യൂസ് (സെക്രട്ടറി), ബ്രദർ ജിജി ഫിലിപ്പ് (ട്രഷറർ), ബ്രദർ ഗ്ലാഡ്വിൻ കോശി (യൂത്ത് ഡയറക്ടർ) എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മിറ്റികൾ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നു.

ജൂലൈ 16-ന് ആരംഭിക്കുന്ന കോൺഫറൻസ് ജൂലൈ 19-ന് ഞായറാഴ്ച സംയുക്ത സഭായോഗത്തോടും തിരുവത്താഴ ശുശ്രൂഷയോടും കൂടെ സമാപിക്കും.




# പിസിഎൻഎകെ 2028 ദേശീയ മീഡിയ ടീം നിലവിൽ വന്നു

**ഫിന്നി രാജു, ഹൂസ്റ്റൺ**

ഒക്‌ലഹോമ: 2028 ജൂൺ 29 മുതൽ ജൂലൈ 2 വരെ ഒക്‌ലഹോമയിൽ നടക്കുന്ന 41-ാമത് പെന്തെക്കോസ്തൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കൻ കേരളൈറ്റ്സ് (പിസിഎൻഎകെ) മഹാസമ്മേളനത്തിന്റെ വാർത്താ-മാധ്യമ പ്രവർത്തനങ്ങൾ കൂടുതൽ ഏകോപിതവും കാര്യക്ഷമവുമായി നടത്തുന്നതിനായി ദേശീയ മീഡിയ ടീമിന് രൂപം നൽകിയതായി സംഘാടകർ അറിയച്ചു.




കോൺഫറൻസ് ദേശീയ ഭാരവാഹികളായ കൺവീനർ പാസ്റ്റർ തേജസ് തോമസ്, സെക്രട്ടറി ബിനോയ് ഫിലിപ്പ് കരുമാങ്കൽ, ട്രഷറർ നിബു വെള്ളവന്താനം, ഇംഗ്ലീഷ് കോ-ഓർഡിനേറ്റർ പാസ്റ്റർ ഡെവിൻ ഡാനിയേൽ, ലേഡീസ് കോ-ഓർഡിനേറ്റർ ഡോ. ഗ്രേസ് ഗീവർഗീസ്, ജനറൽ കോ-ഓർഡിനേറ്റർ സാം തോമസ്, പ്രയർ കോ-ഓർഡിനേറ്റർ പാസ്റ്റർ മാത്യു സാമുവൽ, പബ്ലിക് റിലേഷൻസ് കോ-ഓർഡിനേറ്റർ ഷെറി കെ. ജോർജ്, മീഡിയ കോ-ഓർഡിനേറ്റർ ഫിന്നി രാജു ഹൂസ്റ്റൺ എന്നിവരുടെ നേതൃത്വത്തിലും സഹകരണത്തിലും മീഡിയ ടീം പ്രവർത്തിക്കും.

ഫിന്നി രാജു, ഹൂസ്റ്റൺ നാഷണൽ മീഡിയ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കും. ഡോ. ജോജി ഗീവർഗീസ് ഫ്ളോറിഡ വിഷ്വൽ മീഡിയ കോ-ഓർഡിനേറ്ററായും, സാം വർഗീസ് ജോർജിയ സോഷ്യൽ മീഡിയ കോ-ഓർഡിനേറ്ററായും, ഷിബു വർഗീസ് വെർജീനിയ ഗ്രാഫിക്സ് കോ-ഓർഡിനേറ്ററായും മീഡിയ ടീമിൽ സേവനമനുഷ്ഠിക്കും. ദേശീയ മഹാസമ്മേളനവുമായി ബന്ധപ്പെട്ട ഔദ്യോഗിക വാർത്തകൾ, പ്രസ് റിലീസുകൾ, ഫോട്ടോകൾ, വീഡിയോ ദൃശ്യങ്ങൾ, ഡിജിറ്റൽ പ്രചാരണം, സോഷ്യൽ മീഡിയ അപ്ഡേറ്റുകൾ എന്നിവയുടെ ആസൂത്രണവും ഏകോപനവും ദേശീയ മീഡിയ ടീമിന്റെ നേതൃത്വത്തിൽ നിർവഹിക്കും. സമ്മേളനത്തിന്റെ എല്ലാ ഔദ്യോഗിക വിവരങ്ങളും ലോകമെമ്പാടുമുള്ള മലയാളി പെന്തെക്കോസ്ത് സമൂഹത്തിലേക്ക് സമയബന്ധിതമായും വിശ്വസനീയമായും എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും മീഡിയ ടീം നേതൃത്വം നൽകും.

2028 ജൂലൈ പിസിഎൻഎകെ മഹാസമ്മേളനത്തിന്റെ വിജയത്തിനായി ദേശീയ സംഘാടക സമിതിയുമായി ചേർന്ന് ആധുനിക മാധ്യമ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുമെന്ന് മീഡിയ ടീം അറിയിച്ചു.

# പീറ്റർ കുളങ്ങരയും സിറിയക് കൂവക്കാട്ടും എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് അഡ്വൈസറി ചെയേഴ്സ്

**ജോസ് മണക്കാട്ട്**

ചിക്കാഗോ: 19-ാമത് എൻ.കെ. ലൂക്കോസ് വോളിബോൾ ടൂർണമെന്റിന്റെ അഡ്വൈസറി ചെയേഴ്സായി പീറ്റർ കുളങ്ങരയെയും സിറിയക് കൂവക്കാട്ടിനെയും തെരഞ്ഞെടുത്തു. സെപ്റ്റംബർ 5-ാം തീയതി ബെൻസൻ വില്ലയിലെ എനർജി സ്പോർട്സ് ക്ലബ്ബിൽ വെച്ച് നടത്തപ്പെടുന്ന എൻ.കെ. ലൂക്കോസ് മെമ്മോറിയൽ നാഷണൽ വോളിബോൾ ടൂർണമെന്റിന്റെ നല്ല നടത്തിപ്പിനായി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് ഈ അഡ്വൈസറി കമ്മിറ്റിയായിരിക്കും.


പീറ്റർ കുളങ്ങര


സിറിയക് കൂവക്കാട്ട്

2004-ൽ ചിക്കാഗോയിൽ വെച്ച് തുടക്കം കുറിച്ച എൻ.കെ. ലൂക്കോസ് മെമ്മോറിയൽ നാഷണൽ വോളിബോൾ ടൂർണമെന്റിന്റെ നാളിതുവരെ നടന്ന എല്ലാ ടൂർണമെന്റുകളിലും സുപ്രധാന പങ്കു വഹിച്ചവരാണ് ഇരുവരും. നോർത്ത് അമേരിക്കൻ മലയാളി ബോളിബോൾ ലോകത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഇവരുടെ കീഴിൽ ടൂർണമെന്റ് ചെയർമാനായി ജിനു പുന്നശ്ശേരിയും ജനറൽ കൺവീനറായി മാത്യു തട്ടാമറ്റവും പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. നോർത്ത് അമേരിക്കയിലെ വോളിബോൾ കായികപ്രേമികളെ സെപ്റ്റംബർ 5-ാം തീയതി നടക്കുന്ന ഈ ടൂർണമെന്റിലേക്ക് സംഘാടക സമിതി സ്വാഗതം ചെയ്യുന്നു.






KERALA EXPRESS പ്രവാസി താളുകൾ

# 105-ാമത് ക്നാനായ മലങ്കര കത്തോലിക്കാ പുനരൈക്യ വാർഷികം ആഘോഷിച്ചു

## ക്രൈസ്തവ സമൂഹത്തിന് ക്നാനായ മലങ്കര കത്തോലിക്കർ മാതൃകയെന്ന് മന്ത്രി രമേശ് ചെന്നിത്തല

സജി വെള്ളവന്താനം

ചെങ്ങന്നൂർ: ക്നാനായ മലങ്കര കത്തോലിക്കർ ക്രൈസ്തവ സമൂഹത്തിന് എന്നും വലിയൊരു മാതൃകയാണെന്നും അവർ സമൂഹത്തിനു നല്കിവരുന്ന സംഭാവനകൾ മഹത്വരമാണെന്നും ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. 105-ാമത് ക്നാനായ മലങ്കര കത്തോലിക്കാ പുനരൈക്യ വാർഷികം കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ മലങ്കര കത്തോലിക്കാ മെത്രാസന ദേവാലയത്തിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കോട്ടയം അതിരൂപതാ സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം അദ്ധ്യക്ഷത വഹിച്ചു. കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ മുഖ്യപ്രഭാഷണം നടത്തി.



കൂടുതൽ മക്കളുള്ള ദമ്പതികളെയും വിവിധ മേഖലകളിൽ മികവ് തെളിയിച്ച പ്രതിഭകളെയും അദ്ദേഹം ആദരിച്ചു. കാരുണ്യ ഫണ്ടിന്റെ ഉദ്ഘാടനവും നടത്തി. സുധീർ നെടിയുഴത്തിൽ നിന്ന് ഫണ്ട് ഏറ്റുവാങ്ങി. മലങ്കര ഫൊറോന വികാരി ഫാ റെന്നി കട്ടേൽ, കെസിസി മലങ്കര ഫൊറോനാ പ്രസിഡണ്ട് സാബു പാറാനിക്കൽ, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം സജി വെള്ളവന്താനം, പ്രോഗ്രാം കോ-ഓർഡിനേറ്റർ സൽവി തയിൽ തുടങ്ങിയവർ പ്രസംഗിച്ചു. വാർഷികാഘോഷങ്ങളുടെ ഭാഗമായി വിവിധ പള്ളികളിലെ അംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികളും അരങ്ങേറി. ആഘോഷപരിപാടികൾക്ക് ഫാ. ജിലേഷ് പുഴക്കരോട്ട്, പാരിഷ് ഭാരവാഹികൾ, സുധീർ നെടിയുഴത്തിൽ, റജി കിഴക്കേപറമ്പിൽ, സിസ്റ്റർ എബിൻ എന്നിവർ നേതൃത്വം നല്കി.



























# ഡാളസിൽ രാജ്യാന്തര 56 ചീട്ടുകളി മത്സരം: ഒരുക്കങ്ങൾ പൂർത്തിയായി

മാർട്ടിൻ വിലങ്ങോലിൽ

ഡാളസ്: ഡാളസ് ക്രിസ്റ്റ് ദ കിംഗ് ക്നാനായ പള്ളി പാരാഷ് ഹാളിൽ വെച്ച് നടത്തുന്ന രാജ്യാന്തര 56 ചീട്ടുകളി മത്സര മഹോത്സവത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി സംഘാടകർ അറിയിച്ചു. ടൂർണമെന്റിലേക്ക് ഇതിനോടകം തന്നെ നിരവധി ടീമുകൾ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്.

കളിയിൽ വിജയിക്കുന്നവർക്ക് ആകർഷകമായ ട്രോഫികളും വൻതുകയുടെ ക്യാഷ് അവാർഡുകളും സമ്മാനിക്കുന്നതായിരിക്കും. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കളിക്കാർക്കൊപ്പം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രവാസി ചീട്ടുകളി പ്രേമികളും ഈ ആവേശകരമായ മത്സരത്തിൽ പങ്കെടുക്കാൻ എത്തും.

1999-ൽ ഡിട്രോയിറ്റിൽ തുടക്കം കുറിച്ച ഈ ബൗദ്ധിക വിനോദം, ഇന്ന് ലോകമെമ്പാടുമുള്ള മലയാളി ചീട്ടുകളി പ്രേമികളുടെ ഏറ്റവും വലിയ സാംസ്കാരിക സൗഹൃദ കൂട്ടായ്മയായി വളർന്നിരിക്കുകയാണ്. വിവിധ മലയാളി സംഘടനകളുടെ കൂട്ടായ്മ ഉറപ്പുവരുത്തുക, ആരോഗ്യകരമായ മത്സരങ്ങളിലൂടെ ബുദ്ധിശക്തിയും മാനസിക ഏകാഗ്രതയും വർദ്ധിപ്പിക്കുക, അതോടൊപ്പം സൗഹൃദം പുതുക്കുക, അതുവഴി പൊതുവായ വിഷയങ്ങളിൽ ആശയവിനിമയം സാധ്യമാക്കുക എന്നിവയാണ് സംഘാടകർ ഇതിലൂടെ ലക്ഷ്യമിടുന്നത്.

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും ദേശീയ ഭാരവാഹികളുമായി ബന്ധപ്പെടുക:

**ദേശീയ കോ-ഓർഡിനേറ്റർമാർ:**

മാത്യു ചെരുവിൽ (ചെയർപേഴ്സൺ, ഡിട്രോയിറ്റ്)- (586) 206-6164

കുര്യൻ നെല്ലാമറ്റം (വൈസ് ചെയർമാൻ, ചിക്കാഗോ)- (630) 664-9405

സാം ജെ. മാത്യു (കാനഡ)- (416) 893-5862

രാജൻ മാത്യു (ഡാളസ്)- (469) 855-2733

നിതിൻ ഈപ്പൻ (കണക്റ്റികട്ട്)- (203) 298-8096

സാബു സ്കറിയ (ഫിലാഡൽഫിയ)- (267) 980-7923

**ദേശീയ സാങ്കേതികവിഭാഗം കോ-ഓർഡിനേറ്റർമാർ:**

ബിനോയ് ശങ്കരത്ത് (വാഷിംഗ്ടൺ ഡി.സി)- (703) 981-1268

ആൽവിൻ ഷിക്കോർ (ചിക്കാഗോ)- (630) 274-5423

**ഡാളസ് 2026 ടൂർണമെന്റ് കോ-ഓർഡിനേറ്റർമാർ:**

ഷാജി പഴുക്കായിൽ (ചെയർപേഴ്സൺ)- (972) 768-1454

ഷിബു ജെയിംസ് (ടൂർണമെന്റ് കോ-ഓർഡിനേറ്റർ)- (469) 774-3339

ഓൺലൈൻ രജിസ്ട്രേഷനായി വെബ്സൈറ്റ് സന്ദർശിക്കുക:


**www.56international.com**




# ജോർജ് തോമസ് പുല്ലാപ്പള്ളിൽ ഫോമാ ഹോളിവുഡ് ആർവിപിയായി മത്സരിക്കുന്നു

ബിജു ജോർജ്

ലോസ് ആഞ്ചലസ്: സാമൂഹിക മേഖലകളിൽ കാൽ നൂറ്റാണ്ടായി നിറസാന്നിധ്യമായ ജോർജ് തോമസ് (ജോർജുകുട്ടി തോമസ് പുല്ലാപ്പള്ളിൽ) ഫോമായുടെ 2026-28 വർഷത്തെ ഹോളിവുഡ് റീജിയണൽ വൈസ് പ്രസിഡണ്ടായി മത്സരിക്കുന്നു. നിലവിൽ ഫോമായുടെ വെസ്റ്റേൺ റീജിയനിൽ നിന്നുള്ള നാഷണൽ കമ്മിറ്റി മെമ്പറാണ്. കേരളാ അസോസിയേഷൻ ഓഫ് ലോസ് ആഞ്ചലസ് (KALA) കമ്മിറ്റി ഐക്യകണ്ഠ്യേന ജോർജുകുട്ടിയെ എൻഡോഴ്സ് ചെയ്തു.




കലയുടെ വിവിധ കമ്മികളിൽ പ്രവർത്തിക്കുകയും, അമേരിക്കയിലും കേരളത്തിലുമായി നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്ന ജോർജുകുട്ടി ഫോമായുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായിരിക്കുമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

ഫോമായുടെ കഴിഞ്ഞ കാലങ്ങളിൽ നടന്ന കൺവൻഷൻ കമ്മിറ്റികളിൽ പ്രവർത്തിക്കുകയും വെസ്റ്റേൺ റീജിയനിൽ സുപരിചിതനുമായ ജോർജുകുട്ടി നിലവിൽ ഗ്ലോബൽ കാത്തലിക് കോൺഗ്രസ് വൈസ് പ്രസിഡണ്ടുമാണ്. കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക ബോർഡ് ചെയർമാൻ, നാഷണൽ വൈസ് പ്രസിഡണ്ട്, നാഷണൽ ട്രഷറർ എന്നീ നിലകളിലും തന്റെ നേതൃപാടവം തെളിയിച്ചു.

കേരള ക്രിസ്ത്യൻ ഫെലോഷിപ്പ് ഓഫ് സതേൺ കാലിഫോർണിയ ട്രഷറർ ആണ്. ലോസ് ആഞ്ചലസിലെ സെന്റ് തോമസ് സീറോ മലബാർ ഫൊറോന പള്ളി സ്ഥാപക മെമ്പർ, പാരീഷ് കൗൺസിസ് അംഗം, ട്രസ്റ്റി, വിവിധ ധനശേഖരണ കമ്മിറ്റി കൺവീനർ, ചിക്കാഗോ രൂപതാ എപ്പാർക്കിയൽ അസംബ്ലി മെമ്പർ എന്നീ നിലകളിൽ സേവനം ചെയ്തു.

കേരള വിദ്യാർത്ഥി കോൺഗ്രസിലൂടെ കോളജ് രാഷ്ട്രീയത്തിൽ സജീവമായി. കോളജ് യൂണിയൻ സെക്രട്ടറിയും ആയിരുന്നു.

കൈസർ പെർമനന്റ് ഹോസ്പിറ്റലിൽ റേഡിയോളജി ടെക് ആയി ജോലി ചെയ്യുന്നു. കുടുംബ സമേതം ലോസ് ആഞ്ചലസിൽ താമസം. കോട്ടയം ജില്ലയിലെ കുറുപ്പന്തറ സ്വദേശിയാണ്.

അമേരിക്കയിലുടനീളം വലിയൊരു സുഹൃദ് ബന്ധവും വിവിധ മേഖലകളിൽ പ്രവർത്തന പരിചയവുമുള്ള ജോർജുകുട്ടിയുടെ വിജയത്തിനായി എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നതായി കേരള അസ്സോസ്സിയേഷൻ ഓഫ് ലോസ് ആഞ്ചലസ് സെക്രട്ടറി ബിജു ജോർജ് പെരുമ്പള്ളിൽ അറിയിച്ചു.

# 2028 പി.സി.എൻ.എ.കെയ്ക്ക് ഒക്‌ലഹോമ വേദിയാകും; കൺവീനർ പാസ്റ്റർ തേജസ് തോമസ്, സെക്രട്ടറി ബിനോയ് ഫിലിപ്പ് കരുമാങ്കൽ

ഫിന്നി രാജു, ഹൂസ്റ്റൺ

ഒക്‌ലഹോമ: വടക്കെ അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് കൂട്ടായ്മകളുടെ ആത്മീയ മഹാസംഗമമായ പെന്തെക്കോസ്തൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കൻ കേരളൈറ്റ്സ്, പിസിഎൻഎകെയുടെ 41-ാമത് മഹാസമ്മേളനം 2028 ജൂൺ 29 മുതൽ ജൂലൈ 2 വരെ അമേരിക്കയിലെ ഒക്‌ലഹോമയിൽ നടക്കും. 'Rooted in Faith – United in Spirit' എന്നതാണ് സമ്മേളനത്തിന്റെ പ്രമേയം. ഇതിന്റെ മലയാളം 'വിശ്വാസത്തിൽ വേരൂന്നി-ആത്മാവിൽ ഒന്നായി' എന്നാണ്.



ചിക്കാഗോയിൽ നടന്ന പിസിഎൻഎകെ ജനറൽ ബോഡി യോഗത്തിൽ 2028-ലെ ദേശീയ മഹാസമ്മേളനത്തിനായുള്ള പ്രാഥമിക ദേശീയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ തേജസ് തോമസിനെ നാഷണൽ കൺവീനറായും ബിനോയ് ഫിലിപ്പ് കരുമാങ്കലിനെ നാഷണൽ സെക്രട്ടറിയായും നിബു വെള്ളവന്താനത്തെ നാഷണൽ ട്രഷററായും പാസ്റ്റർ ഡെവിൻ ഡാനിയേലിനെ ഇംഗ്ലീഷ് കോ-ഓർഡിനേറ്ററായും ഡോ. ഗ്രേസ് ഗീവർഗീസിനെ ലേഡീസ് കോ-ഓർഡിനേറ്ററായും സാം തോമസിനെ ജനറൽ കോ-ഓർഡിനേറ്ററായും പാസ്റ്റർ മാത്യു സാമുവലിനെ പ്രയർ കോ-ഓർഡിനേറ്ററായും ഷെറി കെ. ജോർജിനെ പബ്ലിക് റിലേഷൻസ് കോ-ഓർഡിനേറ്ററായും ഫിന്നി രാജു ഹൂസ്റ്റണിനെ നാഷണൽ മീഡിയ കോ-ഓർഡിനേറ്ററായും തെരഞ്ഞെടുത്തു. വിപുലമായ ദേശീയ കമ്മിറ്റിയും ഒക്‌ലഹോമ ലോക്കൽ സംഘാടക സമിതിയും വിവിധ സബ് കമ്മിറ്റികളും പിന്നീട് പ്രഖ്യാപിക്കുമെന്ന് സംഘാടകർ അറിയിച്ചു.

വടക്കെ അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ആയിരക്കണക്കിന് വിശ്വാസികൾ പങ്കെടുക്കുന്ന നാല് ദിവസത്തെ മഹാസമ്മേളനത്തിൽ ആത്മീയസന്ദേശങ്ങൾ, പൊതുസമ്മേളനങ്ങൾ, ആരാധന, സംഗീത ശുശ്രൂഷകൾ, കുടുംബസംഗമം, വനിതാ സമ്മേളനം യുവജന-കുട്ടികളുടെ പ്രത്യേക സമ്മേളനങ്ങൾ തുടങ്ങി വൈവിധ്യമാർന്ന ആത്മീയ പരിപാടികൾ നടക്കും. വടക്കെ അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് വിശ്വാസ സമൂഹത്തിന്റെ ഏറ്റവും വലിയ ആത്മീയ സംഗമങ്ങളിലൊന്നായി ഈ മഹാസമ്മേളനം മാറുമെന്ന് സംഘാടകർ പ്രത്യാശ പ്രകടിപ്പിച്ചു.

# കർദ്ദിനാൾ കൂവക്കാടിന് ഹൂസ്റ്റൺ ക്നാനായ കത്തോലിക്കാ പള്ളിയിൽ ഉജ്ജ്വല സ്വീകരണം









**ബിബി തെക്കനാട്ട്**

ഹൂസ്റ്റൺ: ചങ്ങനാശ്ശേരി അതിരൂപതാംഗവും വത്തിക്കാന്റെ അന്തർദ്ദേശീയ മത സൗഹാർദ്ദ കാര്യാലയത്തിന്റെ (Dicastery for Interreligious Dialogue) പ്രിഫെക്ടുമായ കർദ്ദിനാൾ മാർ ജോർജ് കൂവക്കാടിന് ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന ഇടവകയിൽ ആവേശോജ്ജ്വലമായ സ്വീകരണം നൽകി. ജൂലൈ 5-ന് ഞായറാഴ്ച രാവിലെ 11.15-ന് ദേവാലയാങ്കണത്തിൽ എത്തിയ കർദ്ദിനാളിനെ വികാരി ഫാ. അബ്രാഹം മുത്തോലത്ത്, അസിസ്റ്റന്റ് വികാരി ഫാ. ജോഷി വലിയവീട്ടിൽ, കൈക്കാരന്മാർ, സിസ്റ്റേഴ്സ്, ഇടവകജനം എന്നിവർ ചേർന്ന് സ്നേഹത്തോടെ സ്വീകരിച്ച് ആനയിച്ചു.



തുടർന്ന് കർദ്ദിനാൾ മാർ ജോർജ് കൂവക്കാടിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ചുകൊണ്ട് വിശുദ്ധ മാർതോമാശ്ലീഹായുടെ തിരുനാൾ ഭക്തിപൂർവ്വം ആഘോഷിച്ചു. വികാരി ഫാ. അബ്രാഹം മുത്തോലത്ത്, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

വിശുദ്ധ കുർബാന മധ്യേ നൽകിയ വചനസന്ദേശത്തിൽ, അന്തരിച്ച ഫ്രാൻസിസ് മാർപാപ്പയുമായുള്ള തന്റെ വ്യക്തിപരമായ അനുഭവങ്ങളും അദ്ദേഹത്തിന്റെ നന്മകളും കർദ്ദിനാൾ പങ്കുവെച്ചു. ഒപ്പം, കത്തോലിക്കാ വിശ്വാസവും ക്നാനായ പാരമ്പര്യങ്ങളും തനിമ ചോരാതെ കാത്തുസൂക്ഷിക്കുന്ന ക്നാനായ സമൂഹത്തെ അദ്ദേഹം പ്രത്യേക അഭിനന്ദിച്ചു.

സഭയിലെ ഉന്നത പദവികളിലേക്ക് ഉയർത്തപ്പെട്ട കർദ്ദിനാൾ മാർ ജോർജ് കൂവക്കാടിന് ഇടവക ട്രസ്റ്റി കോ-ഓർഡിനേറ്റർ സജി മാരങ്ങാട്ടിലിന്റെ നേതൃത്വത്തിലുള്ള പാരിഷ് കൗൺസിൽ അംഗങ്ങൾ പൂച്ചെണ്ടു നൽകി ആദരവും അഭിനന്ദനങ്ങളും അറിയിച്ചു. ചടങ്ങിൽവെച്ച് ഇടവകയിലെ സീനിയർ സിറ്റിസൺസ് മിനിസ്ട്രി അംഗങ്ങളെയും അൾത്താര ശുശ്രൂഷകരെയും അദ്ദേഹം പ്രത്യേകം ആശീർവദിച്ചു. വികാരി ഫാ. മുത്തോലത്ത് കർദ്ദിനാളിനെ അനുമോദിക്കുകയും നന്ദി അർപ്പിക്കുകയും ചെയ്തു.

ചെത്തിപ്പുഴ സ്വദേശിയായ മാർ ജോർജ് കൂവക്കാട് 2004-ലാണ് പൗരോഹിത്യം സ്വീകരിച്ചത്. ഉപരിപഠനശേഷം വത്തിക്കാന്റെ നയതന്ത്ര വിഭാഗത്തിൽ (Diplomatic Service) സേവനമനുഷ്ഠിച്ച അദ്ദേഹം അൾജീരിയ, കൊറിയ, ഇറാൻ, കോസ്റ്റാറിക്ക, വെനിസ്വേല എന്നീ രാജ്യങ്ങളിൽ വത്തിക്കാൻ പ്രതിനിധിയായി ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി.

ഫ്രാൻസിസ് മാർപാപ്പയുടെ ഇറ്റലിക്ക് പുറത്തേക്കുള്ള അപ്പോസ്തലിക് യാത്രകളുടെ പ്രധാന സംഘാടകനായിരുന്നു അദ്ദേഹം. 2024-ൽ ആർച്ചുബിഷപ്പായും തുടർന്ന് കർദ്ദിനാളായും ഫ്രാൻസിസ് മാർപാപ്പ അദ്ദേഹത്തെ ഉയർത്തി. 2025 ജനുവരിയിലാണ് അദ്ദേഹം ഡിക്കാസ്റ്ററി ഫോർ ഇന്റർ റിലീജിയസ് ഡയലോഗ് പ്രിഫെക്ടായി ചുമതലയേറ്റത്.

സിസ്റ്റർ റെജി, സജി മാരങ്ങാട്ടിൽ, സാബു കറുകപ്പറമ്പിൽ, ജെയിംസ് വടക്കേക്കര, നിധിൻ വട്ടമറ്റത്തിൽ, ജോസ് പുളിക്കത്തൊട്ടിയിൽ, ബിബി തെക്കനാട്ട്, ജോസ് താന്നിച്ചുവട്ടിൽ, ജോസ് കുറുപ്പംപറമ്പിൽ എന്നിവരുടെ നേതൃത്വത്തിലാണ് സ്വീകരണ പരിപാടികൾ വിജയകരമായി സംഘടിപ്പിച്ചത്.









കേരളാ എക്സ്പ്രസ് KERALA EXPRESS
വാരാന്ത്യം

# ബേപ്പൂർ സുൽത്താന്റെ ഓർമ്മകളിൽ ആലാ ഗ്രാമവും വിദ്യാലയവും



**അനിൽ പെണ്ണുക്കര**

പ്രകൃതിയെയും മനുഷ്യനെയും ഒരുപോലെ സ്നേഹിച്ച ബേപ്പൂർ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീറിന്റെ ഓർമ്മകൾക്ക് മുന്നിൽ പ്രണാമമർപ്പിച്ച് ചെങ്ങന്നൂർ, ആലാ ജി. എച്ച്. എസ്. എസിലെ ഒരു കൂട്ടം മിടുക്കന്മാരും മിടുക്കികളുമായ വിദ്യാർത്ഥികൾ. പീപ്പിൾസ് ലൈബ്രറി നെടുവരംകോടും 'മുഖം' മാസികയും സംയുക്തമായി വിദ്യാലയത്തിൽ സംഘടിപ്പിച്ച ബഷീർ അനുസ്മരണ ചടങ്ങ് കേവലമൊരു ചടങ്ങെന്നതിനപ്പുറം വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയുടെ ഉത്സവമായി മാറി.

കുട്ടികളുടെ എണ്ണത്തിൽ പൊതുവേ കുറവുള്ള ആലാ സ്കൂളിനെ അക്കാദമികമായും സാംസ്കാരികമായും മുൻപന്തിയിൽ എത്തിക്കാനുള്ള ഊർജ്ജസ്വലമായ ശ്രമങ്ങളുടെ ഭാഗമായാണ് വിദ്യാലയ മുറ്റത്ത് ഇത്തരമൊരു ഗംഭീര പരിപാടി ഒരുക്കിയത്. അധ്യാപകരുടെയും പി.ടി.എ ഭാരവാഹികളുടെയും വിദ്യാർത്ഥികളുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനം ഈ കൂട്ടായ്മയെ ഏറെ മനോഹരമാക്കി.

വിദ്യാർത്ഥികൾ അവതരിപ്പിച്ച അനുസ്മരണ പ്രസംഗം, ഗാനാലാപനം എന്നിവയ്ക്ക് പുറമേ ബഷീർ കൃതികളിലെ അനശ്വരങ്ങളായ സ്ത്രീ കഥാപാത്രങ്ങൾ വേദിയിൽ അണിനിരന്നത് കാണികളിൽ കൗതുകമുണർത്തി.

സുൽത്താന്റെ വിഖ്യാത കൃതിയായ 'മതിലുകൾ' എന്ന നോവലിലെ ഒരു ഭാഗത്തിന്റെ ദൃശ്യാവിഷ്കാരം കുട്ടികൾ മികച്ച രീതിയിൽ വേദിയിലെത്തിച്ചു. ആഴ്ചകളോളം നീണ്ട വലിയ ഒരുക്കങ്ങളോ റിഹേഴ്സലുകളോ ഇല്ലാതെ തന്നെ, അധ്യാപകരുടെ കൃത്യമായ മാർഗ്ഗനിർദ്ദേശത്തിൽ കുട്ടികൾ ഈ ദൃശ്യാവിഷ്കാരം അനായാസം അവതരിപ്പിച്ചത് ഏറെ അഭിനന്ദനാർഹമായി.

ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തിയ 'മുഖം' മാഗസിൻ എഡിറ്ററും കേരളാ എക്സ് പ്രസ് ഡോട്ട് കോം എഡിറ്റർ ശ്രീ. അനിൽ പെണ്ണുക്കര കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി വേറിട്ടൊരു പദ്ധതി മുന്നോട്ടു വെച്ചു. 'മുഖം' ബുക്സ് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ വായിച്ച് കുട്ടികൾ തയ്യാറാക്കുന്ന 53-ഓളം പുസ്തക നിരൂപണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പുതിയൊരു പുസ്തകം പുറത്തിറക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കുട്ടികളെ വെറും വായനക്കാരല്ല, മറിച്ച് മികച്ച ആസ്വാദകരും നിരൂപകരുമാക്കാൻ ഇത്തരം എഴുത്തുശാലകൾ സഹായിക്കും.

പി.ടി.എ വൈസ് പ്രസിഡന്റ് ശ്രീ. ഷിബുകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന അനുസ്മരണ യോഗം ലൈബ്രറി കൗൺസിൽ ആലപ്പുഴ ജില്ല ജോയിന്റ് സെക്രട്ടറി ശ്രീ. ഷാജ് ലാൽ ഉദ്ഘാടനം ചെയ്തു. ജനയുഗം പത്രാധിപ സമിതിയംഗം ശ്രീ. സനിൽ രാഘവൻ, പീപ്പിൾസ് ലൈബ്രറി നെടുവരംകോട് പ്രസിഡന്റ് ശ്രീ. കെ.ഡി. രാധാകൃഷ്ണക്കുറുപ്പ് എന്നിവർ ബഷീർ അനുസ്മരണ പ്രഭാഷണം നടത്തി.

സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി അനു സൂസൻ വറുഗീസ് സ്കൂളിന്റെ തനത് പ്രവർത്തനങ്ങൾ വിശദീകരിച്ചു. സ്റ്റാഫ് സെക്രട്ടറി ശ്രീ. തോമസ് ജി. ആശംസകൾ അർപ്പിച്ചു സംസാരിച്ചു. വിദ്യാർത്ഥികളെ മികച്ച രീതിയിൽ പരിപാടികൾക്കായി ഒരുക്കിയ ഹെഡ്മിസ്ട്രസ് അനു സൂസൻ വർഗീസിന്റേയും മറ്റ് അധ്യാപകരുടെയും നേതൃപാടവം പ്രത്യേകം പ്രശംസ പിടിച്ചുപറ്റി.

കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന ഇത്തരം പരിപാടികൾ ആലാ സ്കൂളിന്റെ വരും ദിനങ്ങളിലെ വളർച്ചയ്ക്ക് വലിയൊരു കോപ്പുകൂട്ടലാകും എന്നതിൽ തർക്കമില്ല. കൂടുതൽ കുട്ടികൾ ഈ വിദ്യാലയത്തിലേക്ക് കടന്നുവരാനും, ആലാ സ്കൂൾ അതിന്റെ പഴയകാല പ്രൗഢിയിലേക്കും ഗാംഭീര്യത്തിലേക്കും എത്രയും വേഗം തിരിച്ചെത്താനും ഇത്തരം കൂട്ടായ്മകൾക്ക് സാധിക്കട്ടെ എന്ന് പ്രത്യാശിക്കാം.













ഷിബു ഗോപാലകൃഷ്ണൻ

# മിശിഹായുടെ മൂന്നാമത്തെ അത്ഭുതം

കേരളാ എക്സ്പ്രസ് വാരാന്ത്യം




ജർമനി ഫാൻസും ബ്രസീൽ ഫാൻസും പോർച്ചുഗൽ ഫാൻസും ഇന്ന് ഈജിപ്ത് ഫാൻസ് ആയിരുന്നു.

ഇന്ന് മുഴങ്ങിക്കേട്ട ഈജിപ്തിന്റെ ആരവം, എങ്ങനെയും അർജന്റീന തോറ്റു കാണണം എന്നാഗ്രഹിക്കുന്നവരുടെ കൂട്ടായ്മ ആയിരുന്നു.

മെസ്സിയുടെ കാലിൽ നിന്നും പെനാൽറ്റി നഷ്ടപ്പെട്ടപ്പോൾ നിങ്ങൾ നുരഞ്ഞു പൊന്തി; മാക് അലിസ്റ്ററുടെ ഹെഡർ പൊലിഞ്ഞു വീണപ്പോൾ നിങ്ങൾ ഉറഞ്ഞു തുള്ളി; അൽവാരസിന്റെ ഉന്നം ഗോൾകീപ്പർ തടുത്തിട്ടപ്പോൾ, നിങ്ങളുടെ ചിരി കരയും കടലും കവിഞ്ഞു.

ഈജിപ്തിന്റെ ഓരോ ഗോളും നിങ്ങൾ ആഘോഷിച്ചത് മെസ്സിയുടെ കുരിശാരോഹണം പോലെ ആയിരുന്നു; മിശിഹാക്ക് കുരിശാരോഹണം പുത്തരിയല്ല, കുഞ്ഞാടുകളെ!

ന്യായവിധിയുടെ നിമിഷത്തിൽ അന്തിമ കാഹളം അർജന്റീനക്ക് അനുകൂലമായിരിക്കുമെന്ന് അശരീരി കിട്ടിയവരെ പോലെ, വ്യാകുലപ്പെടാതെ ഞങ്ങൾ ശാന്തരായിരുന്നു.

കാൽപന്ത് ഒരു മതമാണെങ്കിൽ, അതാണ് ലോകത്തെ ഏറ്റവും വലിയ മതം. അതിന്റെ മിശിഹാ ആണ് മൈതാനത്ത് നിൽക്കുന്നത്. ഏകദൈവമായ അവനിൽ വിശ്വസിക്കുക; നിനക്ക് ഒരുനാളും മുട്ടുണ്ടാവുകയില്ല. ടിവിയുടെ മുന്നിൽ ഞങ്ങൾ മുട്ടുകുത്തി.

ഈജിപ്തിന്റെ രണ്ടാമത്തെ ഗോൾ വീണപ്പോൾ, ചിരിയൊട്ടും ബാക്കിവയ്ക്കാതെ നിങ്ങളുടെ ചുണ്ടുകൾ പൊട്ടിത്തെറിച്ചു. അപ്പോഴും കാൽപന്തിന്റെ ദൈവം ശാന്തനായിരുന്നു. വീണ ഗോൾ വലയിൽ നിന്നും പുറത്തെടുത്തു അവന്റെ ആദ്യത്തെ അത്ഭുതം.

നിങ്ങൾക്ക് വേണ്ടി അവൻ ഒരു ഗോൾകൂടി അനുവദിച്ചു. അപ്പോൾ അഗ്നിപർവ്വതം പോലെ, അശനിപാതം പോലെ നിങ്ങൾ പൊട്ടിച്ചിരിച്ചു. അപ്പോഴും മിശിഹായും അവന്റെ ജനവും ശാന്തരായിരുന്നു.

എഴുപത്തിയൊമ്പതാമത്തെ മിനിറ്റിൽ റൊമേരോയുടെ തലയിൽ നിന്നും രണ്ടാമത്തെ അത്ഭുതം. എൺപത്തി മൂന്നാമത്തെ മിനിറ്റിൽ, അതുവരെയുള്ള സകല പാപങ്ങളെയും സ്വന്തം കാലുകളാൽ കഴുകിക്കളഞ്ഞു മിശിഹായുടെ മൂന്നാമത്തെ അത്ഭുതം. തൊണ്ണൂറ്റി മൂന്നാമത്തെ മിനിറ്റിൽ ഫെർണാണ്ടസിന്റെ കാലുകളിൽ നിന്നും നാലാമത്തെയും അവസാനത്തെയും അത്ഭുതം.

എന്നാൽ നിങ്ങൾ അറിയുക, വെറുതെ വന്നു ഗോളടിച്ചിട്ടു പോകുന്നതല്ല മാസ്സ്; ജയിക്കില്ലെന്നു നിങ്ങൾക്കെല്ലാം ആശ തന്ന്, അതിനുമേൽ സകല മനോരാജ്യവും ശക്തിയും മഹത്വവും കെട്ടിപ്പൊക്കാനുള്ള സമയവും തന്ന്, ജയിച്ചു കാണിച്ചു തരുന്നതാണ് മാസ്സ്.

മെസ്സിയെന്ന പേരിലും മാസ്സെന്ന വാക്കിലും ഒരേ അക്ഷരങ്ങൾ ആയിപ്പോയത് അവിചാരിതമല്ല എന്നും നിങ്ങൾ അറിയുക, അനുഗ്രഹീതരാവുക.

സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, അവൻ സുഖപ്പെടുത്താനായി മാത്രം മുറിപ്പെടുത്തുന്നവനാണ്; ഗോൾ അടിക്കാനായി മാത്രം പെനാൽറ്റി മിസ്സ് ആക്കുന്നവനാണ്.

മെസ്സി പെനാൽറ്റി മിസ്സാ-ക്കുന്നതുപോലും പ്രാസം ഒപ്പിച്ചെഴുതുന്ന ഒരു കവിതയാണ്.

# ലുക്കാക്കു എന്ന രക്ഷകൻ



മധുസ്




ആൽബെർട്ട് ഉഡെർസോ എന്ന ഫ്രഞ്ച് കാർട്ടൂണിസ്റ്റിന്റെ ഒരു കാർട്ടൂൺ കഥാപാത്രമുണ്ട്. Asterix കോമിക്സ് പരമ്പരയിൽ വരുന്ന ആ കഥാപാത്രത്തിന്റെ പേര് Obelix എന്നാണ്.... ചെറുപ്പത്തിൽ മാന്ത്രിക കഷായ പാത്രത്തിൽ വീണതിനാൽ ടാങ്ക് പോലെ ശരീരം വലുതായിപ്പോയ ഒരാൾ... !

ബെൽജിയം ടീമിന്റെ സ്ട്രൈക്കർ ആയ റെമേലു ലുക്കാക്കുവിനെ കാണുമ്പോഴൊക്കെ ഒരു ചിരിയോടെ എനിക്ക് ഇന്ന് Obelix നെ ഓർമ്മ വരും.... ലുക്കാക്കുവാണ് ബെൽജിയം ടീമിലെ ടോപ്പ് സ്കോറർ...

ഇദ്ദേഹത്തിന്റെ ശരീരവലിപ്പം കാരണം സ്കൂളിൽ പഠിക്കുന്ന കാലത്തെല്ലാം സ്കൂൾ മത്സരങ്ങളിൽ നിന്നും ഇദ്ദേഹത്തെ മാറ്റി നിർത്തുമായിരുന്നു. അതിനാൽ ഈ മത്സരങ്ങളിലെല്ലാം പങ്കെടുക്കാൻ അനുവാദം ലഭിക്കാനായി ഇദ്ദേഹത്തിന്റെ പാസ്പോർട്ടും ജനന സർട്ടിഫിക്കറ്റുമായി അമ്മ എപ്പോഴും കൂടെയുണ്ടാകുമായിരുന്നത്രേ... അതിശയം തന്നെയല്ലേ?

ഇദ്ദേഹത്തിന്റെ കളിയും അതിശയമുള്ളതാണ്. ആറടി മൂന്നിഞ്ച് ഉയരവും നൂറ് കിലോ അടുത്ത് ഭാരവുമുള്ള തന്റെ കൂറ്റൻ ശരീരവുമായി ഗ്രൗണ്ടിൽ പതിയെ സഞ്ചരിക്കുന്ന ലുക്കാക്കുവിന്റെ കൈയിൽ പന്ത് കിട്ടിയാൽ പക്ഷെ ഓട്ടത്തിന്റെ സ്വഭാവം മാറും. ശരവേഗതയിൽ ഗോൾ മുഖത്തെത്തും. കൂറ്റൻ ശരീരത്തെ പിടിക്കാൻ ഡിഫന്റർ മാർക്ക് ചില്ലറ പണിയൊന്നുമല്ല. ചെയ്യേണ്ടി വരുന്നത്.. പക്ഷെ എന്ത് കാര്യം? ഗോൾ വലയിൽ വീഴാൻ വലിയ പ്രയാസമൊന്നുമില്ല. ബെൽജിയം ടീമിൽ പകരക്കാരനായി ഇറങ്ങിയ എല്ലാ മത്സരത്തിലും (ഈജിപ്തിനെതിരെ ഒഴികെ) ലുക്കാക്കു അങ്ങിനെ ഗോളടിച്ചിട്ടുണ്ട്...

സെനഗലിനെതിരെ ബെൽജിയം രണ്ടു ഗോളിന് പുറകിൽ നിൽക്കുമ്പോൾ ലുക്കാക്കു വേണ്ടിവന്നു ടീമിന്റെ രക്ഷകനാകാൻ... ബൽജിയം എന്റെ ഇഷ്ട ടീമും ലുക്കാക്കു ഇഷ്ട കളിക്കാരനുമാണ്...

ലുക്കാക്കുവാണ് കാരിക്കേച്ചറിൽ.

# ഡോ. ആനി ജോർജും സുജ തോമസും അമേരിക്കൻ അക്കാദമി ഓഫ് നേഴ്സിങ്ങിൽ ഫെല്ലോ ആയി തെരഞ്ഞെടുക്കപ്പെട്ടു

പോൾ ഡി. പനയ്ക്കൽ

വാഷിങ്ടൺ: നേഴ്സിങ് രംഗത്ത് തിളങ്ങുന്ന ഡോ. ആനി ജോർജും സുജ തോമസും അമേരിക്കൻ അക്കാദമി ഓഫ് നേഴ്സിങ്ങിൽ (എഎഎൻ) ഫെല്ലോ ആയി തെരഞ്ഞെടുക്കപ്പെട്ടു. നേഴ്സിങ് പ്രഫഷനിൽ അമേരിക്കയിലെ ഏറ്റവും ഉയർന്ന ബഹുമതികളിൽ ഒന്നാണ് അമേരിക്കൻ അക്കാദമിയിലെ ഫെല്ലോഷിപ്പ്. ആരോഗ്യ മേഖലയിൽ പ്രത്യേകിച്ച് നേഴ്സിങ് രംഗത്ത് നയരൂപീകരണത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന ഈ സംഘടനയിൽ ഫെല്ലോ ആയുള്ള തെരഞ്ഞെടുപ്പ് നേഴ്സിങ് പാണ്ഡിത്യത്തിന്റെ കൊടുമുടിയായാണ് അറിയപ്പെടുന്നത്.

അമേരിക്കയിലെ മുപ്പത്തിയൊൻപത് സംസ്ഥാനങ്ങളിൽ നിന്നും ഡിസ്ട്രിക്ട് ഓഫ് കൊളംബിയയിൽ നിന്നും മറ്റു പതിനേഴ് രാജ്യങ്ങളിൽ നിന്നുമായി ആരോഗ്യരംഗത്ത് റിസേർച്ച് ക്ലിനിക്കൽ പ്രാക്ടീസ്, പോളിസി എജ്യുക്കേഷൻ എന്നീ ശാഖകളിലെ നേതൃത്വത്തിലൂടെ പുരോഗതിക്കായി നൂതനമായ മാറ്റങ്ങൾ വരുത്തിയ സമുന്നതരായ ഇരുനൂറ്റി എഴുപത്തിയഞ്ചു പേരെയാണ് ഈ വർഷം അമേരിക്കൻ അക്കാദമി ഓഫ് നേഴ്സിംഗ് ഫെല്ലോ ആയി അവരോധിക്കുന്നത്.

ലോകത്തെ ഏറ്റവും വിദഗ്ദ്ധരായ നേഴ്സുമാരെ തിരിച്ചറിഞ്ഞ് അവരെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും ആരോഗ്യപരിരക്ഷയ്ക്കുള്ള പ്രാപ്തി എല്ലാവർക്കും ലഭ്യമാക്കുന്നതിനുമുള്ള നയവികസനങ്ങൾ വഴിയൊരുക്കുകയും ചെയ്യുന്ന എഎഎൻ ഒക്ടോബറിൽ വാഷിങ്ടൺ ഡിസിയിൽ വെച്ച് നടക്കുന്ന സമ്മേളനത്തിൽ സുജയെയും ആനിയെയും എഫ്എഎഎൻ ക്രെഡൻഷ്യൽ നല്കി ആഗോള നേഴ്സിങ്ങിലെ ഏറ്റവും വിശിഷ്ടരായ ചെറിയ ഗ്രൂപ്പിലേക്ക് സ്വാഗതം ചെയ്യും. ക്ലിനിക്കൽ പ്രാക്ടീസിൽ വരുത്തിയ തെളിവു സഹിതമുള്ള പരിണാമങ്ങൾ, ആരോഗ്യസ്ഥാപനങ്ങളുടെ നേതൃത്വം, സംസ്ഥാന-ദേശീയ നയങ്ങളിൽ വരുത്തിയ സ്വാധീനം, നേഴ്സിങ്ങിന്റെ അറിവ് മണ്ഡലത്തിൽ നേടിയ പുതുമ, കമ്യൂണിറ്റി-സാമൂഹികാരോഗ്യത്തിൽ വരുത്തിയ പുരോഗമനം എന്നീ വിഷയങ്ങളിൽ തങ്ങൾ ചെയ്ത കാര്യങ്ങളെ വളരെ കർശനമായ പരിശോധനകൾക്ക് വിധേയമാക്കിയ ശേഷമാണ് അമേരിക്കൻ അക്കാദമി ഓഫ് നേഴ്സിങ് അപേക്ഷകരെ ഫെല്ലോ അംഗങ്ങളായി തെരഞ്ഞെടുത്തത്.



ഡോ. ആനി ജോർജ്



സുജ തോമസ്

അമേരിക്കൻ ആരോഗ്യരംഗത്തെ നയങ്ങളിലാണ് അമേരിക്കൻ അക്കാദമി ഓഫ് നേഴ്സിങ് കേന്ദ്രീകരിക്കുന്നതെങ്കിലും അതിന്റെ അംഗങ്ങളായ ഫെല്ലോകൾ വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ, ഇന്റർനാഷണൽ കൗൺസിൽ ഓഫ് നേഴ്സസ് എന്നീ സ്ഥാപനങ്ങളുമായി പ്രവർത്തിച്ച് ഔദ്യോഗിക നയപ്രഖ്യാപനങ്ങൾക്കും ആഗോളതലത്തിൽ ആരോഗ്യരംഗത്തെ ഭാവി നടപടികൾക്കുള്ള രൂപപ്പെടുത്തലിനും മാരകമായ പകർച്ചവ്യാധികൾക്കുള്ള പരിഹാരം കണ്ടെത്തുന്നതിനും സജീവമായി ഉൾപ്പെടുന്നവരാണ്. നേതൃത്വത്തിൽ പ്രവർത്തിച്ച് തങ്ങളുടെ ഔദ്യോഗിക ചട്ടക്കൂടിനു പുറത്ത് വിശിഷ്ടവും അസാമാന്യവും നൂതനവും താല്ക്കാലികതയ്ക്കതീതവുമായ ഫലങ്ങൾ സ്ഥാപിച്ച അപേക്ഷകരിൽ നിന്ന് വളരെ കർശനമായ സൂക്ഷ്മപരിശോധനയ്ക്കു ശേഷമാണ് ഫെല്ലോയെ തെരഞ്ഞെടുക്കുക. നാല്പത്തിയഞ്ചിലധികം രാജ്യങ്ങളിൽ നിന്നായി മൂവായിരത്തി അറുനൂറിലധികം നേഴ്സിങ് നേതാക്കൾ അക്കാദമിയിലുണ്ട്. അമേരിക്കയിൽ 0.06 ശതമാനം നേഴ്സുമാർക്കു മാത്രമേ (പതിനായിരത്തിൽ ആറ് നേഴ്സുമാർ) എഫ്എഎഎൻ ലഭിച്ചിട്ടുള്ളൂ. നോർത്ത്‌വെൽ ഹെൽത്ത് സിസ്റ്റം മുൻ റിസേർച്ച് ആൻഡ് എവിഡൻസ് പ്രാക്ടീസ്സെസ് പ്രസിഡണ്ട് ഡോ. ലില്ലി തോമസും ന്യൂയോർക്ക് സിറ്റി ഹെൽത്ത് ആൻഡ് ഹോസ്പിറ്റൽസ് കോർപ്പറേഷൻ ജെക്കോബി ആൻഡ് നോർത്ത് സെൻട്രൽ ബ്രോങ്ക്സ് ഒക്കുപ്പേഷണൽ ഹെൽത്ത് അസോസിയേറ്റ് ഡിറക്ടറും നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നേഴ്സസ് ഓഫ് അമേരിക്കയുടെ മുൻ പ്രസിഡണ്ടുമായ ഡോ. സോളിമോൾ കുരുവിള എന്നീ മലയാളികൾ ഈ ബഹുമതിക്ക് മുൻപ് അർഹരായിട്ടുണ്ട്. മാംഗ്ലൂരിലെ ഫാ. മുള്ളേഴ്സ് കോളജ് ഓഫ് നേഴ്സിങ്ങിൽ ശിക്ഷണം നല്കി പുറത്തുവിട്ട നേഴ്സുമാരാണ് തെളിയിക്കപ്പെട്ട പ്രവർത്തന ഫലങ്ങളിലൂടെ ഭാവിയിലേക്കുള്ള പ്രചോദനം നല്കുന്ന ദാർശനികതയും പാണ്ഡിത്യവും അർപ്പണവും തെളിയിച്ച സുജയും ആനിയും.

ആഗോളതലത്തിൽ തന്നെ സവിശേഷമായ മികവു തെളിവ് സഹിതം പ്രകടിപ്പിച്ച ചെറിയൊരു കൂട്ടം നേഴ്സ് നേതാക്കന്മാരിൽപ്പെടുന്ന ഡോ. ആനി ജോർജിനെയും സുജ തോമസിനെയും പ്രത്യേകമായി തുടർന്നുള്ള ലിഖിതങ്ങളിലൂടെ പരിചയപ്പെടുത്താം.

## ഹിൽവ്യൂ ചർച്ച് ഓഫ് ഗോഡിന്റെ വാർഷിക കൺവൻഷൻ; ഒരുക്കങ്ങൾ ആരംഭിച്ചു

രാജു തരകൻ

ഡാളസ്: ചർച്ച് ഓഫ് ഗോഡ് ആൻഡേഴ്സൺ ഇന്ത്യാനയുടെ ഭാഗമായി ഗാർലൻഡിൽ 4405 ബ്രോഡ് വേ ബുലവാർഡിൽ പ്രവർത്തിക്കുന്ന ഹിൽവ്യൂ ചർച്ച് ഓഫ് ഗോഡിന്റെ കൺവൻഷൻ ഓഗസ്റ്റ് ഒന്നാം തീയതി വൈകിട്ട് 6.30-ന് ആരംഭിച്ച് രണ്ടാം തീയതി ഞായറാഴ്ച രാവിലെ 9 മണിക്കുള്ള ആരാധനയോടെ അവസാനിക്കും.

ഈ കൺവൻഷനിൽ പാസ്റ്റർ റെജി മാത്യു ശാസ്താംകോട്ടയാണ് മുഖ്യസന്ദേശം നിർവഹിക്കുന്നത്. ബ്രദർ പ്രിൻസ് ഫിലിപ്പിന്റെ നേതൃത്വത്തിലുള്ള വർഷിപ്പ് ടീം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്നതാണ്.

ഹിൽവ്യൂ ചർച്ച് ഓഫ് ഗോഡിൽ എല്ലാ ഞായറാഴ്ചയും രാവിലെ ഒൻപത് മണിക്ക് ബൈബിൾ സ്റ്റഡിയും തുടർന്നു നടക്കുന്ന ആരാധന പതിനൊന്ന് മണിയോടു കൂടി അവസാനിക്കും. വെള്ളിയാഴ്ച ദിവസങ്ങളിൽ നടക്കുന്ന ഉപവാസ പ്രാർത്ഥനകൾ രാവിലെ 10.30-ന് ആരംഭിച്ച് 12 മണിക്ക് അവസാനിക്കും.

ഇതു കൂടാതെ യുവജനങ്ങൾക്കും സഹോദരിമാർക്കും പ്രത്യേക യോഗങ്ങളും ക്രമീകരിച്ചിട്ടുണ്ട്. ഈ യോഗങ്ങളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക: Church Address-Hillview Church of God, 4405 Broadway Blvd, Garland Tx 750433.

പാസ്റ്റർ മാത്യു വർഗീസ് (214 505 3682), രാജു തരകൻ (469 274 2926).




## ഫൊക്കാന തെരഞ്ഞെടുപ്പ് 2026; ടീം എംപവറിന്റെ കരുത്തായി ലാജി തോമസ് വൈസ് പ്രസിഡണ്ട് സ്ഥാനാർത്ഥി

ന്യൂയോർക്ക്: ഫൊക്കാനയുടെ വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ ടീം എംപവർ പാനലിൽ വൈസ് പ്രസിഡണ്ട് സ്ഥാനാർത്ഥിയായി ലാജി തോമസ് ജനവിധി തേടുന്നു. സംഘാടകമികവും സജീവമായ സാമൂഹിക ഇടപെടലുകളും പ്രതിസന്ധികളെ ധീരമായി നേരിടാനുള്ള കഴിവും കൊണ്ട് ശ്രദ്ധേയനായ ലാജി തോമസ്, ലീലാ മാരേട്ട് നയിക്കുന്ന ടീം എംപവറിന്റെ ഏറ്റവും വലിയ കരുത്തുകളിൽ ഒന്നാണ്. പ്രതിസന്ധികളിൽ പതറാത്ത പോരാളി ടീം എംപവറിന്റെ റാപ്പിഡ് റെസ്പോൺസ് ടീം അംഗം എന്ന നിലയിൽ മറ്റുള്ളവർ ചുവട് വെക്കാൻ മടിക്കുന്നിടത്ത് ധൈര്യപൂർവം ഇടപെടുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യുന്നതിൽ ലാജി മുൻപന്തിയിലുണ്ട്. വസ്തുതകളും കണക്കുകളും മുൻനിർത്തി കൃത്യമായ നിലപാടുകൾ സ്വീകരിക്കുന്നതിലും ശരിയുടെ പക്ഷത്ത് നിൽക്കാൻ ഏതു പ്രതിസന്ധി ഘട്ടത്തിലും ധൈര്യം കാണിക്കുന്നതുമാണ് ലാജിയെ മറ്റ് സ്ഥാനാർത്ഥികളിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. ടീം വർക്കിലും ഏതു സാഹചര്യങ്ങളെയും അനുകൂലമാക്കിയെടുക്കുന്ന അദ്ദേഹത്തിന്റെ കൺവെൻഷണൽ വിസ്ഡം ടീമിന് വലിയ മുതൽക്കൂട്ടാണ്. വിപുലമായ പ്രവർത്തന പാരമ്പര്യവും ദീർഘകാലമായി പ്രവാസി മലയാളി സമൂഹത്തിൽ നിറസാന്നിദ്ധ്യവുമാണ് ലാജി തോമസ്. വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും സ്പോർട്സിനും നേതൃത്വം നല്കിയ ലാജി, ക്രിക്കറ്റ് ടൂർണമെന്റുകളിലൂടെ സമാഹരിച്ച തുക ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുകൊണ്ട് തന്റെ സാമൂഹിക പ്രതിബദ്ധത തെളിയിച്ചിട്ടുണ്ട്.



പ്രധാന ഔദ്യോഗിക പദവികൾ: ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയൻ വൈസ് പ്രസിഡണ്ട് (2024-26), ഫൊക്കാന നാഷണൽ കമ്മിറ്റി അംഗം (2020-24), ന്യൂയോർക്ക് മലയാളി അസോസിയേഷൻ മുൻ പ്രസിഡണ്ട് (2022-23), ബോർഡ് ചെയർമാൻ (2024-25), ഫൊക്കാന ടുഡേ എഡിറ്റോറിയൽ മെംബർ, ഫ്ളോറിഡ കൺവൻഷൻ കമ്മിറ്റി അംഗം, പ്രവാസി ചാനൽ ന്യൂയോർക്ക് റീജിയണൽ ഡയറക്ടർ & ബിസിനസ് ഡെവലപ്മെന്റ് മാനേജർ, മാർത്തോമ്മാ സഭ, സെന്റ് തോമസ് എക്യുമെനിക്കൽ ഫെഡറേഷൻ ഓഫ് നോർത്ത് അമേരിക്ക എന്നിവയിൽ സെക്രട്ടറി, ട്രഷറർ തുടങ്ങിയ വിവിധ തലങ്ങളിൽ നേതൃപരമായ പങ്കു വഹിച്ചിട്ടുണ്ട്. സംഘാടകൻ, സാമൂഹിക പ്രവർത്തകൻ എന്നീ നിലകളിൽ തെളിയിച്ച മികവും ഫൊക്കാനയുടെ വളർച്ചയ്ക്കായി അദ്ദേഹം നല്കിയ സുദീർഘമായ സേവനങ്ങളും ലാജി തോമസിനെ വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്ക് ഏറ്റവും യോഗ്യനായ സ്ഥാനാർത്ഥിയാക്കുന്നു. ലീലാ മാരേട്ടിന്റെ നേതൃത്വത്തിലുള്ള ടീം എംപവറിന്റെ വിജയത്തിനായി ലാജി തോമസിന്റെ സാന്നിദ്ധ്യം അനിവാര്യമാണെന്ന് പ്രവർത്തകർ വിശ്വസിക്കുന്നു. ഫൊക്കാനയെ സ്നേഹിക്കുന്ന ഏവരുടെയും സപ്പോർട്ട് എംപവർ ടീമിനും ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു.

## ചിക്കാഗോ സീറോ മലബാർ കൺവൻഷൻ

# രൂപതയുടെ വളർച്ച ദൈവാനുഗ്രഹത്തിന്റെ സാക്ഷ്യമെന്ന് മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ




**മാർട്ടിൻ വിലങ്ങോലിൽ**

ചിക്കാഗോ: ചിക്കാഗോ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിൽ അത്യധികം ആവേശം നിറഞ്ഞ അന്തരീക്ഷത്തിൽ നടന്ന ചിക്കാഗോ സെന്റ് തോമസ് രൂപതയുടെ സിൽവർ ജൂബിലി കൺവൻഷനിൽ ഭക്തിനിർഭരമായ ദിവ്യബലി, ജീവിതഗന്ധിയായ ക്ലാസുകൾ, ആത്മീയ സെഷനുകൾ എന്നിവയ്ക്കൊപ്പം അമേരിക്കൻ മലയാളി ക്രൈസ്തവ ചരിത്രത്തിൽ സ്ഥാനംപിടിച്ച വമ്പിച്ച വിശ്വാസറാലിയും ഈ ചരിത്രസംഗമത്തിന് മാറ്റുകൂട്ടി.

കൺവൻഷനിൽ പങ്കെടുക്കുന്ന ബിഷപ്പുമാരും വൈദികരും സന്യസ്തരും രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള വിശ്വാസികളും ഒന്നുചേർന്നുള്ള ദിവ്യബലിയർപ്പണം നടന്നു. തിരുക്കർമ്മങ്ങളിൽ സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ചിക്കാഗോ സീറോമലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട്, ബിഷപ് എമെരിറ്റസ് മാർ ജേക്കബ് അങ്ങാടിയത്ത്, അതിരൂപതാദ്ധ്യക്ഷൻ കർദ്ദിനാൾ ബ്ലെയിസ് ജെ. സുപിച്ച്, ഡോ. ഫിലിപ്പോസ് മാർ സ്റ്റെഫാനോസ് മെത്രാപ്പോലീത്ത, മാർ ജോസ് കല്ലുവേലിൽ, റവ.ഡോ. ജോളി വടക്കൻ, റവ.ഡോ. ജോസഫ് തടത്തിൽ, രൂപതയുടെ വികാരി ജനറാളുമാരായ റവ.ഫാ. ജോൺ മേലേപ്പുറം, റവ.ഫാ. തോമസ് കടുകപ്പിള്ളിൽ തുടങ്ങിയവർ കാർമ്മികരായിരുന്നു.

ലൂക്കായുടെ സുവിശേഷത്തെ ആസ്പദമാക്കി മാർ റാഫേൽ തട്ടിൽ നല്കിയ വചനസന്ദേശം വിശ്വാസികളിൽ ഏറെ സ്വാധീനം ചെലുത്തി. ക്രിസ്തു ലോകത്തിലേക്ക് 12 ശിഷ്യന്മാരെയും തുടർന്ന് 72 പേരെയും ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന് വിളംബരം ചെയ്യാനായി അയച്ച വചനഭാഗം അദ്ദേഹം ഓർമ്മിപ്പിച്ചു. "വിളവധികം, വേലക്കാർ ചുരുക്കം" എന്ന വചനം ഇന്നും പ്രസക്തമാണെന്ന് അദ്ദേഹം പറഞ്ഞു. വഴിപണിയും ജീവനുമായ ക്രിസ്തുവിന്റെ മാർഗ്ഗത്തിലൂടെ ചരിച്ചവരാണ് നമ്മുടെ പൂർവ്വികർ. ആ പൈതൃകവും മാർഗ്ഗവും നാം കുടിയേറിപ്പാർത്ത ഈ അമേരിക്കൻ മണ്ണിലും വരും തലമുറകൾക്കായി തുടർന്നുപോകാൻ നമുക്കു സാധിക്കണം. കഴിഞ്ഞ 25 വർഷക്കാലം വലിയ പോരാട്ടങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും ജീവിച്ച ചിക്കാഗോ രൂപത കൈവരിച്ച ഈ വളർച്ച വലിയ ആനന്ദത്തിന്റെയും ദൈവാനുഗ്രഹത്തിന്റെയും സാക്ഷ്യമാണെന്ന് മേജർ ആർച്ച്ബിഷപ് പറഞ്ഞു.

രൂപതയുടെ ഇരുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച് നടക്കുന്ന ഈ സിൽവർ ജൂബിലി കൺവൻഷൻ അമേരിക്കൻ പ്രവാസി സഭയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും അപൂർവവും അതുല്യവുമായ ആഘോഷമാണെന്ന് ചിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് പ്രസ്താവിച്ചു. കാൽ നൂറ്റാണ്ട് മുമ്പ് വിതക്കപ്പെട്ട വിശ്വാസത്തിന്റെ വിത്ത് ഇന്ന് വലിയൊരു പ്രസ്ഥാനമായി വളർന്നു പന്തലിച്ചതിന്റെ നേർക്കാഴ്ചയാണ് ഈ കൺവൻഷനെന്നും രൂപതയുടെ സ്ഥാപക പിതാക്കന്മാരുടെയും അജപാലകരുടെയും വിശ്വാസികളുടെയും കഠിനാദ്ധ്വാനത്തിന്റെ ഫലമാണ് ഈ ഒത്തുചേരലെന്നും മാർ ജോയി ആലപ്പാട്ട് ഓർമ്മിപ്പിച്ചു. ദമ്പതികൾക്കായി ചങ്ങനാശേരി ആർച്ച്ബിഷപ് മാർ തോമസ് തറയിൽ നയിച്ച ക്ലാസ് ഏറെ ശ്രദ്ധേയമായി. അമേരിക്കയിലെ അതിവേഗം പായുന്നതും തിരക്കുപിടിച്ചതുമായ ആധുനിക ജീവിതസാഹചര്യങ്ങളിൽ കുടുംബജീവിതത്തിലെ മാനസിക സമ്മർദ്ദങ്ങളെ എങ്ങനെ വിജയകരമായി കൈകാര്യം ചെയ്യാമെന്ന് അദ്ദേഹം ലളിതമായി വിവരിച്ചു. പരസ്പരമുള്ള ആശയവിനിമയവും ആത്മീയ അടിത്തറയും വഴി മാത്രമേ കുടുംബങ്ങളിൽ സമാധാനം നിലനിർത്താൻ സാധിക്കൂ എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

തുടർന്ന് വിവിധ പ്രായത്തിലുള്ളവർക്കായി കൺവൻഷൻ നഗരിയിൽ പ്രത്യേക ബ്രേക്ക് ഔട്ട് സെഷനുകൾ നടന്നു. കുട്ടികൾ, യുവജനങ്ങൾ, മുതിർന്ന യുവാക്കൾ, വനിതകൾ, മുതിർന്നവർ എന്നിവർക്കായി ക്ലാസുകളും വർക്ക് ഷോപ്പുസെഷനുകളും നടന്നു.

ഏറ്റവും വലിയ ആകർഷണം അമേരിക്കയിലെ വിവിധ ഇടവകകളിൽ നിന്നും മിഷനുകളിൽ നിന്നുമുള്ള വിശ്വാസികളെ അണിനിരത്തി നടത്തിയ വമ്പിച്ച ഘോഷയാത്രയായിരുന്നു. റാലി കൺവൻഷൻ സെന്ററിനെ ഭക്തിസാന്ദ്രമാക്കി. റാലിയിൽ ഓരോ ചർച്ചുകളുടെയും പേരെഴുതിയ ബാനറുകളും മനോഹരമായി അലങ്കരിച്ച നിശ്ചലദൃശ്യങ്ങളും മുൻനിരയിൽ അണിനിരന്നു. പരമ്പരാഗത മുത്തുക്കുടകളും വാദ്യമേളങ്ങളുമായി ആയിരക്കണക്കിന് വിശ്വാസികൾ റാലിയിൽ പങ്കെടുത്തപ്പോൾ അത് അമേരിക്കൻ മണ്ണിലെ ഒരു മിനി കേരളമായി മാറി.


സീറോമലബാർ വിശ്വാസപാരമ്പര്യവും തനിമയും അതിമനോഹരമായി അണിയിച്ചൊരുക്കിയ റാലിയിൽ പങ്കെടുത്ത മികച്ച ഇടവകകൾക്കുള്ള പുരസ്കാരങ്ങളും ചടങ്ങിൽ പ്രഖ്യാപിച്ചു. ഒന്നാം സ്ഥാനം റവ.ഫാ. സിബി സെബാസ്റ്റ്യൻ, അസി. വികാരി റവ.ഫാ. ക്രിസ്റ്റിൻ പുതിയകുന്നേൽ എന്നിവർ നേതൃത്വം നല്കുന്ന ഗാർലൻഡ് സെന്റ് തോമസ് ഫൊറോന ചർച്ച് കരസ്ഥമാക്കി. രണ്ടാം സ്ഥാനം റവ.ഫാ. സെബാസ്റ്റ്യൻ വലിയപറമ്പിൽ, അസി. വികാരി റവ.ഫാ. ജോർജ് പാറയിൽ എന്നിവർ നേതൃത്വം നല്കുന്ന ഹൂസ്റ്റൺ സെന്റ് മേരീസ് ഫൊറോന ചർച്ച് നേടി. മൂന്നാംസ്ഥാനം വികാരി റവ.ഫാ. ജോൺസ്റ്റി തച്ചാറയുടെ നേതൃത്വത്തിൽ അണിനിരന്ന ലോങ് ഐലൻഡ് സെന്റ് മേരീസ് ചർച്ച് (ന്യൂയോർക്ക്) സ്വന്തമാക്കി. നാലാം സ്ഥാനം റവ.ഫാ. റൂബൻ ജോസഫ് താന്നിക്കൽ വികാരിയായി നേതൃത്വം നല്കുന്ന അറ്റ്ലാന്റ സെ. അൽഫോൻസാ ഫൊറോന ചർച്ച് നേടി.



സഭയുടെ വളർച്ചയിലും സുവിശേഷ പ്രഘോഷണത്തിലും അല്മായരുടെ സജീവവും ശക്തവുമായ പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ജീവൻ ജ്യോതി അല്മായ മുന്നേറ്റത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം കൺവൻഷൻ നഗരിയിൽ നടന്നു. സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ, ചിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ടിന് ഭദ്രദീപം കൈമാറിക്കൊണ്ടാണ് ഈ ചരിത്രപരമായ മുന്നേറ്റത്തിന് തുടക്കം കുറിച്ചത്.

പ്രേക്ഷിതപ്രവർത്തനങ്ങൾ വൈദികരിലും സന്യസ്തരിലും മാത്രം ഒതുങ്ങി നിൽക്കാതെ അല്മായരിലൂടെയും കുടുംബങ്ങളിലൂടെയും സജീവമായി പ്രോത്സാഹിപ്പിക്കുക എന്നതാണ് ജീവൻജ്യോതിയുടെ പ്രധാന ലക്ഷ്യമെന്ന് ഈ പുതിയ പ്രസ്ഥാനത്തിന്റെ കോ-ഓർഡിനേറ്ററായ റവ.ഫാ. ഫ്രാൻസിസ് പാലത്തുങ്കൽ അറിയിച്ചു. സഭയുടെ മിഷൻ പ്രവർത്തനങ്ങളിലും ഭരണപരമായ കാര്യങ്ങളിലും അല്മായർക്ക് കൂടുതൽ വ്യക്തമായ ദിശാബോധവും പങ്കാളിത്തവും നല്കാൻ ഈ പ്രസ്ഥാനം വഴിതുറക്കുമെന്ന് ഉദ്ഘാടനപ്രസംഗത്തിൽ മേജർ ആർച്ച്ബിഷപ് പ്രത്യാശ പ്രകടിപ്പിച്ചു.

വൈകുന്നേരം നടന്ന സെഷനുകളിൽ വിവിധ ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ അവതരിപ്പിച്ച മനോഹരമായ സ്കിറ്റുകളും വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികളും അരങ്ങേറി. ബൈബിൾ അധിഷ്ഠിത സന്ദേശങ്ങളും സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങളും ഉൾപ്പെടുത്തിയുള്ള സ്കിറ്റുകൾ പ്രേക്ഷകരുടെ വലിയ പ്രശംസ പിടിച്ചുപറ്റി. ആത്മീയ ചൈതന്യവും സാംസ്കാരിക തനിമയും ഒത്തുചേർന്ന് പ്രവാസി സമൂഹത്തിന് വലിയൊരു ആത്മീയ ഉണർവാണ് സമ്മാനിച്ചത്.



# കരുണ പ്രസംഗിക്കുകയും വിദ്വേഷം പ്രവർത്തിക്കുകയും ചെയ്യുമ്പോൾ; നേഴ്സുമാരുടെ സമരവും മുഖം തിരിക്കുന്ന സഭയും

വിൻസെന്റ് ഇമ്മാനുവൽ

തൃശൂർ ജൂബിലി മിഷൻ-അമല ആശുപത്രികളിലെ നേഴ്സുമാരുടെ സമരം 113 ദിവസം പിന്നിടുമ്പോൾ ഏറ്റവും കൂടുതൽ ചർച്ചയാകുന്നത് സമരത്തോടുള്ള തൃശൂർ അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തിന്റെ നിഷേധാത്മക നിലപാടായിരുന്നു. കേരളത്തിൽ നേഴ്സുമാർക്ക് ഏറ്റവും കൂടുതൽ ശമ്പളം കൊടുക്കുന്നത് ജൂബിലിയിലും അമലയിലുമാണെന്നായിരുന്നു ബിഷപ്പിന്റെ പ്രതികരണം. സമരം തികച്ചും അനാവശ്യമാണെന്നും അദ്ദേഹം പ്രതികരിച്ചു. അതേസമയം, 800-ലധികം ബെഡുകളുള്ള വലിയ ആശുപത്രികൾ എന്ന നിലയിൽ ഏറ്റവും കൂടുതൽ ശമ്പളം നല്കാൻ നിയമപരമായി ബാദ്ധ്യസ്ഥരായ ഇവർ ഇവിടെ ഉയർന്ന തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് നല്കുന്ന ശമ്പളത്തെയാണ് പൊതുവായ ശമ്പളമെന്ന രീതിയിൽ ഉയർത്തിക്കാട്ടുന്നത്.

യഥാർത്ഥത്തിൽ 300 ബെഡിൽ താഴെയുള്ള ആശുപത്രികൾ പോലും നിലവിൽ ജൂബിലിക്കും അമലയ്ക്കും തുല്യമോ അതിലും കൂടുതലോ ആയ ശമ്പളം നല്കുന്നുണ്ട്. ന്യായമായ വേതനം ആവശ്യപ്പെട്ടുള്ള സമരത്തെ മുസ്ലിം-ക്രൈസ്തവ ലഹളയാക്കി ചിത്രീകരിക്കാനും അണിയറയിൽ നീക്കം നടന്നു. സമരം ചെയ്യുന്ന നേഴ്സുമാരിൽ 90 ശതമാനത്തിലധികം പേരും ക്രൈസ്തവ സമുദായത്തിൽപ്പെട്ടവരാണെന്നിരിക്കെയാണ് ഇത്തരമൊരു ജിഹാദി പ്രചാരണം.

ഈയാഴ്ച ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അമേരിക്കയിലെ മലയാളി ക്രൈസ്തവ സമൂഹത്തെ അഭിസംബോധന ചെയ്തു സംസാരിക്കും. സ്വാഭാവികമായും വിശ്വാസത്തെക്കുറിച്ചും സേവനത്തെക്കുറിച്ചും ത്യാഗ



ത്തെക്കുറിച്ചും ക്രൈസ്തവ മൂല്യങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിക്കും. വിശ്വാസികൾ അദ്ദേഹത്തെ ആദരവോടെയും സ്നേഹത്തോടെയും സ്വീകരിക്കുമെന്നതിലും തർക്കമില്ല. എന്നാൽ, അതിനു മുമ്പ് ഒരു ചോദ്യം ചോദിക്കാതെ വയ്യ. സഭാമക്കൾ കൂടി ഉൾപ്പെട്ട കേരളത്തിലെ നേഴ്സുമാരുടെ കരച്ചിൽ സഭ ശരിക്കും കേട്ടിട്ടുണ്ടോ? അവിടെ അവർക്കെതിരെ ശബ്ദമുയർത്തിയിട്ട് ഇവിടെവന്ന് സ്നേഹത്തെക്കുറിച്ചും സാഹോദര്യത്തെക്കുറിച്ചും സംസാരിച്ചാൽ അതിൽ എവിടെയാണ് ആത്മാർത്ഥത?


പതിറ്റാണ്ടുകളായി ലോകമെമ്പാടുമുള്ള മലയാളി ക്രൈസ്തവ സമൂഹത്തിന്റെ നട്ടെല്ലാണ് മലയാളി നേഴ്സുമാർ. വിദ്യാഭ്യാസ വായ്പകളുടെ ഭാരവും കുടുംബബാദ്ധ്യതകളും സ്വപ്നങ്ങളും ചുമലിലേറ്റിയാണ് അവരിൽ പലരും വിദേശത്തേക്ക് പോയത്. രാവും പകലും കഠിനാദ്ധ്വാനം ചെയ്തവർ സ്വന്തം കുടുംബത്തേക്കാൾ മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാൻ സമയം ചെലവഴിച്ചു. രോഗികളുടെ വേദന സ്വന്തം വേദനയായി കണ്ടു. അവരുടെ അദ്ധ്വാനഫലം അവരുടെ കുടുംബത്തെ മാത്രമല്ല, സഭയേയും ഉയർത്തിയിട്ടില്ലേ?

അവരുടെ സംഭാവനകളാണ് അമേരിക്കയിലെയും മറ്റ് വിദേശരാജ്യങ്ങളിലെയും നിരവധി മലയാളി ഇടവകകൾക്ക് ഭൂമി വാങ്ങാനും ദേവാലയങ്ങൾ പണിയാനും പാരിഷ് ഹാളുകൾ നിർമ്മിക്കാനും സ്കൂളുകളും ജീവകാരുണ്യ പ്രവർത്തനങ്ങളും മുന്നോട്ടു കൊണ്ടുപോകാനും കരുത്തായത്. മലയാളി നേഴ്സുമാരുടെയും അവരുടെ കുടുംബങ്ങളുടെയും ത്യാഗവും സാമ്പത്തിക പിന്തുണയും ഇല്ലായിരുന്നെങ്കിൽ വടക്കെ അമേരിക്കയിലെ നിരവധി മലയാളി ക്രൈസ്തവ സമൂഹങ്ങൾക്ക് ഇന്നത്തെ നിലയിൽ വളരുക പ്രയാസമായേനെ. ഇന്ന് കേരളത്തിൽ അവരുടെ സഹോദരങ്ങളായ നേഴ്സുമാർ ആവശ്യപ്പെടുന്നത് ആഡംബരജീവിതത്തിനുള്ള വകയല്ല, അർഹിക്കുന്ന ന്യായമായ വേതനമാണ്. ഇത് അധികാരത്തിനു വേണ്ടിയുള്ള സമരമല്ല, നീതിക്കു വേണ്ടിയുള്ള മുറവിളിയാണ്.

വിശുദ്ധ ബൈബിൾ നമ്മെ ഓർമ്മിപ്പിക്കുന്നത് തൊഴിലാളിയുടെ അർഹമായ കൂലി നിഷേധിക്കുന്നത് ദൈവസന്നിധിയിൽ ഗുരുതരമായ പാപമാണെന്നാണ്. ദരിദ്രരുടെയും പീഢിതരുടെയും രോഗികളുടെയും നീതി നിഷേധിക്കപ്പെട്ടവരുടെയും പക്ഷത്താണ് യേശുക്രിസ്തു എന്നും നിലയുറപ്പിച്ചതെന്നും ദുർബലരെ ചൂഷണം ചെയ്യുന്ന സംവിധാനങ്ങളെ ക്രിസ്തു ശക്തമായി ചോദ്യം ചെയ്തുവെന്നും നമുക്കറിയാം. എന്നിട്ടും നമ്മുടെ മനസ്സാക്ഷി ഇന്ന് ആരുടെ കൂടെയാണ് നിൽക്കുന്നത്? അർഹമായ വേതനം ആവശ്യപ്പെടുന്ന നേഴ്സുമാരുടെ കൂടെയോ, അതോ അവരുടെ വേദന കേൾക്കാൻ പോലും തയ്യാറാകാത്ത സംവിധാനങ്ങളുടെ കൂടെയോ? ഈ ചോദ്യം ഓരോ ക്രൈസ്തവനും സ്വന്തം മനസ്സാക്ഷിയോട് ചോദിക്കണം.

നേഴ്സുമാരെ നമ്മൾ 'ദൈവത്തിന്റെ മാലാഖമാർ' എന്നു വിശേഷിപ്പിക്കുന്നു. മഹാമാരികൾ വന്നപ്പോൾ ശുശ്രൂഷയുടെ മഹത്വമേകിയ അവരെ നമ്മൾ ആദരിച്ചു, അഭിനന്ദിച്ചു. എന്നാൽ, നീതിയില്ലാത്ത പ്രശംസ അവർക്കെന്തിനാണ്. മാലാഖ എന്ന വിളി അവരുടെ വിദ്യാഭ്യാസ വായ്പ അടയ്ക്കില്ല, അഭിനന്ദനങ്ങൾ അവരുടെ കുടുംബം പോറ്റില്ല. ആശീർവാദങ്ങൾ ശമ്പളത്തിനു പകരവുമാകയില്ല. വർഷങ്ങളോളം പഠിച്ച്, ക്ലിനിക്കൽ പരിശീലനം നേടി, മനുഷ്യജീവൻ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുന്ന ഒരു നേഴ്സിന്റെ ജീവിതം ഇന്നും സാമ്പത്തിക ബുദ്ധിമുട്ടുകളിൽ കുടുങ്ങിക്കിടക്കുന്നു. ഒരു തെറ്റായ തീരുമാനം ഒരു ജീവൻ നഷ്ടപ്പെടുത്താൻ ഇടയാക്കുന്നത്ര ഉത്തരവാദിത്വമുള്ള ജോലിയാണ് അവർ ചെയ്യുന്നത്. എന്നിട്ടും പലർക്കും ജീവിതച്ചെലവ് പോലും മാന്യമായി നടത്താൻ കഴിയുന്നില്ല.

സഭ എപ്പോഴും മനുഷ്യന്റെ അന്തസ്സിനെക്കുറിച്ചാണ് പഠിപ്പിച്ചിട്ടുള്ളത്. ആ അന്തസ്സ് പ്രസംഗങ്ങളിൽ മാത്രം അല്ല, തൊഴിലിടങ്ങളിലും പ്രതിഫലിക്കണം. ക്രൈസ്തവ സ്ഥാപനങ്ങളാണ് നീതിയുടെയും ന്യായത്തിന്റെയും കരുണയുടെയും ആദ്യ മാതൃകയാകേണ്ടത്. അമേരിക്കയിലേക്ക് വരുന്ന സഭാ നേതാക്കളെ സ്വീകരിക്കാൻ ആയിരക്കണക്കിന് മലയാളി കുടുംബങ്ങൾ കാത്തിരിക്കുന്നു. അവരിൽ വലിയൊരു വിഭാഗം നേഴ്സുമാരും അവരുടെ കുടുംബങ്ങളുമാണ്. ഇവിടെ സഭയുടെ വളർച്ചയിൽ അവരുടെ അദ്ധ്വാനവും സമർപ്പണവും ചെറുതല്ലാത്ത പങ്കു വഹിച്ചിട്ടുണ്ടെന്നുള്ള കാര്യം ആഗതർ മറക്കരുത്. ക്രിസ്തുസ്നേഹത്തെക്കുറിച്ചുള്ള പ്രസംഗം മാത്രമല്ല, മറിച്ച്, കേരളത്തിലെ നേഴ്സുമാർക്ക് നീതി ലഭിക്കുമെന്ന വാക്കു കേൾക്കാൻ കൂടിയാണ് ഇവിടെയുള്ള മലയാളികൾ ആഗ്രഹിക്കുന്നത്. കാരണം, ക്രൈസ്തവ വിശ്വാസത്തിന്റെ ഏറ്റവും വലിയ സാക്ഷ്യം പ്രസംഗങ്ങളല്ല, നീതിയാണ്. ഏറ്റവും വലിയ സുവിശേഷം വാക്കുകളിലല്ല, പ്രവൃത്തിയിലാണ്.



ലേഖകൻ

കേരളത്തിലെ നേഴ്സുമാർക്ക് അർഹമായ വേതനവും മാന്യമായ തൊഴിൽ സാഹചര്യവും ഉറപ്പാക്കുന്നതിലൂടെ സഭ മാതൃക കാണിക്കട്ടെ. അതാണ് ലോകത്തോട് പറയാൻ കഴിയുന്ന ഏറ്റവും ശക്തമായ ക്രൈസ്തവ സന്ദേശം. ഇപ്പോഴും ഞാനടക്കമുള്ള ക്രൈസ്തവ വിശ്വാസികൾക്ക് എതിർപ്പ് സഭയോടല്ല, സാഹോദര്യത്തെക്കുറിച്ച് സംസാരിക്കുകയും സഹോദരങ്ങൾക്ക് നീതി നല്കാതിരിക്കുകയും ചെയ്ത് ഇരട്ടത്താപ്പ് കാണിക്കുന്ന ചില സഭാമേലധികാരികളോടാണ്. ദൈവത്തെ സ്നേഹിക്കണമെന്നു മാത്രമല്ല സുവിശേഷം പഠിപ്പിക്കുന്നത്. നമ്മുടെ മുന്നിൽ നിൽക്കുന്ന മനുഷ്യനോട് നീതി പുലർത്തുന്നതും അതിന്റെ അവിഭാജ്യ ഘടകമാണ്.






## 'ബ്രിജ്മാൻ' ഗിരീഷ് ഭരദ്വാജ് അന്തരിച്ചു

കർണാടക: ഇന്ത്യയിലെ വിവിധഭാഗങ്ങളിൽ ചെലവു കുറഞ്ഞ തൂക്കുപാലങ്ങൾ നിർമിച്ച ഇന്ത്യയുടെ 'ബ്രിജ്മാൻ' സുള്ള്യയിലെ ഗിരീഷ് ഭരദ്വാജ് (76) അന്തരിച്ചു. സുള്ള്യ കെവിജി മെഡിക്കൽ കോളജ് ആശുപത്രിയിൽ ജൂലൈ ഏഴിന് ചൊവ്വാഴ്ച രാവിലെയായിരുന്നു അന്ത്യം. കേരളത്തിൽ 32 എണ്ണം ഉൾപ്പെടെ 143 തൂക്കുപാലങ്ങൾ അദ്ദേഹം നിർമിച്ചു.

2017-ൽ ഇന്ത്യ പത്മശ്രീ നൽകി ആദരിച്ചു. കുടക് കുശാൽനഗർ നിസർഗധാമയിൽ കാവേരി നദിയിൽ മരങ്ങൾ തമ്മിൽ ബന്ധിപ്പിച്ച് 55 മീറ്റർ തൂക്കുപാലം നിർമിച്ചാണു തുടക്കം. ബെളഗാവിയിലെ ഹുക്കേരിയിൽ ഘട്ടപ്രഭ നദിയിൽ 1999-ൽ നിർമിച്ച 290 മീറ്റർ തൂക്കുപാലമാണ് അദ്ദേഹം നിർമിച്ചവയിൽ നീളംകൂടിയത്.

കാസർഗോഡ് മുള്ളേരിയ ബലെക്കളയിൽനിന്ന് സുള്ള്യ ആലട്ടി അറംബൂരിലേക്ക് പതിറ്റാണ്ടുകൾക്ക് മുൻപ് കുടിയേറിയതാണ് ഗിരീഷ് ഭരദ്വാജിന്റെ കുടുംബം. 1950 മേയ് 12-നു ജനിച്ച ഗിരീഷ് ഭരദ്വാജ് മണ്ഡ്യ പിഇഎസ് കോളജിൽ നിന്ന് മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ബിരുദം നേടി. 1975-ൽ സുള്ള്യയിൽ റേഷനൽ എഞ്ചിനിയറിങ് എന്ന പേരിൽ വർക്ഷോപ് തുടങ്ങി.



കാർഷിക യന്ത്രങ്ങൾ, വാഹനങ്ങൾ എന്നിവ നന്നാക്കൽ, വെൽഡിങ്, ഫാബ്രിക്കേഷൻ ജോലികൾ ചെയ്തിരുന്ന ഗിരീഷ് 1989-ൽ തൂക്കുപാലങ്ങളുടെ നിർമാണത്തിലേക്കു തിരിഞ്ഞു.

ഭാര്യ പരേതയായ ഉഷ. മക്കൾ: രസ്യ, പതഞ്ജലി, സുദർശൻ. മരുമക്കൾ: ശിവപ്രസാദ്, ദേവികൃപ, ശ്വേത.

# അമേരിക്കൻ മലങ്കര അതിഭദ്രാസന 37-ാമത് യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസിന്റെ ഒരുക്കങ്ങൾ പൂർത്തിയായി

ന്യൂജേഴ്സി: അമേരിക്കൻ മലങ്കര അതിഭദ്രാസന 37-ാമത് യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസ് 2026 ജൂലൈ മാസം 22-ാം തീയതി മുതൽ 25-ാം തീയതി വരെ ന്യൂജേഴ്സിയിലുള്ള ഭദ്രാസന ആസ്ഥാനത്ത് വെച്ച് നടക്കുന്നതിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി അമേരിക്കൻ മലങ്കര അതിഭദ്രാസന മെത്രാപ്പോലീത്തായും പാത്രിയർക്കൽ വികാരിയുമായി അഭിവന്ദ്യ യൽദോ മോർ തീത്തോസ് തിരുമേനി

**വർഗീസ് പാലമലയിൽ**

യും ഭദ്രാസന സെക്രട്ടറി റവ.ഫാ. പോൾ തോട്ടക്കാട്ട്, ട്രഷറർ സിമി ജോസഫ്, ജോയിന്റ് സെക്രട്ടറി റവ.ഫാ. ബെൽസൺ കുര്യാക്കോസ്, ജോയിന്റ് ട്രഷറർ ബോബി കുര്യാക്കോസ്, കൗൺസിൽ അംഗങ്ങൾ എന്നിവർ അറിയിച്ചു.

യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായ ആബൂൻ മോർ ബസ്സേലിയോസ് ജോസഫ് ബാവ ഈ കോൺഫറൻസിൽ മുഖ്യ അതിഥിയായി പങ്കെടുക്കും. സ്ഥാനാരോഹണത്തിനു ശേഷം ആദ്യമായി അമേരിക്കയിൽ വരുന്ന ശ്രേഷ്ഠ ബാവയോടുള്ള ആദരസൂചകമായി 22-ാം തീയതി ബുധനാഴ്ച വൈകുന്നേരം നടത്തപ്പെടുന്ന ബാങ്കറ്റിൽ എല്ലാവരും പങ്കാളികളാകണമെന്ന് സംഘാടകർ അറിയിച്ചു.

അഭിവന്ദ്യ മോർ ദീവന്നാസിയോസ് യൂഹാനോൻ കാവാക്ക് മെത്രാപ്പോലീത്ത (സിറിയക് ഓർത്തഡോക്സ് ഈസ്റ്റേൺ ഭദ്രാസനം), അഭിവന്ദ്യ ഡോക്ടർ അയൂബ് മോർ സിൽവാനിയോസ് മെത്രാപ്പോലീത്ത (ക്നാനായ അതിഭദ്രാസനം) എന്നിവർ ഈ ഫാമിലി കോൺഫറൻസിൽ വിശിഷ്ടാതിഥികളായിരിക്കും. ഈ വർഷത്തെ കൺവൻഷന്റെ കീനോട്ട് സ്പീക്കർ ആസ്ട്രേലിയയിൽ നിന്നുമുള്ള റവ.ഫാദർ ജേക്കബ് ജോസഫ് പിഎച്ച്.ഡി ആയിരിക്കും.

'യഹോവയെ കണ്ടെത്താനാകുന്ന സമയത്ത് അവനെ അന്വേഷിപ്പിൻ, അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ' (യെശയ്യ 55:6) എന്നുള്ളതാണ് ഈ വർഷത്തെ കൺവൻഷന്റെ ചിന്താവിഷയം.

ഈ വർഷത്തെ യൂത്ത് സ്പീക്കർ റവ.ഫാ. ജോസഫ് ഷമ്മാസ് ആയിരിക്കും. വളരെ പരിമിതമായ സീറ്റുകൾ കൂടി ബാക്കിയുള്ളതിനാൽ രജിസ്ട്രേഷൻ ജൂലൈ 15-ാം തീയതി വരെ നടത്താവുന്നതാണെന്ന് സംഘാടകർ അറിയിക്കുന്നു.

ആത്മീയത നിറഞ്ഞുനിൽക്കുന്ന ഈ കോൺഫറൻസിൽ വിവിധങ്ങളായ ധാരാളം കലാപരിപാടികൾ ഉണ്ടായിരിക്കുന്നതാണ്. ബുധനാഴ്ച വൈകിട്ട് നടക്കുന്ന അനുമോദന സമ്മേളനത്തിലും ബാങ്കറ്റിലും ശ്രേഷ്ഠ ബാവയോടൊപ്പം വിവിധ സഭാ മേലദ്ധ്യക്ഷന്മാരും സ്റ്റേറ്റ്, കൗണ്ടി പ്രതിനിധികളും സാമൂഹിക പ്രവർത്തകരും പങ്കെടുക്കുന്നതാണ്.

ഈ കുടുംബ സംഗമവും സ്വീകരണവും ചരിത്രവിജയമാക്കി മാറ്റുവാൻ നിങ്ങൾ ഏവരുടേയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭിവന്ദ്യ യൽദോ മോർ തീത്തോസ് തിരുമേനിയും ജനറൽ കൺവീനർ റവ.ഫാ. പോൾ തോട്ടക്കാട്ടും, ജോയിന്റ് കൺവീനർ സിമി ജോസഫും കൗൺസിൽ അംഗങ്ങളും അറിയിച്ചു.




# ഏജി കോൺഫറൻസ് ജൂലൈ 23 മുതൽ ഹൂസ്റ്റണിൽ

ഹൂസ്റ്റൺ: അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യൻ ഫെലോഷിപ്പ് ഓഫ് നോർത്ത് അമേരിക്ക (AGIFNA)യുടെ 2026-ലെ ദേശീയ കോൺഫറൻസ് ജൂലൈ 23 മുതൽ 26 വരെ ടെക്സാസിലെ ഹൂസ്റ്റൺ പട്ടണത്തിൽ മാരിയറ്റ് വെസ്റ്റ്ചസ് ഹോട്ടലിൽ നടക്കും.

"പ്രെസെർവ് ദി അനോയ്ന്റിംഗ്" (മത്തായി 25:8-9) എന്നതാണ് സമ്മേളനത്തിന്റെ തീം. നാല് ദിവസങ്ങളിലായി ആത്മീയ ആരാധന, പ്രസംഗങ്ങൾ, പ്രാർത്ഥന, കുടുംബസംഗമം, യുവജന-കുട്ടികളുടെ പ്രത്യേക സെഷനുകൾ എന്നിവ ഉൾപ്പെടെ വിപുലമായ പരിപാടികളാണ് സംഘാടകർ ക്രമീകരിച്ചിരിക്കുന്നത്.

സമ്മേളനത്തിൽ റവ. ജോ തോമസ്, റവ.ഡോ. സണ്ണി പ്രസാദ്, റവ. നി

**പ്രസാദ് തീയാടിക്കൽ**

രൂപ് അൽഫോൻസ്, റവ.ഡോ. ടി.ജെ. സാമുവൽ, റവ. തോമസ് ഫിലിപ്പ്, റവ. കിപ്ലിൻ ബാച്ചിലർ, റവ. ദിലീപ് ത്യാഗരാജ്, സിസ്റ്റർ ഡോ. ആഷ്‌ലി പ്രത്യാശ്, റവ. ജോൺ തോമസ്, റവ. ജോർജ് പി. ചാക്കോ, റവ.ഡോ. കോശി വൈദ്യൻ, റവ. ബോവാസ് മാത്യു, സിസ്റ്റർ ഡോ. ഗ്രേസ് ഗീവർഗീസ്, പ്രൊഫ. എലിസബത്ത് സൈമൺ എന്നിവർ വിവിധ സെഷനുകളിൽ ശുശ്രൂഷിക്കും.



ഹൂസ്റ്റൺ മാരിയറ്റ് വെസ്റ്റ്ചസ് ഹോട്ടലിൽ നടക്കുന്ന ഈ കോൺഫറൻസിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.



കഥ

# ഒരു വട്ടം കൂടി

ജൂബി ഡോൺ പതിപ്ലാക്കിൽ

**ബ**സ്സിൽ നിന്നും ഇറങ്ങി പണ്ടത്തെ വഴികളിലൂടെ ഒന്നുകൂടി നടന്നു. ഇത്തവണ ഒറ്റയ്ക്കാണ് വരവ്; ചുമ്മാ ഒരു രസം.

പണ്ടത്തെ ചെമ്മൺ പാതയും വെട്ടുകല്ല് കൊണ്ട് ഉണ്ടാക്കിയ ചെറു മതിലുകളും എല്ലാം കറുത്ത മിനുമിനുത്ത ടാറിട്ട വഴികളും പല നിറത്തിലും തരത്തിലുമുള്ള വലിയ മതിലുകളും കൊണ്ട് മാറ്റി സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

പണ്ടിവിടെ ഒരു ബേക്കറി ഉണ്ടായിരുന്നു. ബസ് സ്റ്റോപ്പിന്റെ തൊട്ടടുത്ത കട. ഒറ്റമുറി ഷട്ടറിട്ടു പുറത്തുനിന്നും സാധനം വാങ്ങാൻ പറ്റുന്ന തരം കട. അവിടെ ഒരു കുഞ്ഞു ചില്ലലമാരയിൽ നാടൻ പലഹാരങ്ങളും നാരങ്ങാവെള്ളവും പലതരം വാഴക്കുലകളും ഒക്കെ ആയിരുന്നു വിറ്റിരുന്നത്. അവിടെ നിന്നാണ് ബന്ധുവീടുകളിലേക്കുള്ള പലഹാരങ്ങളൊക്കെ വാങ്ങിയിരുന്നത്.

ഇന്ന് അത് എ/സിയുടെ കുളിരുള്ള കണ്ണാടികടയായി പരിണാമം പ്രാപിച്ചിരിക്കുന്നു. ഉള്ളിലേക്ക് കയറിയപ്പോൾ ഒരു പത്തുപതിനഞ്ചു പേർക്ക് ഇരുന്നു ലഘുഭക്ഷണം കഴിക്കാനുള്ള സംവിധാനം ഉണ്ട്.

ഉള്ളിലെ ചില്ല് അലമാരികളിൽ കാക്കത്തൊള്ളായിരം പലഹാരങ്ങൾ. സ്വദേശിയും വിദേശിയും ആയ മിഠായികൾ, പലതരം പാനീയങ്ങൾ, മെനു കാർഡ് വരെ ഉണ്ട്. കടക്കാരനെയും ജീവനക്കാരെയും ഒന്നും പരിചയം തോന്നുന്നില്ല. പല നിറത്തിലും തരത്തിലും ഉള്ള പലഹാരങ്ങൾ എന്നെ നോക്കി പുച്ഛിച്ചു. കാരണം ഷുഗറും പ്രഷറും കൊളസ്ട്രോളും ആവശ്യത്തിൽ കൂടുതൽ ഉള്ളതുകാരണം ഭക്ഷണം നിയന്ത്രിക്കണം.

പണ്ട് ചെറുപ്പത്തിൽ തിന്നാൻ കൊതിയും വിശപ്പും ഉണ്ടായിരുന്നു. അന്ന് പക്ഷേ അമ്മയുടെ പേഴ്സിൽ പണം കുറവായിരുന്നു. പഠിച്ച് വലുതായി ജോലി കിട്ടിക്കഴിഞ്ഞ് ഇഷ്ടത്തിന് ലഡ്ഡുവും ജിലേബിയും ഒക്കെ വാങ്ങി കഴിച്ചോളാൻ അന്ന് അമ്മ പറഞ്ഞു. ഇന്ന് പേഴ്സിൽ പണം ആവശ്യത്തിൽ കൂടുതൽ ഉണ്ട്. പക്ഷേ, ശരീരം അനുവദിക്കുന്നില്ല. മനുഷ്യന്റെ ഓരോ അവസ്ഥകൾ. ഏതായാലും കേറിയതല്ലേ എന്നു കരുതി ഒരു മധുരം ഇല്ലാത്ത ചായ കുടിച്ചു. വീണ്ടും ഇറങ്ങി വഴിയിലെ കാഴ്ചകളിലേക്ക് കണ്ണോടിച്ചു.

പഴയ കെട്ടിട സമുച്ചയങ്ങൾ തന്നെ. പക്ഷേ, എല്ലാം മോടി പിടിപ്പിച്ചിരിക്കുന്നു. നല്ല ചായങ്ങൾ പൂശിയും കണ്ണാടി ചുവരുകൾ നിർമ്മിച്ചും എല്ലാം പരിഷ്കരിക്കപ്പെട്ടിരിക്കുന്നു. പള്ളിയുടെ നേരെ എതിരെ ഒരു ചായക്കട ഉണ്ടായിരുന്നു. അപ്പച്ചനൊക്കെ രാവിലെ കുർബാന കഴിഞ്ഞു ഒരു കാലിച്ചായ കുടിച്ചു നാട്ടുവർത്തമാനങ്ങൾ പറയാനും റേഡിയോ കേൾക്കാനും ഒക്കെ വന്നിരുന്ന സ്ഥലം. ഇന്ന് അത് എസി, നോൺ എസി ഫാമിലി റെസ്റ്റോറന്റ് ആണ്. പഴയ അപ്പാപ്പൻ ഒക്കെ മരിച്ചുപോയോ ആവോ? ഒരു ചെറുപ്പക്കാരനാണ് ഇപ്പോൾ ക്യാഷ് കൗണ്ടറിൽ ഇരിക്കുന്നത്.

പള്ളിയുടെ മുന്നിലൂടെ ആണ് വഴി. പഴയ നീലയും വെള്ളയും കുമ്മായം പൂശിയ നീളൻ പള്ളിയുടെ സ്ഥാനത്ത് ഇന്ന് ഒരു അത്യാഡംബര സമുച്ചയം! കോടികൾ മുടക്കി പുതിയ പള്ളി പണിത കാര്യം ഞാനും കേട്ടായിരുന്നു. എന്നാൽ, പിന്നെ ഒന്ന് കണ്ടുകളയാം എന്നു കരുതി. ഇടദിവസം ആരുന്നു എങ്കിലും ഒരു വശത്തെ വാതിൽ തുറന്നു കിടന്നിരുന്നു. അതിലൂടെ അകത്തേക്ക് കയറി. എന്റെ തോമ്മാശ്ലീഹായേ നിന്റെ ഒരു ഭാഗ്യം!

നല്ല കുളിർമയുള്ള അകത്തളം, വിലകൂടിയ വിദേശ നിർമ്മിത ഗ്രാനൈറ്റ് പാകിയ തറ, അതിനു മീതെ പതുപതുത്ത പരവതാനികൾ. അറബിക്കഥകളെ അനുസ്മരിപ്പിക്കുന്ന അത്ഭുതവിളക്കുകൾ, കൊത്തുപണികൾ നിറഞ്ഞ മേൽക്കൂര, വർണാഭമായ സ്വർണം പൂശിയ അൾത്താര, അതിന്റെ നടുക്ക് കുരിശിൽ തൂങ്ങിയ കർത്താവ്. കർത്താവിനു മാത്രം ഒരു മാറ്റവും ഇല്ല.

മുകളിലേക്ക് നോക്കിയപ്പോൾ ഭീമാകാരമായ രണ്ട് സെയ്‌ലിംഗ് ഫാനുകൾ. ഹെലികോപ്റ്ററിൽ ഒക്കെ റീസോർ ബ്ലേഡ് പോലെ! വേറെ ഏതോ പള്ളിയിൽ ഇത് വൃത്തിയാക്കാൻ കയറി താഴെ വീണു ജീവൻ പൊലിഞ്ഞ മലയാളിയെയും ബംഗാളിയെയും ഞാൻ ഒരു നിമിഷം മനസ്സിൽ സ്മരിച്ചു. എന്തോ ഈ പള്ളിയിൽ പ്രാർത്ഥിക്കാൻ തോന്നിയില്ല. പുറത്തിറങ്ങി സെമി



കഥാകൃത്ത്

ത്തേരിയിൽ പോയി മരിച്ചുപോയ കാരണവന്മാരെ ഒക്കെ സന്ദർശിച്ചു, സംസാരിച്ചു, കുറച്ചുനേരം പ്രാർത്ഥിച്ചു. പിന്നെ കുറെനേരം പള്ളിക്കു സമാന്തരമായ വയലിലേക്കു നോക്കി വെറുതേ നിന്നു. ഉള്ളിൽ പഴയകാലത്തെ പള്ളി സ്മരണകളുടെ പെരുന്നാൾ.

വീണ്ടും നാട്ടുവഴിത്താരകളിലേക്ക്. ഞാൻ ഉൾപ്പെടെ ഒരുപാടു കുഞ്ഞുങ്ങൾ പിറന്നുവീണ ഒരു കുഞ്ഞു ക്ലിനിക്ക് ഇവിടെ ഉണ്ടായിരുന്നു. ഇന്ന് അത് ഒരു മൾട്ടി സ്പെഷ്യാലിറ്റി ബഹുനില സമുച്ചയമാണ്. എന്റെയൊക്കെ പ്രസവം എടുത്ത ഡോക്ടർ റിട്ടയർ ആയി ഭരണം പുതിയ തലമുറയ്ക്ക് കൈമാറി.

ആമ്പലും താമരയും തെളിനീരും നിറഞ്ഞ തോടും ഹരിതാഭമായ വയലും താറാവിൻ കൂട്ടവും ഒക്കെ പ്രതീക്ഷിച്ചു ഞാൻ മുന്നോട്ടു നടന്നു. വളവു തിരിഞ്ഞു ഇറക്കം ഇറങ്ങി വന്നപ്പോൾ കണ്ട കാഴ്ച എന്നെ തളർത്തിക്കളഞ്ഞു. പോളയും പായലും അടിഞ്ഞു വൃത്തിഹീനമായ ചെളിവെള്ളം കെട്ടിക്കിടക്കുന്ന തോട്. വർഷങ്ങളായി കൃഷി ചെയ്യാതെ കള കേറി നശിച്ചുകിടക്കുന്ന ഏക്കർ കണക്കിന് പാടശേഖരം. താറാവ് പോയിട്ട് തൂവൽ പോലും കാണാൻ ഇല്ല. കര കയ്യേറി കയ്യേറി ചെറിയ ചെറിയ പെട്ടിക്കടകൾ, കരിക്ക്, ചെറുകടികൾ, കപ്പ, പുഴമീൻ അങ്ങനെയങ്ങനെ ചെറുകിട ബിസിനെസ്സുകൾ. കാൽനട യാത്രക്കാർ കുറവായതിനാൽ കടന്നുവരുന്ന വാഹനങ്ങൾ പാർക്കു ചെയ്തു സാധനങ്ങൾ വാങ്ങിപ്പോകുന്നു. ചിലർ വലിയ ധൃതിയിൽ ചില്ലുമാത്രം താഴ്ത്തി സാധനം വാങ്ങിപ്പോകുന്നു. ഈ കടകളുടെ എല്ലാം അവശിഷ്ടങ്ങൾ തോട്ടിലും പാടത്തും ഒക്കെ വലിച്ചെറിയപ്പെട്ടിരിക്കുന്നു.

ഇത് എന്റെ നാടല്ല, എന്റെ നാട് ഇങ്ങനെ അല്ല.

വീണ്ടും മുന്നോട്ട്, ഇനിയും എന്തൊക്കെ കാണണം? പഴയ ഊടുവഴികളും കയ്യാലയും ഒന്നും കാണാൻ ഇല്ല. എല്ലാരും അവരവരുടെ വീടും പറമ്പും വലിയ മതിലുകൾ കെട്ടി മറച്ചിരിക്കുന്നു. മിക്ക വീട്ടിലും ഒരു ഇരുചക്രവാഹനമോ നാൽചക്ര വാഹമോ ഉണ്ട്. പരിചയമുള്ള ഒരു മുഖവും ഇതുവരെ കണ്ടില്ല. എല്ലാവരും എനിക്ക് അന്യരാണ്. പഴയ എൽ.പി. സ്കൂളിന്റെ പരിസരം ആയി. വഴിയിൽനിന്ന് നോക്കിയാൽ നീളൻ വരാന്തയും ക്ലാസ് മുറികളും നടുമുറ്റവും കളിസ്ഥലവും ഒക്കെ കാണാമാരുന്നു. ഇന്ന് വലിയ മതിലും കൂറ്റൻ ഗേറ്റും മറച്ച ഒരു ബഹുനില കെട്ടിടം കാണാം. അകത്ത് കുട്ടികൾ ഉണ്ടാകുമോ എന്തോ!

പഴയ കുരിശുപള്ളി കവല എത്തി. ചുറ്റും ഒന്നു നോക്കി. വേലികെട്ടി തിരിച്ച ഒറ്റനിലയുള്ള ഇഷ്ടിക വീടുകൾ ഒന്നുപോലും കാണാൻ ഇല്ല. പകരം സിമന്റും കമ്പിയും കൊണ്ട് നിർമ്മിച്ച ഇരുനില മാളികകൾ. പഴയ പലചരക്കു കട ഇന്ന് സൂപ്പർ മാർക്കറ്റ് ആയി മാറി. ഒറ്റ ഷട്ടറിന്റെ ഒരു ബാർബർഷോപ്പ് ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോ ഹെയർ സലൂൺ. മുടി വെട്ടുന്നവൻ ബംഗാളി ആണെന്നു തോന്നുന്നു. പഴയ തയ്യൽക്കട ഫാഷൻഹൂബ് ആയി മാമ്മോദീസ മുങ്ങിക്കഴിഞ്ഞു.

കുറച്ചു ബന്ധുവീടുകളൊക്കെ സന്ദർശിച്ചു. എല്ലാ വീട്ടിലും പ്രായമായ ഒരു അപ്പച്ചനും അമ്മച്ചിയും മാത്രം. ചില വീടുകളിൽ വേലക്കാരോ ഹോം നേഴ്സോ ഉണ്ട്. പെട്ടെന്ന് ഒരു പരിചിത മുഖം കണ്ടപ്പോൾ എല്ലാവർക്കും സന്തോഷം, ആവേശം. കുറച്ചുനേരം വിശേഷങ്ങളൊക്കെ പങ്കുവെച്ച് കഴിഞ്ഞ് ഞാൻ എന്റെ അയനം തുടർന്നു.

പിന്നിട്ട വഴികളിലൊന്നും ഒരു കാൽനട യാത്രക്കാരനെയും ഞാൻ കണ്ടില്ല. കാറുകളും ഇരുചക്രവാഹനങ്ങളും ഓട്ടോറിക്ഷകളും തുരുതുരാ പാഞ്ഞു പോകുന്നു. ബസ് സർവീസ് ഇല്ലാത്ത വഴി ആയതുകൊണ്ട് അതുമാത്രം കണ്ടില്ല. ഞാൻ മാത്രമാണ് ഏകാന്ത പഥികൻ. ചില വീടുകളുടെ സിറ്റ്ഔട്ടിൽ നിന്നും ചിലർ തലപൊക്കി നോക്കി. ഏതവനാ ഈ നടന്നു പോകുന്നത് എന്ന മട്ടിൽ. ആ ആരെങ്കിലും ആവട്ടെ എന്ന ഭാവത്തിൽ വീണ്ടും ചതുര സ്ക്രീനിന്റെ വെള്ളിവെളിച്ചത്തിലേക്ക് തല കുമ്പിട്ട് ഇരിക്കുന്നവർ.

അവസാനം തറവാടിന്റെ അടുത്ത് എത്താറായി. നേരം ഉച്ചയോട് അടുക്കുന്നു. ചുമ്മാ വീടുകളുടെ ചിമ്മിനിയിലേക്ക് ഒന്ന് എത്തിനോക്കി. ഒരു വീട്ടിലും അടുപ്പ് പുകയുന്നില്ല. ചില അടുക്കളകളിൽ നിന്ന് കുക്കറിന്റെ വിസിൽ കേൾക്കാം. (ശേഷം 34-ാം പേജിൽ)

# സി.ടി.എം.എ കുടുംബസംഗമം ആവേശമായി

ബിജു മുണ്ടക്കൽ

ചിക്കാഗോ: സി.ടി.എം.എയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കുടുംബ പിക്നിക് അംഗങ്ങളുടെ സജീവ പങ്കാളിത്തത്തോടെയും ആവേശകരമായ പരിപാടികളോടെയും അതിഗംഭീര വിജയമായി. കുടുംബാംഗങ്ങൾ ഒന്നിച്ചുചേർന്ന് സന്തോഷവും സൗഹൃദവും പങ്കുവെച്ച ഈ ദിനം എല്ലാവരുടെയും മനസ്സിൽ മായാത്ത ഓർമ്മകൾ സമ്മാനിച്ചു.

രാവിലെ മുതൽ വൈകുന്നേരം വരെ വിവിധ വിനോദപരിപാടികൾ, കായിക മത്സരങ്ങൾ, കുട്ടികൾക്കും മുതിർന്നവർക്കുമായി ഒരുക്കിയ ഗെയിമുകൾ, കലാപരിപാടികൾ, സൗഹൃദ സംഭാഷണങ്ങൾ എന്നിവ പിക്നിക്കിനെ കൂടുതൽ ആകർഷകമാക്കി. കുടുംബാംഗങ്ങൾ പരസ്പരം കൂടുതൽ അടുത്തറിയാനും പുതിയ സൗഹൃദങ്ങൾ വളർത്തിയെടുക്കാനും ഈ സംഗമം മികച്ച അവസരമായി.

വിജയകരമായ ഈ പരിപാടി യാഥാർത്ഥ്യമാക്കാൻ അക്ഷീണം പരിശ്രമിച്ച കോ-ഓർഡിനേറ്റർമാരായ ടോമി മെത്തിപ്പാറ, മോൺസി, സാക്ക്, സണ്ണി, ബിജി, ഷാബു, റോയ്, ഡെൻസി, സൈമൺ എന്നിവർക്കും പരിപാടിയുടെ എല്ലാ ഘട്ടങ്ങളിലും ആത്മാർത്ഥമായി പ്രവർത്തിച്ച എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്കും സംഘാടകർ ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തി. അവരുടെ കഠിനാദ്ധ്വാനവും അർപ്പണബോധവും സംഘാടനമികവും കൊണ്ടാണ് പരിപാടി വൻ വിജയമായി മാറിയത്.

പിക്നിക്കിൽ പങ്കെടുത്ത എല്ലാ കുടുംബങ്ങൾക്കും സന്നദ്ധപ്രവർത്തകർക്കും വിവിധ രീതികളിൽ സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി അറിയിച്ചു. ഓരോരുത്തരുടെയും സാന്നിദ്ധ്യവും സഹകരണവും ഈ കുടുംബസംഗമത്തെ കൂടുതൽ മനോഹരവും അവിസ്മരണീയവുമാക്കി. ഇത്തരം കുടുംബസംഗമങ്ങൾ അംഗങ്ങൾ തമ്മിലുള്ള ഐക്യം, സ്നേഹം, സഹകരണം, കൂട്ടായ്മ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വലിയ പങ്കു വഹിക്കുന്നുവെന്ന് സംഘാടകർ അഭിപ്രായപ്പെട്ടു.

എല്ലാവരെയും വീണ്ടും ഒരുമിപ്പിക്കുന്ന അടുത്ത പരിപാടിയായ റിട്ടയർമെന്റ് & ബാങ്കറ്റ് പാർട്ടി അടുത്ത ജനുവരിയിൽ സംഘടിപ്പിക്കുമെന്ന് സംഘാടകർ അറിയിച്ചു.

ഈ പരിപാടിയിലും എല്ലാ അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും സജീവപങ്കാളിത്തം പ്രതീക്ഷിക്കുന്നതായും അവർ അറിയിച്ചു. ഈ കുടുംബസംഗമത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും പ്രവർത്തകർക്കും അഭ്യുദയകാംക്ഷികൾക്കും സംഘാടകർ ഒരിക്കൽക്കൂടി ഹൃദയംനിറഞ്ഞ നന്ദി അറിയിച്ചു.



# ഫൊക്കാന കൺവൻഷൻ വേദിക്ക് 'അനിരുദ്ധൻ നഗർ' എന്ന പേരു നല്കി

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: മലയാളികളുടെ ഏറ്റവും പുരാതനവും ഏറ്റവും വലിയ സാംസ്കാരിക കൂട്ടായ്മയുമായ ഫൊക്കാന കൽഹാരിയിൽ വെച്ച് നടത്തുന്ന 2026 അന്തർദ്ദേശീയ കൺവൻഷൻ വേദിക്ക് സംഘടനയുടെ സ്ഥാപക നേതാവും മുൻ പ്രസിഡണ്ടുമായിരുന്ന പരേതനായ ഡോ. എം. അനിരുദ്ധന്റെ പേര് നല്കാൻ തീരുമാനിച്ചു. കൺവൻഷൻ വേദി ഇനി 'അനിരുദ്ധൻ നഗർ' എന്ന പേരിലായിരിക്കും അറിയപ്പെടുക.

കഴിഞ്ഞവർഷം അന്തരിച്ച ഡോ. അനിരുദ്ധന്റെ സംഘടനാപരമായ സേവനങ്ങളെയും ഫൊക്കാനയുടെ വളർച്ചയ്ക്കായി നല്കിയ സമാനതകളില്ലാത്ത സംഭാവനകളെയും അനുസ്മരിച്ചാണ് ഈ തീരുമാനം. സംഘടനയുടെ ചരിത്രത്തിൽ നിർണായകമായ വഴിത്തിരിവായി ഈ പ്രഖ്യാപനത്തെ ഫൊക്കാന നേതാക്കൾ വിശേഷിപ്പിച്ചു.

1983-ൽ ഫൊക്കാനക്ക് രൂപം നല്കുന്നതിൽ നിർണായക പങ്കുവഹിച്ച ആദ്യകാല പ്രവർത്തകരിൽ പ്രമുഖനായിരുന്നു ഡോ. എം. അനിരുദ്ധൻ. മുൻ ഇന്ത്യൻ പ്രസിഡണ്ട് കെ.ആർ. നാരായണൻ, ടി.പി. ശ്രീനിവാസൻ, ഡോ. എം. അനിരുദ്ധൻ എന്നിവരുടെ കൂട്ടായ പ്രവർത്തനമാണ് ഫൊക്കാന എന്ന സംഘടനയ്ക്ക് തുടക്കം. രാഷ്ട്രീയ ചേരിതിരിവുകൾക്ക് അതീതമായി എല്ലാ വിഭാഗങ്ങളെയും ഒരുമിപ്പിക്കുന്ന സംഘടനയായി ഫൊക്കാനയെ വളർത്തിയെടുക്കുന്നതിൽ ആദ്യപ്രസിഡണ്ട് എന്ന നിലയിൽ ഡോ. എം. അനിരുദ്ധന്റെ ദീർഘവീക്ഷണവും നേതൃത്വപാടവവും നിർണായകമായിരുന്നു. കേരളത്തിൽ ഭരണകൂടങ്ങൾ മാറിമാറി വന്നപ്പോഴും സർക്കാരുകളുമായുള്ള ഊഷ്മള ബന്ധം നിലനിർത്താൻ സംഘടനയെ നയിച്ചതും അദ്ദേഹത്തിന്റെ സമീപനമായിരുന്നുവെന്ന് പ്രസിഡണ്ട് സജിമോൻ ആന്റണി അനുസ്മരിക്കുന്നു.

ഡോ. അനിരുദ്ധന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഫൊക്കാന കൺവൻഷനുകളും സാമൂഹിക ഇടപെടലുകളും ഇന്നും സംഘടനയ്ക്ക് മാതൃകയാണെന്ന് നേതാക്കൾ ചൂണ്ടിക്കാട്ടുന്നു. കേരളത്തിൽ ഫൊക്കാന കൺവൻഷൻ സംഘടിപ്പിക്കുന്ന പതിവിന് തുടക്കമിട്ടതിലും അദ്ദേഹത്തിന്റെ പങ്ക് നിർണായകമായിരുന്നു.

'വാട്ട് ഈസ് ഫൊക്കാന' എന്ന ചോദ്യം ഒരിക്കൽ കേരള പി.എസ്.സി പരീക്ഷയിൽ ഉൾപ്പെട്ടത്, ഫൊക്കാനയെ മലയാളി സമൂഹത്തിൽ എത്രത്തോളം സുപരിചിതമാണ് എന്നതിന്റെ തെളിവ് കൂടിയാണ്. ഫൊക്കാനയ്ക്ക് മലയാളി സമൂഹത്തിൽ സുപരിചിതമാക്കുന്നതിൽ ഡോ. അനിരുദ്ധനും ആദ്യകാല പ്രവർത്തകരും നടത്തിയ പ്രവർത്തനങ്ങളുടെ വിജയത്തിന് തെളിവാണെന്നും ഫൊക്കാന പ്രവർത്തകർ അനുസ്മരിക്കുന്നു.

സ്ഥാപക തലമുറയുടെ കാഴ്ചപ്പാടിനും സേവനപാരമ്പര്യത്തിനും ആദരസൂചകമായാണ് കൺവൻഷൻ വേദിയെ അനിരുദ്ധൻ നഗർ എന്നു നാമകരണം ചെയ്തിരിക്കുന്നതെന്ന് ഫൊക്കാന നേതൃത്വം അറിയിച്ചു. ഈ തീരുമാനം പുതിയ തലമുറയ്ക്ക് സംഘടനയുടെ ചരിത്രവും മൂല്യങ്ങളും പകർന്നു നല്കുന്ന സ്ഥിരസ്മാരകമാകുമെന്നും അവർ വ്യക്തമാക്കി.




# ആദ്യത്തെ എഐ സാക്ഷരതാ മണ്ഡലമാകാൻ ഒരുങ്ങി കടുത്തുരുത്തി

കടുത്തുരുത്തി: ഇന്ത്യയിലെ ആദ്യത്തെ എഐ സാക്ഷരതാ മണ്ഡലം എന്ന അതുല്യമായ നേട്ടം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ കടുത്തുരുത്തിയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കമായി. ജലവിഭവ-ഭവന വകുപ്പുമന്ത്രി മോൻസ് ജോസഫിന്റെ ദീർഘവീക്ഷണത്തിൽ വിഭാവനം ചെയ്ത് കഴിഞ്ഞ ജൂൺ മാസത്തിൽ ഔദ്യോഗികമായി ലോഞ്ച് ചെയ്ത 'എഐ ഐക്യം' പദ്ധതിയുടെ തുടർച്ചയായാണ് ഇപ്പോൾ മണ്ഡലത്തിലെ സ്കൂളുകൾ കേന്ദ്രീകരിച്ച് വിപുലമായ ട്രെയിനിങ് പ്രോഗ്രാമുകൾക്ക് തുടക്കം കുറിച്ചിരിക്കുന്നത്.

ഇമ്മാനുവൽ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ മാനേജിങ് ട്രസ്റ്റി ഡോ. ജോസഫ് സണ്ണി കുന്നശ്ശേരിയുടെ നേതൃത്വത്തിലാണ് മാതൃകാപരമായ ഈ പദ്ധതി മണ്ഡലത്തിൽ നടപ്പിലാക്കുന്നത്. സാങ്കേതിക വിദ്യയുടെ അനന്ത സാദ്ധ്യതകൾ സാധാരണക്കാരായ ജനങ്ങളിലേക്ക് എത്തിക്കുന്നതിനൊപ്പം വരും തലമുറയെ രാജ്യാന്തര നിലവാരത്തിലുള്ള ഡിജിറ്റൽ അറിവിലേക്ക് നയിക്കുക കൂടിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ട്രെയിനിങ് ക്ലാസുകൾ വിജയകരമായി സംഘടിപ്പിച്ചു. പ്രമുഖ സാങ്കേതിക സ്ഥാപനമായ ആക്സിലറേറ്റ് കമ്പനി സ്ഥാപകൻ അലൻ കെ. ആന്റണിയാണ് ക്ലാസുകൾക്ക് നേതൃത്വം നല്കിയത്.

കടുത്തുരുത്തി ഗവൺമെന്റ് സ്കൂളിൽ രാവിലെ 10 മുതൽ 12 വരെ നടന്ന സെഷനിൽ എട്ടാം ക്ലാസ് മുതൽ പ്ലസ്ടു വരെയുള്ള നൂറ്റമ്പതിലധികം വിദ്യാർത്ഥികളും സെന്റ് മൈക്കിൾസ് സ്കൂളിൽ ഉച്ചകഴിഞ്ഞ് 3 മുതൽ 4 വരെ നടന്ന സെഷനിൽ എട്ട് മുതൽ പത്ത് വരെയുള്ള ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികളും പങ്കെടുത്തു.

ഇരുസ്കൂളുകളിലുമായി ഇരുനൂറിലധികം വിദ്യാർത്ഥികളാണ് ആദ്യഘട്ട ട്രെയിനിങ് പ്രോഗ്രാമിന്റെ ഭാഗമായത്. എഐ ടൂളുകൾ പഠനത്തിനായി എങ്ങനെ സുരക്ഷിതമായും ഉത്തരവാദിത്തത്തോടെയും ഉപയോഗിക്കാമെന്നും സ്വന്തമായി ഒരു 'എഐ സ്റ്റഡി പ്ലാനർ' എങ്ങനെ തയ്യാറാക്കാമെന്നും ക്ലാസിലൂടെ കുട്ടികളെ തത്സമയം പഠിപ്പിച്ചു.

കുട്ടികളിൽ വലിയ അക്കാദമിക് ഉണർവ് സമ്മാനിച്ച ഈ ട്രെയിനിങ് പ്രോഗ്രാം മണ്ഡലത്തിലെ വരുംതലമുറയുടെ ഡിജിറ്റൽ ശാക്തീകരണത്തിൽ വലിയൊരു നാഴികക്കല്ലാകും.





# DR. JEAN PUTHENPURACKAL PROMOTED TO FULL PROFESSOR AT CITY COLLEGES OF CHICAGO

CHICAGO: Dr. Jean Puthenpurackal has been promoted to Full Professor at the City Colleges of Chicago, becoming the youngest person of Indian origin to currently hold the prestigious rank in the Health Sciences Department.

The City Colleges of Chicago Board of Trustees confirmed Dr. Puthenpurackal's promotion to Full Professor on July 9th board meeting. He previously served as Associate Professor and as department Chair of Health Sciences at Malcolm X College.

Dr. Puthenpurackal's tenure at City Colleges of Chicago began in 2016 when he joined the faculty. Over the past nine years, he has distinguished himself in teaching, scholarship, service and leadership.

In the classroom, Dr. Puthenpurackal has taught courses in Radiologic Sciences and Health Information Technology. His academic career began within the City Colleges system. He immigrated to the United States with his parents and sister in 2004 to join their family in Chicago. After finishing high school education in India, he started his higher education at Wilbur Wright College,



one of City Colleges' seven campuses. From CCC, he earned an Associate in Applied Science with honors before completing a bachelor's degree with magna cum laude and a master's degree with distinction. He later earned a Doctor of Philosophy. His published dissertation, "The Socio-Cognitive Aspects of Collaborative Learning and Community Colleges"examines instructional practices in higher education.

Beyond academia, Dr. Puthenpurackal maintains an active role in community service. He served as the founding Vice President of the Keralite American Association, a nonprofit focused on cultural and charity outreach.

The promotion places Dr. Puthenpurackal among the youngest faculty members to attain full professorship within City Colleges Health Sciences Department. City Colleges of Chicago serves more than 60,000 students annually across seven colleges and is one of the largest community college systems in the United States.

# ബഹിരാകാശത്തേക്കു മലയാളിയുടെ കാൽപ്പതിപ്പ്



ഒറ്റപ്പാലം: ബഹിരാകാശത്തെത്തുന്ന ആദ്യമലയാളിയെന്ന നേട്ടത്തിലേക്ക് നാസയിലെ ശാസ്ത്രജ്ഞൻ ഡോ. അനിൽമേനോൻ എത്തുമ്പോൾ പാലക്കാടിനും ഒറ്റപ്പാലത്തിനും അഭിമാനിക്കാം. ജനിച്ചത് അമേരിക്കയിലാണെങ്കിലും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ മലയാളിയായ ആദ്യ അദ്ധ്യക്ഷൻ ചേറ്റൂർ ശങ്കരൻനായരുടെ പിന്മുറക്കാരനാണ് അനിൽമേനോൻ. എട്ടുമാസം നീളുന്ന ദൗത്യത്തിനാണ് അനിൽമേനോൻ ഉൾപ്പെട്ട സംഘം കസാക്കിസ്താനിലെ ബൈക്കോനൂർ കോസ്മോഡ്രോമിൽനിന്ന് റഷ്യയുടെ സോയൂസ് എം.എസ്.-29 പേടകത്തിൽ ജൂലൈ 13-ന് ചൊവ്വാഴ്ച പുറപ്പെടുന്നത്. എട്ടുമാസത്തോളം അനിൽ ബഹിരാകാശത്തുണ്ടാകും.

ബ്രിട്ടീഷ് ഇന്ത്യയിൽ അഡ്വക്കേറ്റ് ജനറലായ ആദ്യ ഇന്ത്യക്കാരനായ ചേറ്റൂർ ശങ്കരൻനായർ വൈസ്രോയിയുടെ കൗൺസിൽ അംഗമായിരിക്കെ ജാലിയൻവാലാബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് രാജിവെക്കുകയായിരുന്നു. ചേറ്റൂരിന്റെ മൂന്നാമത്തെ മകളാണ് കിഴക്കേപ്പൊട്ട് പാലാട്ട് മാധവിയമ്മ. മാധവൻ അറത്തിൽ കാൻഡത്തിന്റെയും (എം.എ. കാൻഡത്ത്) മാധവിയമ്മയുടെയും രണ്ടാമത്തെ മകളാണ് കല്യാണിക്കുട്ടിയമ്മ. ഇവരുടെയും മങ്ങാട്ട് ഗോപാൽമേനോന്റെയും മകനാണ് അനിൽമേനോന്റെ അച്ഛൻ കിഴക്കേപ്പൊട്ട് പാലാട്ട് ശങ്കരൻമേനോൻ. യുക്രെയ്നിൽ ജനിച്ച് അമേരിക്കയിലേക്ക് കുടിയേറിയ ലിസ സാമോലെങ്കോയാണ് അനിൽമേനോന്റെ അമ്മ. ബഹിരാകാശ ശാസ്ത്രജ്ഞയായ അന്ന മേനോനാണ് (അന്ന വിൽഹെം) ഭാര്യ. അച്ഛമ്മയായ കല്യാണിക്കുട്ടിയമ്മയെ കാണാൻ അനിൽമേനോൻ പാലക്കാട്ടെത്താറുണ്ടായിരുന്നു. 2024-ലാണ് അവസാനം വന്നത്. ആ വർഷം കല്യാണിക്കുട്ടിയമ്മ മരിച്ചു. അച്ഛൻ കെ.പി. ശങ്കരൻമേനോൻ ഇപ്പോൾ അമേരിക്കയിലാണ്. ഇടയ്ക്ക് ഡൽഹിയിൽ വന്ന് താമസിക്കാറുണ്ടെന്നും ബന്ധുക്കൾ പറയുന്നു.

# കരൂരിന് വിജയിന്റെ കരുതൽ

ചെന്നൈ: തന്നെ സ്നേഹിച്ചവരാണ് കരൂരിൽ തെരഞ്ഞെടുപ്പ് റാലിക്കിടെ മരിച്ചതെന്നു പറഞ്ഞ് തമിഴ്നാട് മുഖ്യമന്ത്രി സി. ജോസഫ് വിജയ് മരിച്ചവരുടെ ആശ്രിതരായ 31 പേർക്ക് സർക്കാർ ജോലിക്കുള്ള നിയമന ഉത്തരവ് നല്കി. കരൂർ കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ ദുരന്തത്തിന്റെ ഇരകളോട് മുഖ്യമന്ത്രി നേരിട്ട് സംസാരിച്ചു.


32 പേരെ തെരഞ്ഞെടുത്തെങ്കിലും ഒരാൾ ജോലി വേണ്ടെന്നു പറഞ്ഞതോടെ 10 ലക്ഷം രൂപ നല്കി. അതിനിടെ നിയമന ഉത്തരവ് കോടതിയുടെ അന്തിമ തീരുമാനത്തിനു വിധേയമായിരിക്കുമെന്ന് മദ്രാസ് ഹൈക്കോടതി വ്യക്തമാക്കി.

കരൂരിൽ 41 പേർ മരിക്കാൻ കാരണം ഡിഎംകെയുടെ നേതൃത്വത്തിൽ നടന്ന ചതിയാണെന്നും ആവർത്തിക്കാതിരിക്കാൻ സ്മാരകം നിർമിക്കുമെന്നും വിജയ് പ്രഖ്യാപിച്ചു.

സുരക്ഷാപ്രശ്നമുണ്ടാകുമെന്നു പോലീസ് മുന്നറിയിപ്പ് നല്കിയ യോഗങ്ങൾ നേതാക്കൾ റദ്ദാക്കിയിരുന്നു. എന്നാൽ, കരൂരിൽ പോലീസിന്റെ നിർദ്ദേശങ്ങളൊന്നും ലഭിച്ചില്ല. ജനങ്ങളുടെ ജീവൻ വെച്ചാണ് സ്റ്റാലിൻ രാഷ്ട്രീയം കളിച്ചതെന്നും വിജയ് ആരോപിച്ചു.

# ജീവിതഓട്ടം

സ്വപ്നം കാണുന്ന പെണ്ണേ നിന്റെ
തൂക്കത്തിൽ ആരെ കാണും നീ ഇപ്പോൾ
ഒരായിരം മൂളിപാട്ടുകൾ പാടാം ഞാൻ
കൂട്ടത്തിൽ സ്വപ്നകഥകളും ചൊല്ലാം
നേരം വെളുക്കുന്ന സമയം അടുക്കുമ്പോൾ
ഹരിഹര കീർത്തന പാട്ടുകൾ കേൾക്കാം
പാലമരത്തിൽ യക്ഷികൾ കൂടുമ്പോൾ
എന്റെ മനസ്സിൽ നീ ഉണ്ട് കൂട്ടിന്
പാടത്തെ നെൽമണി കതിരിന്റെ മേലെ
പ്രാവുകൾ കൂട്ടമായി പറക്കുന്ന കാണുന്നു
എന്നുടെ മനസ്സിലെ ചിന്തകൾ ഒക്കെ
ഓടിനടക്കുന്നു അതിരുകൾ ഇല്ലാതെ
ഇറ്റിറ്റു വീഴുന്ന മഴ തുള്ളികൾക്കിടയിൽ
ഒറ്റക്കായി പറക്കുന്ന കുരുവിക്കുഞ്ഞുങ്ങൾ
സുഖദുഃഖവാർത്തകൾ നമ്മൾക്കിടയിലും
നമ്മുടെ ജീവിത ഓട്ടം, ദൈവത്തിൻ കൈകളിൽ



ജെയിംസ് ചെട്ടിയാത്ത്

# സുപ്രധാന മേഖലകളിൽ ഇന്ത്യ-ഓസ്ട്രേലിയ ധാരണയായി

ന്യൂഡൽഹി: ഇന്ത്യയിലെ സിവിൽ ആണവ വൈദ്യുത പദ്ധതികൾക്കാവശ്യമായ യുറേനിയം ഓസ്ട്രേലിയ ലഭ്യമാക്കും. ഇതുൾപ്പെടെ സിവിൽ ആണവോർജം, സമുദ്ര സുരക്ഷ, അപൂർവ ധാതു എന്നീ മേഖലകളിൽ കൈകോർക്കാൻ ഇന്ത്യയും ഓസ്ട്രേലിയയും ധാരണയായി. ഇന്ത്യ-പസഫിക് മേഖലയിൽ സമാധാനാന്തരീക്ഷം ഉറപ്പാക്കുന്നതിനു യോജിച്ചു പ്രവർത്തിക്കാനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്തണി ആൽബനീസും തമ്മിൽ നടന്ന ചർച്ചയിൽ തീരുമാനമായിട്ടുണ്ട്. വിദ്യാഭ്യാസം, സാംസ്കാരികം, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ 18 കരാറുകളാണ് ഇരുരാജ്യങ്ങളും ഒപ്പുവെച്ചത്.

പ്രതിരോധ-സുരക്ഷാ മേഖലയിലെയും ഊർജ മേഖലയിലെയും സഹകരണം ശക്തമാക്കുമെന്ന് പ്രഖ്യാപിച്ച് സംയുക്ത പ്രസ്താവനയും പുറത്തുവിട്ടു. സൈബർ, സാങ്കേതിക വിദ്യ, സപ്ലൈ ചെയിൻ മേഖലയിലെ സഹകരണം എന്നിവ മെച്ചപ്പെടുത്താനുള്ള മാർഗരേഖയും അവതരിപ്പിച്ചിട്ടുണ്ട്. സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ, ഉഭയകക്ഷി നിക്ഷേപ സംരക്ഷണ കരാർ എന്നിവയ്ക്ക് എത്രയും വേഗം അന്തിമരൂപം നൽകാനുള്ള നടപടികളും സ്വീകരിക്കും. ഇന്ത്യ-ഓസ്ട്രേലിയ പ്രതിരോധ ഇടനാഴിക്കും തീരുമാനമായിട്ടുണ്ട്. കപ്പൽ നിർമാണം, അറ്റകുറ്റപ്പണി എന്നിവയിലും സഹകരിക്കും. 11, 12 നൂറ്റാണ്ടുകളിൽ തമിഴ്നാട്ടിൽ നിന്നു കണ്ടെത്തിയ മൂന്ന് പുരാവസ്തുക്കൾ ഇന്ത്യയ്ക്കു തിരികെ നൽകാനും ഓസ്ട്രേലിയ തീരുമാനിച്ചിട്ടുണ്ട്. ഓസ്ട്രേലിയയിലെ വിക്ടോറിയ സർവകലാശാലയ്ക്കു ഗുരുഗ്രാമിൽ ക്യാംപസ് ആരംഭിക്കാനുള്ള സമ്മതപത്രം കൈമാറി. ഫ്ളിൻഡേഴ്സ് യൂണിവേഴ്സിറ്റിക്കും ബെംഗളൂരുവിൽ ക്യാംപസ് ആരംഭിക്കാനുള്ള പ്രാഥമിക അനുമതിപത്രവും നൽകി.



'മോദി മീറ്റ്സ് മെൽബൺ' പരിപാടിക്കെത്തിയ ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്തണി ആൽബനീസും പ്രധാനമന്ത്രി നരേന്ദ്ര മോദിയും.

# ജാനകീനാദം നിശബ്ദമായി



കാലത്തെ അതിജീവിച്ച സ്വരം നിശബ്ദമായിരിക്കുന്നു. അനേകം തലമുറകളുടെ കണ്ണീരിനും പുഞ്ചിരിക്കുമൊപ്പം ഒഴുകിയ മാന്ത്രികസ്വരം. എസ്. ജാനകിയെന്ന വാനമ്പാടി ഇനി ഓർമ. ഭാഷകളുടെയും അതിരുകളുടെയും വേർതിരിവുകൾ മറികടന്ന് സംഗീതത്തെ വികാരമാക്കിയ ആ അപൂർവ ശബ്ദം ഇനി ആസ്വാദക ഹൃദയങ്ങളിൽ മാത്രം.

1938 ഏപ്രിൽ 23-ന് ആന്ധ്രപ്രദേശിലെ ഗുണ്ടൂരിൽ പള്ളപട്ല ഗ്രാമത്തിലാണു ജനനം. ആയുർവേദ ചികിത്സകനായിരുന്ന രാമമൂർത്തിയായിരുന്നു അച്ഛൻ. ചെറുപ്പത്തിലേ മാതാപിതാക്കളെ നഷ്ടമായ എസ്. ജാനകി അമ്മാവന്റെ സംരക്ഷണയിലാണു വളർന്നത്.

ശബ്ദത്തിലെ ശാലീനതയും ആലാപനത്തിലെ മാധുര്യവുമാണ് അവരെ വേറിട്ടു നിർത്തിയത്. പതിനേഴ് ഭാഷകളിലായി 48,000-ത്തോളം ഗാനങ്ങളാണ് ആ സ്വരമാധുരിയിൽനിന്നും ആസ്വാദകർക്കായി ഒഴുകിയത്. എല്ലാ ദക്ഷിണേന്ത്യൻ ഭാഷാ ചിത്രങ്ങളിലും പാടിയിട്ടുള്ള ജാനകി ഹിന്ദി, സിംഹള, ബംഗാളി, പഞ്ചാബി, ഒറിയ, ഇംഗ്ലീഷ്, സംസ്കൃതം, കൊങ്ങിണി, തുളു, സൗരാഷ്ട്ര, ബഡഗ, ജർമൻ ഭാഷകളിലും സ്വരസാന്നിധ്യമറിയിച്ചു. 1200-ൽ പരം മലയാള സിനിമാ ഗാനങ്ങൾക്കാണ് ജാനകിയമ്മ ശബ്ദം പകർന്നത്.

1957-ൽ പുറത്തിറങ്ങിയ മിന്നുന്നതെല്ലാം പൊന്നല്ല എന്ന ചിത്രത്തിലെ ഇരുൾ മൂടുകയോ എൻ വാഴ്‌വിൽ... എന്ന ഗാനത്തിലൂടെയാണ് ജാനകിയമ്മ മലയാളത്തിലേക്കെത്തുന്നത്.

നാദസ്വരവിദ്വാനായിരുന്ന പൈഡിസ്വാമിയുടെ കീഴിൽ സംഗീതത്തിന്റെ ബാലപാഠങ്ങൾ സ്വായത്തമാക്കിയ ഈ ഗായികയ്ക്ക് ശാസ്ത്രീയമായ സംഗീതപഠനം അധികമൊന്നും ഉണ്ടായിരുന്നില്ല. പക്ഷേ, സംഗീതം ആ ശ്വാസത്തിൽ ഇഴുകിച്ചേർന്ന ജീവിതധാരയായിരുന്നു. അതുകൊണ്ടുതന്നെ പാടിയ ഭാഷകളിലെല്ലാം ഹിറ്റുകളും സൂപ്പർഹിറ്റുകളുംകൊണ്ട് ജാനകിസ്വരം എക്കാലത്തെയും പ്രിയപ്പെട്ട ശബ്ദമായി.



സ്കൂൾ പഠനകാലത്തെ വേദികളിൽ എസ്. ജാനകിയുടെ ശബ്ദം മുഴങ്ങി. 1956-ൽ ആകാശവാണി നടത്തിയ അഖിലേന്ത്യാ സംഗീതമത്സരത്തിൽ രണ്ടാംസ്ഥാനം നേടിയതോടെ ഗായിക എന്ന നിലയിൽ ശ്രദ്ധിക്കപ്പെട്ടു. 1957-ൽ പുറത്തിറങ്ങിയ 'വിധിയിൻ വിളയാട്ട്' എന്ന തമിഴ് ചിത്രത്തിലാണ് ആദ്യം പാടിയത്. തുടർന്ന് എ.വി.എം. സ്റ്റുഡിയോയിൽ സ്റ്റാഫ് ഗായികയായി. 1957-ൽ എ.വി.എം. പ്രൊഡക്ഷന്റെ 'വിധിയിൻ വിളയാട്ട്' എന്ന തമിഴ് സിനിമയിൽ ടി. ചലപതി റാവുവിന്റെ സംഗീതസംവിധാനത്തിൽ ഒരു ഗാനം പാടി സിനിമാരംഗത്ത് ആദ്യ ചുവടുവെച്ചു.

മലയാളത്തിൽ എം.എസ്. ബാബുരാജിനു വേണ്ടിയാണ് കൂടുതൽ ഗാനങ്ങൾ അവർ ആലപിച്ചത്. തളിരിട്ട കിനാക്കൾതൻ... (മൂടുപടം), അഞ്ജന കണ്ണെഴുതീ... (തച്ചോളി ഒതേനൻ), സൂര്യകാന്തീ... (കാട്ടുപൂവ്), ഒരു കൊച്ചു സ്വപ്നത്തിൻ (തറവാട്ടമ്മ), താമര കുമ്പിളിലല്ലോ മമഹൃദയം (അന്വേഷിച്ചു കണ്ടെത്തിയില്ല), താനേ തിരിഞ്ഞും മറിഞ്ഞും... (അമ്പലപ്രാവ്) തുടങ്ങിയവയെല്ലാം ഇന്നും നാവിൻ തുമ്പിൽ നിൽക്കുന്നവ തന്നെ.

മികച്ച ഗായികയ്ക്കുള്ള ദേശീയ അവാർഡ് നാലു തവണയാണ് ലഭിച്ചത്. മികച്ച പിന്നണിഗായികയ്ക്കുള്ള കേരള സംസ്ഥാന അവാർഡ് 14 തവണയും തമിഴ്നാട് സർക്കാരിന്റെ അവാർഡ് ഏഴുതവണയും ആന്ധ്രപ്രദേശ് സർക്കാരിന്റെ അവാർഡ് പത്തുതവണയും ലഭിച്ചിട്ടുണ്ട്. 2013-ൽ പദ്മഭൂഷൻ ലഭിച്ചെങ്കിലും നിരസിച്ചു. ലളിതജീവിതം നയിച്ച ജാനകി പെരുമാറ്റത്തിലും എളിമപുലർത്തി. കൂടെ ജോലിചെയ്ത സംഗീതസംവിധായകർക്കൊക്കെ ആ ഗായിക അദ്ഭുതമായപ്പോൾ പുതിയതലമുറയ്ക്ക് പാഠപുസ്തകമായി.

പരേതനായ വി. രാമപ്രസാദാണ് ഭർത്താവ്. കഴിഞ്ഞ ജനുവരിയിലായിരുന്നു ഏക മകൻ മുരളീകൃഷ്ണന്റെ അപ്രതീക്ഷിത വിയോഗം. മരുമകൾ: ഉമ. പേരക്കുട്ടികൾ: അമൃതവർഷിണി, അപ്സര.

രണ്ടു ദേശീയ പുരസ്കാരങ്ങൾ തമിഴിൽ പാടിയ ഗാനങ്ങൾക്കായിരുന്നു. തമിഴ്നാട് സർക്കാരിന്റെ കലൈമാമണി പുരസ്കാരവും അവർക്ക് ലഭിച്ചു. തെലുങ്ക് സിനിമകളിലൂടെയായിരുന്നു അവരുടെ സിനിമാ അരങ്ങേറ്റവും. എസ്പിബിയുമൊത്ത് നിരവധി ഡ്യൂയറ്റ് പാട്ടുകളും അവർ തെലുങ്കിൽ ആലപിച്ചിട്ടുണ്ട്.

2017 ഒക്ടോബറിൽ മൈസൂരിലെ മാനസ ഗംഗോത്രി ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ പാടി സംഗീതരംഗത്തുനിന്നു പിൻവാങ്ങി. ഇനി പൊതുവേദിയിൽ പാടില്ലെന്ന് അവർ അവിടെ പ്രഖ്യാപിച്ചു. 2016-ൽ പുറത്തിറങ്ങിയ പത്തു കൽപ്പനകൾ എന്ന ചിത്രത്തിലായിരുന്നു അവരുടെ അവസാന സിനിമാഗാനം.

ശബ്ദം മൗനമായെങ്കിലും ജാനകിയമ്മ പാടിയ ഓരോ ഗാനവും സംഗീതാസ്വാദകരുടെ ഹൃദയങ്ങളിൽ ഇന്നും അനശ്വരമായി മുഴങ്ങുമെന്ന് തീർച്ച. ഇത് ഒരു യുഗത്തിന്റെ അവസാനമാണെങ്കിലും ആ സ്വരമാധുര്യം ഒരിക്കലും അസ്തമിക്കില്ല.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 95.76 |
| യൂറോ | 109.18 |
| സ്റ്റെർലിംഗ്പൗണ്ട് | 128.13 |
| സ്വിസ് ഫ്രാങ്ക് | 118.23 |
| സിംഗപ്പൂർ ഡോളർ | 74.00 |
| കനേഡിയൻ ഡോളർ | 67.63 |
| ഒമാൻ റിയാൽ | 249.11 |
| ബഹ്റൈൻ ദിനാർ | 253.38 |
| സൗദി റിയാൽ | 25.48 |
| യു.എ.ഇ. ദിർഹം | 26.07 |
| കുവൈത്ത് ദിനാർ | 309.29 |

## ഖത്തർ മുൻ അമീർ അന്തരിച്ചു

ദോഹ: ആധുനിക ഖത്തറിന് രൂപം നല്കിയ മുൻ അമീർ ശൈഖ് ഹമദ് ബിൻ ഖലീഫ അൻ താനി (74) അന്തരിച്ചു. 1995 മുതൽ 2013 വരെ ഭരണാധികാരിയായിരുന്നു. ഇദ്ദേഹത്തിന്റെ ഭരണകാലത്താണ് ഖത്തർ അന്താരാഷ്ട്രതലത്തിൽ വലിയ ശ്രദ്ധ നേടിയത്. അൽ ജസീറ ടിവി നെറ്റ്‌വർക്ക് സ്ഥാപിതമായതും 2022 ഫിഫ ലോകകപ്പിന് ആതിഥ്യം വഹിക്കാനുള്ള അവസരം ഖത്തർ നേടിയെടുത്തതും ഇക്കാലത്താണ്. ഖത്തറിനെ ലോകത്തിലെ ഏറ്റവും സമ്പന്നമായ രാജ്യങ്ങളിലൊന്നായി അദ്ദേഹം മാറ്റി. എജ്യൂക്കേഷൻ സിറ്റി സ്ഥാപിച്ച് ലോകോത്തര സർവകലാശാലകളെ ഖത്തറിലേക്ക് കൊണ്ടുവന്നു. 2013-ലാണ് നാലാമത്തെ മകനും നിലവിലെ അമീറുമായ ശൈഖ് തമീം ബിൻ ഹമദ് താനിക്ക് അധികാരം കൈമാറിയത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഇന്ത്യ ഒരു ദിവസത്തെ ദുഃഖാചരണം പ്രഖ്യാപിച്ചിരുന്നു. സർക്കാർ സ്ഥാപനങ്ങളിൽ ദേശീയ പതാക താഴ്ത്തിക്കെട്ടുകയും ഔദ്യോഗിക ആഘോഷങ്ങൾ ഒഴിവാക്കുകയും ചെയ്തു.

## ക്രൂഡ് ഓയി വില കുതിക്കുന്നു

മുംബൈ: പശ്ചിമേഷ്യൻ സംഘർഷത്തിനു പിന്നാലെ ക്രൂഡ്ഓയിൽ വിലയിൽ കുതിപ്പ്. ബ്രെൻഡ് ക്രൂഡ്ഓയിൽ വിലയിൽ നാല് ശതമാനം വർദ്ധനയാണുണ്ടായിരിക്കുന്നത്. ഇതോടെ എണ്ണവില ബാരലിന് 79 ഡോളറിലെത്തി. ഹോർമുസിൽ ജി.എഫ്.എസ്.ഗാലക്സി എന്ന കപ്പൽ ആക്രമിക്കപ്പെട്ടതിനു പിന്നാലെയാണ് സംഘർഷാവസ്ഥ വീണ്ടും ഉയർന്നത്. രാജ്യത്ത് എണ്ണക്കമ്പനികൾ എണ്ണവില കുറയ്ക്കുമെന്നു പറഞ്ഞത് ഇതോടെ ആശങ്കയായിരിക്കുകയാണ്.



# THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



FOR BOOKING

ABRAHAM THANNIKARI
+1 346- 285-1633
athannikari@hotmail.com

JENNI THANNIKARI
+1 713-280-8688

SOBHANA
+91 965 616 8399

# GREEN NESTLE VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

# B&M AUTO COLLISION CTR

Fast & Efficient
Quality Repair
We work with all Insurance Companies





Call Anish Eapen
773-263-9863

4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to
**alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

## SEEKING BRIDEGROOM CONTD.....

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# നിര്യാതരായി

## ബാബു ജോസഫ്

**ചങ്ങനാശേരി:** ഹോട്ടൽ എലൈറ്റ് ഉടമ അങ്ങാടി ചിങ്ങംപറമ്പിൽ ബാബു ജോസഫ് (84) അന്തരിച്ചു. ഭാര്യ ആലപ്പുഴ നിരയത്ത് ആനിയമ്മ ബാബു. മക്കൾ: ജോഫി ബാബു (ഹോട്ടൽ എലൈറ്റ് ചങ്ങനാശേരി), മെറിൻ ജയ്, അലക്സ് ബാബു (യുഎസ്). മരുമക്കൾ: ജിൻസ് ജോസഫ് പാടിക്കകുന്നേൽ വായ്പൂര്, ജയ് ജോൺ പേരയിൽ വൈക്കം (ഡിസിസി ട്രഷറർ), സുജ ആന്റണി വട്ടോളി എറണാകുളം.

**ഏറ്റുമാനൂർ:** ചിറയിൽ മാത്യു കോൾമാൻ (തമ്പി-70) ന്യൂയോർക്കിൽ അന്തരിച്ചു. ഭാര്യ ചങ്ങനാശേരി മാങ്കൊമ്പ് നാല്പതാംകുളം ഗ്ലോറി. മക്കൾ: ടിഷ, ജെസി. മരുമക്കൾ: ജോമി, പരേതനായ ഏബ്.

## ലൗലി ഷൈൻ

**അറ്റ്ലാന്റ:** അങ്കമാലി വടക്കൻവീട്ടിൽ ലൗലി ഷൈൻ (ലിജി-53) അന്തരിച്ചു. പത്തനാപുരം ബഥേൽ വില്ല കുടുംബാംഗമാണ്. ഭർത്താവ് ഷൈൻ വില്യംസ്. മക്കൾ: സ്റ്റെഫി, സ്റ്റീഫൻ.

**കൊച്ചി:** ഗവ. മുൻ അഡീഷണൽ സെക്രട്ടറി മുളന്തുരുത്തി കൊച്ചുമലയിൽ കെ.വി. ജോർജ് (75) അന്തരിച്ചു.

## അഡ്വ. ജോസഫ്

**കീഴൂർ:** ഐക്കരേത്ത് അഡ്വ. ജോസഫ് (82) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ കുറുപ്പന്തറ കച്ചോലകാലായിൽ ലീലാമ്മ. മക്കൾ: അലക്സ്, അനിറ്റ. മരുമക്കൾ: ആൽബർട്ട് ജേക്കബ് കൊച്ചുവേലി (തൊടുപുഴ), ക്രിസ്റ്റി തോമസ് നെല്ലിത്താനം (ചങ്ങനാശേരി).

**കുറവിലങ്ങാട്:** കളത്തൂർ ഒഴുകയിൽ പരേതനായ ഒ.എം. മാത്യുവിന്റെയും ചിന്നമ്മ മാത്യുവിന്റെയും മകൻ കുഞ്ഞുമോൻ മാത്യു (55) അന്തരിച്ചു.

## ഫിലോമിന ചാണ്ടി

**തുടങ്ങനാട്:** പഴയമറ്റം മൈലാടൂർ ഫിലോമിന ചാണ്ടി (91) അന്തരിച്ചു. നെടിയശാല കുന്നംകോട്ട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ചാണ്ടി. മക്കൾ: ജോയി, മോളി (ഇരുവരും യുഎസ്), അഡ്വ. തോമസ്. മരുമക്കൾ: പാലവിളയിൽ ലില്ലി, ഏഴല്ലൂർ ഓടയ്ക്കൽ ഒ.വി. മാത്യു (ഇരുവരും യുഎസ്), പാലാ തൈക്കൂട്ടത്തിൽ സാജി തോമസ് (കനറാ ബാങ്ക് മുത്തോലി).

**ആലുവ:** എച്ച്എംടി റിട്ട. ഉദ്യോഗസ്ഥൻ പടിഞ്ഞാറെ കടുങ്ങല്ലൂർ വൃന്ദാവനം ഹേമാദ്രിയിൽ ഡോ. ആർ. രവീന്ദ്രൻ (82) അന്തരിച്ചു.


**കാണക്കാരി:** പുതുപ്പറമ്പിൽ റീത്താ (ഈത്തമ്മ-68) അന്തരിച്ചു.

**ചെങ്ങളം സൗത്ത്:** കണ്ടംകേരിൽ ജോൺ ജോർജ് (74) അന്തരിച്ചു.

## ചെറിയാൻ പി. കോരുത്

**കോട്ടയം:** ഗുഡ്ഷെപ്പേർഡ് സ്ട്രീറ്റിൽ പടിപ്പുരയ്ക്കൽ പരേതനായ പി.സി. കോരുതിന്റെ മകൻ (റിട്ട. പ്രൊഡക്ഷൻ അസിസ്റ്റന്റ്, മനോരമ) ചെറിയാൻ പി. കോരുത് (ബാബുക്കുട്ടി-73) അന്തരിച്ചു. ഭാര്യ ദേവലോകം തൈക്കടവിൽ ലില്ലിക്കുട്ടി ചെറിയാൻ. മകൾ: അമ്മു ജിൻസ് (യുഎസ്). മരുമകൻ: കണ്ടനാട് ആലുംമൂട്ടിൽ ജിൻസ് ജോൺ (യുഎസ്).

## തങ്കച്ചൻ യോഹന്നാൻ



**കൊല്ലം/ന്യൂജേഴ്സി:** പുത്തൂർ കാരിക്കൽ പ്ലാക്കാല ഹെബ്രോൺ വീട്ടിൽ തങ്കച്ചൻ യോഹന്നാൻ (82) അന്തരിച്ചു. ഇന്ത്യൻ എയർഫോഴ്സിലും തുടർന്ന് സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിലും ഉദ്യോഗസ്ഥനായിരുന്നു. കാരിക്കൽ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗമാണ്. ഭാര്യ: കുഞ്ഞുമോൾ തങ്കച്ചൻ കടമ്പനാട് പുല്ലാഞ്ഞിവിള കുടുംബാംഗമാണ്. മക്കൾ: ഫിലിപ്പ് തങ്കച്ചൻ ന്യൂജേഴ്സി (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന പ്രതിനിധി), അലക്സാണ്ടർ തങ്കച്ചൻ ഫിലാഡൽഫിയ (സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച് അംഗം). മരുമക്കൾ: അനിത ഫിലിപ്പ് (ട്രസ്റ്റി സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച് മൗണ്ട് ഒലീവ്), ആൻ ജേക്കബ് (ഫിലാഡൽഫിയ).

**പൂഞ്ഞാർ:** മണ്ണൂമറ്റത്തിൽ പരേതനായ സ്കറിയായുടെയും ക്ലാരമ്മയുടെയും മകൾ നിർമൽ മേരി സ്കറിയ (നിമ്മി-39) അന്തരിച്ചു.

## സി.എം. മത്തായി

**വാകത്താനം:** നാലുന്നാക്കൽ വടക്കേമുക്കട റിട്ട. അധ്യാപകൻ സി.എം. മത്തായി (84) അന്തരിച്ചു. ഭാര്യ തൃക്കോതമംഗലം ചിറത്തലാട്ട് പുത്തൻപുരയ്ക്കൽ പി.വി. ഏലിയാമ്മ (റിട്ട. അഡ്മിനിസ്ട്രേറ്റീവ് അസി.) മക്കൾ: ആശ (യുഎസ്), അനു (മസ്കറ്റ്). മരുമക്കൾ: വർഗീസ് പുന്നൂസ് പാപ്പാഞ്ചിറ പാത്താമുട്ടം (യുഎസ്), ബിനു ചെറിയാൻ ആഞ്ഞിലിത്തോപ്പിൽ പനയമ്പാല (മസ്കറ്റ്).

**ചെമ്മലമറ്റം:** പതിപ്പള്ളിൽ മത്തായി തൊമ്മൻ (അപ്പച്ചൻ-85) അന്തരിച്ചു.

**കുറിച്ചി:** കാലായിപ്പടി പുത്തൻപറമ്പിൽ ഏലിയാമ്മ മത്തായി (90) അന്തരിച്ചു.

## ചാണ്ടപ്പിള്ള ജോർജ്

**പുളിങ്കുന്ന്:** റിട്ട. ട്രഷറി ഓഫീസർ പുന്നക്കുന്നം പുളിവേലിൽ ചാണ്ടപ്പിള്ള ജോർജ് (72) അന്തരിച്ചു. ഭാര്യ രാമങ്കരി ചേക്കോട് ചേന്നാട്ടുശേരി റാണി ജോർജ് (റിട്ട. സെക്രട്ടറി രാമങ്കരി സർവീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്). മക്കൾ: അലക്സ് ജോർജ് (യുഎസ്), ഡോ. റോസ് മേരി ജോർജ് (ജർമനി). മരുമക്കൾ: കുറവിലങ്ങാട് മരോട്ടിക്കൽ ലിയാ അലക്സ് (യുഎസ്), ഡോ. ജെറി ജോസ് മൂവാറ്റുപുഴ മോളത്ത് ഡോ. ഷെറീസ് ദന്തൽ ക്ലിനിക് തൃക്കളത്തൂർ).

**പാലാ:** തിരുഹൃദയ സന്യാസിനി സമൂഹം എസ്എച്ച് പാലാ പ്രോവിൻസ് അംഗവും പ്രഥമ സുപ്പീരിയർ ജനറലും പാലാ സെന്റ് തോമസ് കോളജ് പ്രഫസറും ആയിരുന്ന സിസ്റ്റർ സ്റ്റെല്ല മരിയ വെള്ളാപ്പാണിയിൽ (93) അന്തരിച്ചു.

**തൃശൂർ:** പിഗ് ഫാം അസോസിയേഷൻ ജില്ലാ പ്രസിഡണ്ടും ഓൾ കേരള പുളിയൻമാക്കൽ കുടുംബയോഗം സെക്രട്ടറിയും പുമല റബർ ഉല്പാദക സംഘം പ്രസിഡണ്ടുമായിരുന്ന പറമ്പായി വേളാങ്കണ്ണി കുരിശുപള്ളിക്കു സമീപം പുളിയൻമാക്കൽ പി.കെ. ലൗലി (60) അന്തരിച്ചു.

## ഏലിയാമ്മ ഏബ്രഹാം



**തിരുവല്ല/ന്യൂജേഴ്സി:** വാഷിങ്ടൺ ടൗൺഷിപ്പ് സെ. പീറ്റേഴ്സ് മാർത്തോമ്മാ ചർച്ച് ഇടവകാംഗമായ പി.ടി. ചാക്കോ (മലേഷ്യ)യുടെ സഹോദരിയും തിരുവല്ല അഴിയിടത്തുചിറ ഗവ. ഹൈസ്കൂൾ റിട്ട. അധ്യാപികയുമായ ഇലഞ്ഞിമൂട്ടിൽ പുല്ലാട്ട് ഏലിയാമ്മ ഏബ്രഹാം (കുഞ്ഞുമോൾ-82) തിരുവല്ലയിൽ അന്തരിച്ചു. പരേതയുടെ നിര്യാണത്തിൽ സെ. പീറ്റേഴ്സ് മാർത്തോമ്മാ ചർച്ച് അനുശോചനം അറിയിക്കുന്നതായി ഇടവക സെക്രട്ടറി ജോർജ് തോമസ് അറിയിച്ചു.

**ചങ്ങനാശേരി:** മലകുന്നം ഗോകുലം കെ.കെ. ഓമനക്കുട്ടി (76) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** നെടുങ്ങാട് കാരുവേലിൽ പുത്തൻപുരയിൽ മേരി ജോർജ് (95) അന്തരിച്ചു.

**ആലപ്പുഴ:** ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജ് സുവോളജി വിഭാഗം മുൻ മേധാവി പട്ടമുക്കിൽ പ്രഫ. ജേക്കബ് ചെറിയാൻ (86) അന്തരിച്ചു.

## കരിങ്കുറ്റിമണ്ണിൽ മത്തായി ഏബ്രഹാം



**ന്യൂയോർക്ക്:** ഇന്ത്യൻ ക്രിസ്ത്യൻ അസംബ്ലി സഭാംഗം റാന്നി ഏഴോലിൽ കരിങ്കുറ്റിമണ്ണിൽ മത്തായി ഏബ്രഹാം (102) ന്യൂയോർക്കിൽ അന്തരിച്ചു. ഭാര്യ പരേതയായ ഏലിയാമ്മ ഏബ്രഹാം റാന്നി കാച്ചാണത്ത് കുടുംബാംഗമാണ്. മക്കൾ: പാസ്റ്റർ മൈക്കിൾ ജോൺസൺ, അമ്മിണി തോമസ്, ഏബ്രഹാം കെ. ഏബ്രഹാം, ലീലാമ്മ തോമസ്, ജെസി സാമുവേൽ (എല്ലാവരും യുഎസ്). മരുമക്കൾ: ഓതറ പൊന്നോലിൽ ഡെയ്സി ജോൺസൺ, കണ്ടംപേരൂർ കുടുമല പരേതനായ നൈനാൻ തോമസ്, കാനം തയ്യാലയ്ക്കൽ അമ്മിണി ഏബ്രഹാം, കുമ്പനാട് തിക്കോയിപ്പുറത്ത് സാം തോമസ്, പന്തളം കോടിയാട്ട് നൈനാൻ സാമുവേൽ (എല്ലാവരും യുഎസ്).

**വാഴൂർ:** മലങ്കര ഓർത്തഡോക്സ് സഭാ മുൻ മാനേജ്മെന്റ് കമ്മിറ്റിയംഗം ടിപിപുരം തുണ്ടിയിൽ ടി.ടി. ചാക്കോ (പാപ്പച്ചൻ-97) അന്തരിച്ചു.

## ഡോ. പി.വി. ചെറിയാൻ

**തിരുവനന്തപുരം:** ബഹ്റൈൻ പ്രധാനമന്ത്രിയുടെയും ബഹ്റൈൻ രാജകുടുംബത്തിന്റെയും മുൻ മെഡിക്കൽ സംഘാംഗം ഡോ. പി.വി. ചെറിയാൻ (75) അന്തരിച്ചു. പട്ടാഴി പുക്കോട്ടുമഠത്തിൽ കുടുംബാംഗമാണ്. ഭാര്യ പരേതയായ ഉഷാ ചെറിയാൻ (തിരുവല്ല മാർവലിൽ). മക്കൾ: നിതിൻ, നിതീഷ്, നിദീപ് (മൂവരും യുഎസ്). ഡോ. നിധിത (ബെംഗ്ളൂരു). മരുമക്കൾ: കാസി, ഗ്ലാഡിസ്, കരോളിൻ (മൂവരും യുഎസ്), വിപുൽ മാത്യു (ബെംഗ്ളൂരു).

**കോട്ട്:** റിട്ട.അധ്യാപകനും കുളനട ബ്ലോക്ക്പഞ്ചായത്ത് മുൻ സ്ഥിരം സമിതി അധ്യക്ഷനുമായിരുന്ന ശ്രീനിലയത്തിൽ പി.വി. വാസുക്കുട്ടി (90) അന്തരിച്ചു.

**കുന്നന്താനം:** ചക്കുംമൂട്ടിൽ മലയിൽ സി.സി. ഏബ്രഹാം (അവറാച്ചൻ-94) അന്തരിച്ചു.

**അതിരമ്പുഴ:** സെൻട്രൽ എക്സൈസ് റിട്ട. കസ്റ്റംസ് ഓഫീസർ ശ്രീകണ്ഠമംഗലം മുട്ടത്തിൽ (വിനോദ് വിലാസം) കെ. പരമേശ്വര കുറുപ്പ് (85) അന്തരിച്ചു.

**കൈനകരി:** മംഗലപ്പള്ളിൽ (ഒറ്റതങ്കൽ) മറിയാമ്മ ചാക്കോ (പെണ്ണമ്മ-93) അന്തരിച്ചു.

## സജിത് പോൾ

**ചിക്കാഗോ:** മൂവാറ്റുപുഴ കുറ്റപ്പിള്ളിൽ പരേതനായ കെ.കെ. പോളിന്റെയും മേരി പോളിന്റെയും മകൻ സജിത് പോൾ (50) ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ മരിയ എലേന (വാലിഡ് ഐഎൻസി യുഎസ്). മകൾ: ഹെലൻ പോൾ. സഹോദരങ്ങൾ: രഞ്ജിത് പോൾ, തോമസ് പോൾ (യുഎസ്).

**അങ്കമാലി:** യാക്കോബായ സുറിയാനി സഭ വലിയ മെത്രാപ്പോലീത്ത ഡോ. ഏബ്രഹാം മാർ സേവേറിയോസിന്റെ സഹോദരി പീച്ചാനിക്കാട് ആലുക്കൽ മറിയാമ്മ (100) അന്തരിച്ചു.

**ഏഴുമുട്ടം:** എഫ്എസിടി റിട്ട. ഉദ്യോഗസ്ഥൻ കുന്നപ്പിള്ളിൽ ജോസ് ജോസഫ് (84) അന്തരിച്ചു.

**ഇടമറ്റം:** പന്തളം എൻഎസ്എസ് ബോയ്സ് ഹൈസ്കൂൾ റിട്ട. അധ്യാപകൻ ചിറക്കാവിൽ സി.ആർ. പ്രദീപ്കുമാർ (56) അന്തരിച്ചു.

## അന്നമ്മ സ്കറിയ

**കാനം:** ചങ്ങനാശേരി സൗഭാഗ്യ റെഡിമെയ്ഡ്സ് ഉടമ പാടത്തുമാപ്പിള പീടിയേക്കൽ അന്നമ്മ സ്കറിയ (84) അന്തരിച്ചു. കഞ്ഞിക്കുഴി ഇടയത്ര കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.ടി. സ്കറിയ. മക്കൾ: ഷീബ (ഖത്തർ), സൂസൻ (യുഎസ്), ബിൻസി (ബഹ്റൈൻ), ബെറ്റ്സി (മസ്കറ്റ്), തോമസ് സ്കറിയ (ചങ്ങനാശേരി ജോൺസൺ ഗാർമെന്റ്സ്), ബിബിൻ (ചെന്നൈ). മരുമക്കൾ: ഫെയ്ത്ത് (ഖത്തർ), മനു (യുഎസ്), ജോൺ തരകൻ (ബഹ്റൈൻ), ജെയ്സൺ (മസ്കറ്റ്), പ്രിൻസി (ഈരാറ്റുപേട്ട), സുനിൽ (ചെന്നൈ).

**മാവേലിക്കര:** ചെട്ടികുളങ്ങര എച്ച്എസ്എസ് റിട്ട. അധ്യാപകൻ വാത്തികുളം സുരഭിയിൽ സുകുമാരപിള്ള (77) അന്തരിച്ചു.

## ത്രേസ്യാക്കുട്ടി

**മുതലക്കോടം:** ചെമ്പരത്തിക്കൽ (കുളമ്പേൽ) ത്രേസ്യാക്കുട്ടി (87) അന്തരിച്ചു.കല്ലൂർക്കാട് നെടുങ്കല്ലേൽ കുടുംബാംഗമാണ്. ഭർത്താവ് സി.ജെ. ജെയിംസ്. മക്കൾ: ഷാജു, റോണി ജോർജ്, ഷേർളി ബേബി, ഷാന്റി, ഷിൽജി ജോർജ്, ഷെൽന സിബി (യുഎസ്). മരുമക്കൾ: ആവോലി നെല്ലൂർ ജോർജ്, ആരക്കുഴ അടപ്പൂർ ബീന, ഷാജു തുടങ്ങനാട്, കുമ്പളാങ്കൽ ജോർജ്, സിബി മാത്യു മുണ്ടയ്ക്കൽ (യുഎസ്), കല്ലാനിക്കൽ നാല്പതാംകുളം പരേതനായ ബേബി.

**സൗത്ത് പാമ്പാടി:** മാട്ടേലായ പടിഞ്ഞാറേകാലായിൽ മറിയാമ്മ മത്തായി (തങ്കമ്മ-93) അന്തരിച്ചു.

**തോട്ടയ്ക്കാട്:** ആർകെപടി പുതുക്കാട്ടിൽ (പല്ലാരിമംഗലം) റിട്ട. സിഐ പി. പാപ്പച്ചൻ (66) അന്തരിച്ചു.

## പാസ്റ്റർ ജോസ് അതുല്യ

**കോന്നി:** അതുല്യ ചർച്ച് ഓഫ് ഗോഡ് സ്ഥാപകനും പെന്തെക്കോസ്ത് കൗൺസിൽ ഓഫ് ഇന്ത്യയുടെ ജനറൽ സെക്രട്ടറിയുമായ മേലൂട്ട് അതുല്യ ഭവനിൽ പാസ്റ്റർ ജോസ് അതുല്യ (65) അന്തരിച്ചു. അതുല്യ വുഡ് പാലസ്, അതുല്യ കറി പൗഡർ എന്നിവയുടെ ഉടമയായിരുന്നു. ഭാര്യ നാറാണംമൂഴി അറയ്ക്കമണ്ണിൽ മലയിൽ ബിജോ ജോസ്. മക്കൾ: എബി മാത്യു, ജൂഡി എബി മാത്യു (ഇരുവരും യുഎസ്). മരുമക്കൾ: മൂവാറ്റുപുഴ പകലോമറ്റം കെസിയ അക്കു, കാരിച്ചാൽ കാട്ടുപറമ്പിൽ ജോബിൻ ചാക്കോ.

## ഡോ. മരിയ പ്ലാന്തറ



**ടാമ്പാ:** ടാമ്പാ ബേ മലയാളി സമൂഹത്തിലെ സുപരിചിതയും മുൻകാലങ്ങളിൽ മലയാളി അസോസിയേഷൻ ഓഫ് സെൻട്രൽ ഫ്ളോറിഡ സജീവ പ്രവർത്തകയുമായിരുന്ന ഡോ. മരിയ പ്ലാന്തറ (88) അന്തരിച്ചു. മക്കൾ: ഡോ. പാമേല പ്ലാന്തറ (ഭർത്താവ് ഗ്രഗ് കണ്ടങ്കുളം)-മകൾ കാര, പ്രിൻസ് പ്ലാന്തറ ഭാര്യ ഡോ. നതാഷ ബ്രാംലി.

**അയിരൂർ:** കിടങ്ങിനേത്ത് പരേതനായ കെ.സി. നൈനാന്റെയും തങ്കമ്മയുടെയും മകൻ റോയ് നൈനാൻ (60) അന്തരിച്ചു.

## ഡോ. ജെ. ക്രിസ്റ്റഫർ

**തിരുവനന്തപുരം:** നന്തൻകോട് എൻസിആർഎ33-ൽ ബെറാക്കയിൽ കേരള കാർഷിക സർവകലാശാല ബോട്ടണി ഡിപ്പാർട്ടുമെന്റ് റിട്ട പ്രഫ. ഡോ. ജെ. ക്രിസ്റ്റഫർ (93) അന്തരിച്ചു. ഭാര്യ പരേതയായ ജാസ്മിൻ. മക്കൾ: സുധ (യുഎസ്), ലത, പ്രീത, ബെന്നി സാംപ്രകാശ്. മരുമക്കൾ: ഡോ. അരവിന്ദൻ (യുഎസ്), വൈക്ലിഫ്.

**മൂലേടം:** പുതുപ്പറമ്പിൽ പി.യു. ജോണിന്റെയും ആലീസ് ജോൺസന്റെയും മകൾ ടീന ജോൺസൺ (43) അന്തരിച്ചു.

**കാരമൂട്:** പള്ളിവാതുക്കൽ (വട്ടച്ചാണയ്ക്കൽ) സിനിമ, നാടക നടൻ റെജി ജോൺ (66) അന്തരിച്ചു.

**മണ്ണയ്ക്കനാട്:** പൂതക്കാട്ടിൽ (പറവെട്ടിക്കുന്നേൽ) മാത്യു മത്തായി (കുഞ്ഞ്-82) അന്തരിച്ചു.

**പെരുവ:** വടുകുന്നപ്പുഴ ചേന്നാംപള്ളിൽ രാമചന്ദ്രൻ നായർ (82) അന്തരിച്ചു.

# PRIME KERALA INVESTMENT OPPORTUNITY FOR NRIs

## 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha  house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**

**USA: +1 630 728 7956**

**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

# MALAYALEE CARETAKER/ BABYSITTER NEEDED – MINNESOTA (6 MONTHS)

A young malayalee family in Minnesota is seeking a reliable and caring live-in caretaker/babysitter to assist with the care of two small children.

**Position Details:**

Duration: 6-12 months (Summer & Fall Season only)
Live-in arrangement/ Accommodation provided
Primary focus on childcare
Light household duties (e.g., tidying, basic help)
Travel expenses covered

We are looking for someone who is nurturing, patient, and enjoys working with young children. Salary and overall compensation can be discussed further over a phone call.

**CONTACT:**

**Mithun @ 651-895-3887**

**for further details.**

## *Favors Received*



*Inserted by:  Firm Believer, Chicago*

## *Favors Received*



*Inserted by:  Firm Believer, Chicago*

# വീടും സ്ഥലവും വില്പനയ്ക്ക്

**തിരുവനന്തപുരം പട്ടം എൽഐസി ഓഫീസിന് സമീപം ലക്ഷ്മി നഗറിൽ അഞ്ചു സെന്റ് സ്ഥലത്ത് 2600 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉള്ള എല്ലാവിധ സൗകര്യമുള്ള രണ്ടുനില വീട്, നാല് ബെഡ്റൂം, നാല് ബാത്ത്റൂം, ലിവിങ് റൂം, കിച്ചൻ ഡൈനിങ് റൂം, എന്റർടൈൻമെന്റ് റൂം, ബാൽക്കണി, 2 കാറിടത്തക്ക രീതിയിലുള്ള ഗ്യാരേജ്, 3 മുറികൾ എയർ കണ്ടീഷൻ ചെയ്ത വീടാണ്. അലൂമിനിയം ഷീറ്റ് റൂഫിലുണ്ട് ഫർണിച്ചർ സഹിതം ആണ് വിൽക്കുന്നത്. ആവശ്യമുള്ളവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.**

**Mob: 91 999 544 8337**

## ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

*Inserted by:  Firm Believer, Dallas*

## ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

*Inserted by:  Firm Believer, Dallas*

## ഉപകാരസ്മരണ



*Inserted by: Firm Believer, Houston*

## ഉപകാരസ്മരണ



*Inserted by: Firm Believer, Houston*

**Visit Our Website: www.keralaexpress.com for Classified Advt.**






# 'ഐ നോബഡി' സിനിമയെക്കുറിച്ചും മറ്റു പുത്തൻ സിനിമാ വിശേഷങ്ങളെപ്പറ്റിയും പ്രിഥ്വിരാജ് സംസാരിക്കുന്നു


'ഐ നോബഡി' സിനിമയെപ്പറ്റി പറയുകയാണെങ്കിൽ ഇതിന്റെ കഥ ആദ്യം കേട്ടപ്പോൾ എന്താണോ തോന്നിയത് അതു തന്നെയാണ് ചിത്രം കണ്ടപ്പോഴും തോന്നിയത്. ഒരു പ്രത്യേക ജോണറിലേക്കു കെട്ടിയിടാൻ പറ്റുന്ന ചിത്രമല്ല ഇത്. ഒരു നിമിഷം ഇതൊരു ക്രൈം ഇൻവെസ്റ്റിഗേഷൻ ചിത്രമാണെന്നു തോന്നാം. അടുത്ത നിമിഷം ഫാമിലി ഡ്രാമയാണെന്നോ ആക്ഷൻ ത്രില്ലറെന്നോ തോന്നിയേക്കാം. ആദ്യാവസാനം മാറിമറയുന്ന സ്വഭാവമുള്ളൊരു ചിത്രമാണ്. എഴുത്തിലെ വ്യത്യസ്തതയെ കുറേക്കൂടി എടുത്തുകാട്ടുന്ന തരത്തിലുള്ള നറേറ്റീവാണു മേക്കിങ്ങിൽ.

പാർവതി തിരുവോത്തിനെപ്പറ്റി പറയുകയാണെങ്കിൽ പ്രഫഷണൽ ആയ ഇന്റലിന്റ് ആയ ആക്ടറാണു പാർവതി. കഥാപാത്രത്തിനു സിനിമയിലുള്ള ഇൻഫ്ളുവൻസ് എന്താകണം, എങ്ങനെയാകണം, എത്രത്തോളമാകണം എന്നെല്ലാം മനസ്സിലാക്കിയുള്ള പെർഫോമൻസ് പാർവതിയുടെ പ്രത്യേകതയാണ്. കാസ്റ്റിങ്ങിനെപ്പറ്റിയുള്ള ചർച്ചകളിൽ ആദ്യം വന്നതു പാർവതിയുടെ പേരു തന്നെയാണ്. പാർവതി നോ പറഞ്ഞാൽ മാത്രം സെക്കൻഡ് ഓപ്ഷനായി മറ്റൊരാളെ നോക്കാം എന്നായിരുന്നു എല്ലാവരുടെയും തീരുമാനം.

രാജമൗലിയുടെ വാരണാസിയിലെ കുംഭയെപ്പറ്റി ഇതിനോടകം പുറത്തു വന്നിട്ടുള്ള കാര്യങ്ങളൊക്കെയെ എനിക്കും പറയാനുള്ളൂ. കൂടുതൽ പറയാൻ സ്വാതന്ത്ര്യം ഇല്ല. ഷൂട്ടിങ് പൂർത്തിയായിട്ടില്ല. അദ്ദേഹത്തിന്റെ മറ്റു ചിത്രങ്ങളെ അപേക്ഷിച്ച് ഒരുപാടു കഥാപാത്രങ്ങൾ ഇതിലില്ല. ഞാൻ ചെയ്യുന്ന 'കുംഭ' ഉൾപ്പെടെ മൂന്നു കഥാപാത്രങ്ങളിലൂടെയാണ് ചിത്രം മുഖ്യമായും സഞ്ചരിക്കുന്നത്.

ഞാൻ കൊച്ചി വിട്ടും മുംബൈയിലേക്കു വന്നതിനെപ്പറ്റി പറയുകയാണെങ്കിൽ, ഇന്നു സിനിമ മൊത്തം ഒരു ക്ലൗഡിലൂടെയാണ് നിർമിക്കപ്പെടുന്നത്. കഥ കേൾക്കൽ മുതൽ ഷൂട്ടിങ് വരെയും പോസ്റ്റ് പ്രൊഡക്ഷനുമെല്ലാം എവിടെയിരുന്നും എങ്ങനെയും ചെയ്യാം. മുംബൈയിലേക്കു താമസം മാറ്റിയതുകൊണ്ട് ഒരു വ്യത്യാസവും എനിക്കു ഫീൽ ചെയ്യുന്നില്ല. ഇപ്പോൾ തന്നെ ഞാൻ വരുന്നതു 'ഖലീഫ' എന്ന ചിത്രത്തിന്റെ ഷൂട്ടിങ്ങിൽ നിന്നാണ്. മാസങ്ങളായി കോഴിക്കോടും കണ്ണൂരും അതിനുശേഷം ദുബായിലുമൊക്കെയായിരുന്നു ഷൂട്ടിങ്. മുൻപു, ഷൂട്ടിങ്ങിന്റെ ഇടവേളകളിൽ കൊച്ചിയിലേക്കു വന്നിരുന്നതിനു പകരം ഇപ്പോൾ മുംബൈയിലേക്കു പോകുന്നു എന്നു മാത്രം. മകൾ അലംകൃതയെ അവിടെ ഒരു സ്കൂളിൽ ചേർത്തു. ഒരുപക്ഷേ, അവൾക്കായിരിക്കാം മാറ്റം അനുഭവപ്പെടുന്നത്. ഇവിടെ എന്റെ മകൾ എന്നത് അവൾക്കൊരു ബാധ്യതയായേക്കാം. എന്നാൽ, മുംബൈയിലാകുമ്പോൾ, അവൾ ആരുടെ മകൾ ആണെന്നു കുറച്ചു പേർക്കേ അറിയൂ. അവളുടെ താൽപര്യങ്ങളനുസരിച്ച് മുന്നോട്ടു പോകാൻ കൂടുതൽ സ്വാതന്ത്ര്യം ലഭിക്കും.

ബോളിവുഡ് ചിത്രങ്ങളെക്കുറിച്ച് പറയുകയാണെങ്കിൽ വരാനുള്ള ചിത്രം മേഘ്ന ഗുൽസാർ സംവിധാനം ചെയ്യുന്ന 'ദായറ'യാണ്. ഷൂട്ടിങ് പൂർത്തിയായ ചിത്രം സെപ്റ്റംബർ 18-ന് റിലീസ് ചെയ്യും. നീതിയെപ്പറ്റിയും നീതിന്യായ സംവിധാനത്തെപ്പറ്റിയും ആഴത്തിൽ ചർച്ച ചെയ്യുന്ന, പ്രസക്തമായ ചോദ്യങ്ങൾ ചോദിക്കുന്ന ചിത്രമാണിത്. എന്നാൽ ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം ചിത്രം നൽകുന്നില്ലെന്നതാണു പ്രത്യേകത. കഥാപാത്രങ്ങളിൽ ആരുടെ ഭാഗത്തു നിൽക്കണം എന്നൊരു സംശയം പ്രേക്ഷകനുണ്ടാകും. ഒരു കുറ്റകൃത്യത്തെ തുടർന്നുണ്ടാകുന്ന പൊലീസ് ഇൻവെസ്റ്റിഗേഷനും നടപടിക്രമങ്ങളുമെല്ലാം വിവരിക്കുന്ന വളരെ ഡിസ്റ്റർബിങ് ആയൊരു പ്രമേയമാണ്. ചിത്രത്തിൽ ഒരു ഭാഗത്തു ഞാനും മറുഭാഗത്തു കരീന കപൂറുമാണ്.




ലൂസിഫർ മൂന്നാം ഭാഗം എന്ന സിനിമ സംഭവിക്കണം എന്നു തന്നെയാണു ഞങ്ങളുടെ ആഗ്രഹം. ഒരു വലിയ കഥയാണ്. അതിന്റെ ആദ്യ ഭാഗവും നടുക്കുള്ള ഭാഗവും പറഞ്ഞു കഴിഞ്ഞു. അവസാന ഭാഗം പറയുമ്പോളാകാം ആദ്യ രണ്ടു സിനിമകളുടെയും കംപ്ലീഷൻ ഉണ്ടാവുക. എന്നാൽ, സ്വാഭാവികമായിട്ടുള്ള വെല്ലുവിളികൾ അതിനു പിന്നിലുണ്ട്. ഏറ്റവും വലിയ ചാലഞ്ച് ലാലേട്ടന്റെ സമയവും എന്റെ സമയവും ഒക്കെ അതിനുവേണ്ടി കണ്ടെത്താൻ പറ്റുക എന്നതു തന്നെയാണ്. പക്ഷേ, ആ സിനിമ ചെയ്യണം. എനിക്കു മാത്രമല്ല ആന്റണി പെരുമ്പാവൂരിനും ലാലേട്ടനും മുരളി ഗോപിക്കുമൊക്കെ ആ ആഗ്രഹം ഉണ്ട്.

# 'തർക്കം' ചിത്രീകരണം തുടങ്ങി

ദേശീയ അവാർഡ് ജേതാവായ സജിൻ ബാബു രചനയും സംവിധാനവും നിർവഹിക്കുന്ന 'തർക്കം' എന്ന സിനിമയുടെ ചിത്രീകരണം കൊടുങ്ങല്ലൂരിൽ ആരംഭിച്ചു.

കൊടുങ്ങല്ലൂർ ശ്രീ കുറുംമ്പ ഭഗവതി ക്ഷേത്രം സന്നിധിയിൽ ത്രിവിക്രമ അഡികൾ സ്വിച്ചോൺ കർമം നിർവഹിച്ചു. പിഡബ്ല്യുഎൽഒ എന്റർടെയ്ൻമെന്റ്, സജിൻ ബാബു പ്രൊഡക്ഷൻസ് എന്നീ ബാനറിൽ അനൂപ് കുട്ടി, സജിൻ ബാബു എന്നിവർ ചേർന്ന് നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ജെബിൻ ജേക്കബ് നിർവഹിക്കുന്നു.





പുതുമുഖങ്ങൾക്ക് ഏറെ പ്രാധാന്യം നല്കി ഒരുക്കിയ ഈ ചിത്രത്തിൽ ജാതി-ഫ്യൂഡൽ മേധാവിത്വത്തെ ഇന്നും ന്യായീകരിച്ച് അഭിമാനത്തോടെ ജീവിക്കുന്ന ഒരു പോലീസ് ഓഫീസറും ഡോക്ടർ ബി.ആർ. അംബേദ്കറുടെ പുരോഗമന ആശയങ്ങളിൽ ആകൃഷ്ടനായി ലോകത്തെ കാണാനും നയിക്കാനും ശ്രമിക്കുന്ന സുർജിത്ത് എന്ന യുവാവും തമ്മിലുണ്ടാകുന്ന സംഘർഷത്തിന്റെ സംഭവബഹുലമായ മുഹൂർത്തങ്ങൾ, റിയലിസ്റ്റിക് ത്രില്ലർ ജോണറിൽ ദൃശ്യവത്കരിക്കുന്നു.

ക്ലൈമാക്സ് രംഗങ്ങൾ ഒരേസമയം ഏഴോളം കാമറകൾ ഉപയോഗിച്ച് നാല് ഛായാഗ്രാഹകന്മാരുടെ മേൽനോട്ടത്തിലാണ് ചിത്രീകരിക്കുന്നത്. കൊടുങ്ങല്ലൂർ ശ്രീ മഹാദേവീ ക്ഷേത്രത്തിലെ ഭരണി ആഘോഷത്തിന്റെ പശ്ചാത്തലത്തിലാണ് തർക്കം പുരോഗമിക്കുന്നത്.

ഛായാഗ്രഹണം-നന്ദകുമാർ തോട്ടത്തിൽ, സിംബാദ്, റോഷൻ ജോസ്, എഡിറ്റിംഗ്-അപ്പു ഭട്ടതിരി, ലൈൻ പ്രൊഡ്യൂസർ-ഷാജി അസീസ്, സംഗീതം-സൈദ് അബ്ബാസ്, പ്രൊഡക്ഷൻ ഡിസൈനർ-വിനോദ് പട്ടണക്കാടൻ, ആക്ഷൻ ഡയറക്ടർ-റോബിൻ മാസ്റ്റർ ടീം, പ്രൊഡക്ഷൻ കൺട്രോളർ-ഫിജോ ഫിലിപ്പ്, സിങ്ക് സൗണ്ട്-രാകേഷ് ശശീന്ദ്രൻ, സൗണ്ട് മിക്സിംഗ് -ജുബിൻ രാജ്, വസ്ത്രാലങ്കാരം-സുർജിഷ് സി. സുരേഷ്, മേക്കപ്പ്-സുരേഷ് പിഷാരടി, അസോസിയേറ്റ് ഡയറക്ടർ -സോനു രാമകൃഷ്ണൻ, ജാസിർ, അസിസ്റ്റന്റ് ഡയറക്ടർ-സുബിൻ ജോർജ്, പ്രോജക്ട് ഡിസൈനർ-അരുൺ സോൾ, കാസ്റ്റിംഗ് ഡയറക്ടർ-രാജേഷ് നാരായണൻ, പ്രൊഡക്ഷൻ മാനേജർ-ശ്യാം കാർഗോസ്, സിജോ ജോസ് ജോസി, ഇ.സി. അശോകൻ, സെക്കന്റ് യൂണിറ്റ് സിനിമോട്ടോഗ്രാഫി-റാം രാഘവ്, മാർക്കറ്റിംഗ്-പ്രതീഷ് ശേഖർ, പബ്ലിസിറ്റി ഡിസൈൻ-ദിലീപ്ദാസ്.




# റോട്ടൻ സൊസൈറ്റി 19–ന് റിലീസ്

ലോകമെമ്പാടുമുള്ള വിവിധ അന്താരാഷ്ട്ര ചലച്ചിത്ര മേളകളിൽ പ്രദർശിപ്പിച്ച്, ഏറ്റവും കൂടുതൽ പുരസ്കാരങ്ങൾ (150 അവാർഡുകൾ) കരസ്ഥമാക്കുന്ന ഫൗണ്ട് ഫൂട്ടേജ് ഫീച്ചർ ഫിലിം എന്ന റെക്കോർഡോടെ മലയാള ചലച്ചിത്രം റോട്ടൻ സൊസൈറ്റി അമേരിക്ക ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടിയിരിക്കുന്നു. ചിത്രം പ്രമുഖ അമേരിക്കൻ ഒടിടി വിതരണ കമ്പനിയായ പി ഓ വി ഹൊറർ വഴി ജൂലൈ 19-ന് ഔദ്യോഗികമായി റിലീസ് ചെയ്യും.

സിനിമാറ്റോഗ്രാഫി, എഡിറ്റിംഗ് എന്നിവ നിർവഹിച്ച് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് എസ്.എസ്. ജിഷ്ണുദേവാണ്. വരാഹ ഫിലിംസിന്റെ ബാനറിൽ ജിനു സെലിൻ, സ്നേഹൽ റാവു എന്നിവർ നിർമിച്ച ചിത്രത്തിൽ ടി. സുനിൽ പുന്നക്കാട്, പ്രിൻസ് ജോൺസൺ, സ്നേഹൽ റാവു, ആരാധ്യ, മാനസ പ്രഭു, ഗൗതം എസ്. കുമാർ, ജിനു സെലിൻ, അഭിഷേക് ശ്രീകുമാർ, ആറ്റുകാൽ രമേശ്, ശിവപ്രസാദ് ജി. സുരേഷ് കുമാർ, ശിവൻ പുന്നക്കാട്, ചാല കുമാർ, അനിൽ കുമാർ, അമൃത് സുനിൽ, ജയചന്ദ്രൻ തലയൽ, ഷാജി ബലരാമപുരം, വിപിൻ സിദ്ധാർത്ഥ്, വിപിൻ ശ്രീഹരി, എന്നിവർ അഭിനയിക്കുന്നു. സൗണ്ട് എഫ്എക്സ്-ഷാബു, സൗണ്ട് ഡിസൈൻ-ശ്രീവിഷ്ണു ജെ.

# 'ജനനായകൻ' 24–ന്



നിയമപോരാട്ടം അതിജീവിച്ച് ജനനായകൻ 24-ന് എത്തുന്നു. തമിഴ്നാട് മുഖ്യമന്ത്രി സി. ജോസഫ് വിജയ് അവസാനം അഭിനയിച്ച ചിത്രത്തിന് 'എ' സർട്ടിഫിക്കറ്റാണ് സെൻസർ ബോർഡ് അനുവദിച്ചിട്ടുള്ളത്. ഇതോടെയാണ് എച്ച്. വിനോദ് സംവിധാനം ചെയ്ത ചിത്രത്തിന്റെ റിലീസ് 24-ന് ആയിരിക്കുമെന്ന് നിർമാതാക്കൾ അറിയിച്ചത്. മതവികാരം വ്രണപ്പെടുത്തിയെന്നും സേനയെ വികലമായി ചിത്രീകരിച്ചെന്നുള്ള പരാതി ഉയർന്നതോടെയാണു കഴിഞ്ഞ ജനുവരി ഒൻപതിന് പൊങ്കലിനു മുന്നോടിയായി റിലീസ് ചെയ്യേണ്ടിയിരുന്ന ചിത്രം കോടതി കയറിയത്.

# മലയാളത്തിൽ നിന്നൊരു പാൻ ഇന്ത്യൻ സൈബർ ത്രില്ലർ




കന്നഡയിലെ പ്രമുഖ ചലച്ചിത്ര പ്രവർത്തകനും എഴുത്തുകാരനുമായ പുനീത് സംവിധാനം ചെയ്യുന്ന മലയാള ചിത്രമാണ് അച്യുത അവതാരം. വർഷങ്ങളായി തെലുങ്ക്, തമിഴ് ചലച്ചിത്രങ്ങളിൽ അസോസിയേറ്റ് ഡയറക്ടർ ആയിരുന്ന പുനീതിന്റെ ആദ്യ സംവിധാന സംരഭമാണിത്.

പുനീത് തന്നെയാണ് ചിത്രത്തിന് തിരക്കാഥയും ഒരുക്കിയിരിക്കുന്നത്. ചിത്രത്തിലെ പുതിയ ലിറിക്കൽ ഗാനം റിലീസ് ആയി. സെയ്ലർ ഓഫ് പെയിൻ എന്ന കത്തിൽ ഉള്ള ഗാനം ശ്രുതി ശിവദാസൻ ആണ് ആലപിച്ചിരിക്കുന്നത്. സൈബർ ത്രില്ലർ ഗണത്തിൽ പെടുന്ന ചിത്രം റെയ്റ വെഞ്ചേഴ്സിന്റ ബാനറിൽ രമേശ സി, രുദ്രമൂർത്തി, രാജേഷ് ആർ എന്നിവർ ചേർന്നാണ് നിർമിച്ചിരിക്കുന്നത്.

പ്രമുഖ നർത്തകിയും താരവുമായ മാളവിക നന്ദൻ, അവിനാശ് (കാന്താര ഫെയിം), സീമ ജി. നായർ എന്നിവർക്കൊപ്പം ഇതര ഭാഷ താരങ്ങളും ചിത്രത്തിൽ വേഷമിടുന്നു.

ദേശീയ അവാർഡ് ജേതാവായ ഛായാഗ്രാഹകൻ ആനന്ദ് മീനാക്ഷിയാണ് ചിത്രത്തിൽ കാമറ കൈകാര്യം ചെയ്യുന്നത്.

കാസർഗോഡും മറ്റുമായി ചിത്രീകരണം പൂർത്തിയാക്കിയ ചിത്രം ഈ മാസം തീയറ്ററുകളിലെത്തും. ഹരീഷ് മോഹനന്റെ വരികൾക്ക് പ്രസന്ന കുമാർ എം.എസ് ആണ് സംഗീതം നൽകിയിരിക്കുന്നത്. എഡിറ്റിംഗ് പവൻ പൂവയ്യ, മഹേഷ് തോട്ട, ആർട്ട്-നാഗരാജു, നവീൻ, വിഎഫ്എക്സ്-ഐഡന്റ് ലാബ്സ്, ഡിജിറ്റൽ മാർക്കറ്റിംഗ്-വൈറ്റ് പേപ്പർ.

# 'മോഹിത' ചിത്രീകരണം തുടങ്ങി

സീനു സിദ്ധാർഥ്, ശ്രദ്ധ ജോസഫ്, ആദിൽ ഷാജഹാൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി തന്ത്ര, കഥാന്തരം എന്നീ ചിത്രങ്ങൾക്കു ശേഷം കെ.ജെ. ബോസ് കഥയെഴുതി സംവിധാനം ചെയ്യുന്ന മോഹിത എന്ന സിനിമയുടെ ചിത്രീകരണം ചേർത്തല പള്ളിപ്പുറത്ത് ആരംഭിച്ചു.



ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിനീത വി. സിച്ചോൺ കർമം നിർവഹിച്ചപ്പോൾ, അഞ്ചാം വാർഡ് അംഗം അഞ്ജു ആദ്യ ക്ലാപ്പടിച്ചു. എംടു ബിടു മൂവി മേക്കേഴ്സിന്റെ ബാനറിൽ ബാബുരാജ് നിർമിക്കുന്ന ഈ ചിത്രത്തിൽ ഡോക്ടർ സുനിൽ നെല്ലായി, എ.എസ്. ദിനേശ്, ബാബുരാജ്, സിമി സജീവ്, അഖില, രാജൻ സിത്താര, ശ്രീകുമാർ ഹരിപ്പാട്, വിജയ് പി, അരുൺ സോമസുന്ദരം, രഞ്ജിത്ത് കലാഭവൻ, ഡെൻസി, അമൃത് പപ്പൻ തുടങ്ങിയവരും അഭിനയിക്കുന്നു. ഉത്പൽ വി. നായനാർ ഛായാഗ്രഹണം നിർവഹിക്കുന്നു. എ.എസ്. ദിനേശ്, കെ.ജെ. ബോസ് എന്നിവർ ചേർന്ന് തിരക്കഥയും സംഭാഷണവുമെഴുതുന്നു. സുഭാഷ് ചേർത്തല എഴുതിയ വരികൾക്ക് അനീഷ് ഇന്ദിര വാസുദേവ് സംഗീതം പകരുന്നു.

എഡിറ്റർ-ജ്യോതിഷ് കുമാർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-സിമി സജീവ്, ആർട്ട്-ടി.ജി. ഗോപി, മേക്കപ്പ്-മനോജ് അങ്കമാലി, കോസ്റ്റ്യൂംസ്-ബുസി ബി ജോൺ, കൊറിയോഗ്രഫി -ഡോക്ടർ സുനിൽ നെല്ലായി, ചീഫ് അസോസിയേറ്റ് ഡയറക്ടർ-നസീർ ധർമ്മജൻ, പ്രൊഡക്ഷൻ കൺട്രോളർ-ജോസ് വരാപ്പുഴ, സ്റ്റിൽസ്-സജീവ് മണപ്പുറം, ക്രിയേറ്റീവ് ഹെഡ്-സജിത മഠത്തിൽ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്-ഷൈജു പി., അസിസ്റ്റന്റ് ഡയറക്ടർ-ഷാലി അഞ്ജന, രാജി, രാജഗോപാൽ, ഡിസൈൻ-ആദിൽ.

# ഇന്ത്യയിൽ ഹൈഡ്രജൻ ട്രെയിൻ ട്രാക്കിലേക്ക്

ഇന്ത്യൻ റെയിൽവേയുടെ ചരിത്രത്തിൽ പുതിയൊരധ്യായം കുറിച്ചുകൊണ്ട് ഹൈഡ്രജൻ ഇന്ധനത്തിൽ പ്രവർത്തിക്കുന്ന ട്രെയിനുകളും. ഹരിയാനയിലെ ജിംഗ്-സോണിപത് റൂട്ടിലാണ് രാജ്യത്തെ ആദ്യ ഹൈഡ്രജൻ ട്രെയിൻ സർവീസ് നടത്തുന്നത്. പരിസ്ഥിതി മലിനീകരണം പൂർണമായി ഒഴിവാക്കുന്ന ഈ അത്യാധുനിക ഹരിത ട്രെയിനിന്റെ പരീക്ഷണയോട്ടം റെയിൽവേ വിജയകരമായി പൂർത്തിയാക്കി. ചെന്നൈയിലെ ഇന്റഗ്രൽ കോച്ച് ഫാക്ടറിയിലാണ് ഈ ട്രെയിൻ രൂപകല്പന ചെയ്തിരിക്കുന്നത്.



ഇലക്ട്രിക് ട്രെയിനുകളെപ്പോലെ ഹൈഡ്രജൻ ട്രെയിനുകൾക്ക് വൈദ്യുത ലൈനുകളുടെ ആവശ്യമില്ല. ഡീസൽ ട്രെയിനുകളെപ്പോലെ പുകയും പുറന്തള്ളുന്നില്ല. ട്രെയിനിലെ ഡ്രൈവിങ് പവർ കാറുകളിൽ പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള ഹൈഡ്രജൻ ഫ്യൂവൽ സെല്ലുകളിലേക്ക് ഉയർന്ന മർദ്ദത്തിൽ സൂക്ഷിച്ചിരിക്കുന്ന ഹൈഡ്രജനും അന്തരീക്ഷത്തിൽ നിന്നുള്ള ഓക്സിജനും കടത്തിവിടും. ഇവ സംയോജിപ്പിച്ച് ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ചാണ് ട്രെയിൻ പ്രവർത്തിക്കുന്നത്. ഈ രാസപ്രവർത്തനത്തിന്റെ ഉപോത്പന്നമായി ജലബാഷ്പം മാത്രമാണ് പുറന്തള്ളപ്പെടുന്നത്. അതുകൊണ്ട് ഈ ട്രെയിനുകൾ നൂറു ശതമാനം പരിസ്ഥിതി സൗഹൃദമാണ്.

1200 കിലോവാട്ട് ഹൈഡ്രജൻ ഫ്യൂവൽ സെൽ പ്രൊപ്പൽഷൻ സിസ്റ്റത്തിലാണ് ട്രെയിൻ പ്രവർത്തിക്കുന്നത്. ലോകത്തിലെ തന്നെ ഏറ്റവും നീളമേറിയതും ഏറ്റവും ശക്തവുമായ ഹൈഡ്രജൻ പാസഞ്ചർ ട്രെയിനുകളാണ് ഇന്ത്യൻ റെയിൽവേ വികസിപ്പിച്ചിട്ടുള്ളത്. മൊത്തം പത്തു കോച്ചുകളാണ് ട്രെയിനിലുള്ളത്. ഇതിൽ എട്ട് പാസഞ്ചർ കോച്ചുകളും രണ്ട് ഡ്രൈവിങ് പവർ കാറുകളും ഉൾപ്പെടുന്നു. ട്രെയിനിൽ മൊത്തം 682 സീറ്റുകളുണ്ട്. ഒരേ സമയം 2000 യാത്രക്കാരെ വരെ വഹിക്കാനാകും. മണിക്കൂറിൽ പരമാവധി 75 കിലോമീറ്റർ വേഗതയിലാണ് ട്രെയിൻ സർവീസ് നടത്തുന്നത്. മൊത്തം 2400 കിലോവാട്ട് പവർ ഉത്പാദിപ്പിക്കാൻ ഈ ട്രെയിനിനാകും. രാജ്യത്തെ ആദ്യ ഹൈഡ്രജൻ ട്രെയിൻ സർവീസ് ഈ മാസം 17-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്ളാഗ് ഓഫ് ചെയ്യും.

# മെസേജിങ് സേവനദാതാക്കൾക്ക് പൊതുമാനദണ്ഡം വരുന്നു

ന്യൂഡൽഹി: രാജ്യത്ത് സേവനം നല്കുന്ന മുഴുവൻ മെസേജിങ് പ്ലാറ്റ്ഫോമുകൾക്കുമായി ഏകീകൃത മാനദണ്ഡം ആവിഷ്കരിക്കാൻ കേന്ദ്രസർക്കാർ. വാട്ട്സ് ആപ്പ് മുന്നോട്ടുവെച്ച യൂസർനെയിം സംവിധാനത്തെച്ചൊല്ലിയുള്ള വിവാദത്തിനു പിന്നാലെയാണ് ഈ നീക്കം.

സമാന ഫീച്ചറുകൾക്ക് വ്യത്യസ്ത സേവനദാതാക്കൾക്ക് ഒരേസമയം അനുമതിയും വിലക്കും ഏർപ്പെടുത്തുന്നതിലെ വൈരുദ്ധ്യം ചൂണ്ടിക്കാട്ടിയാണ് കേന്ദ്രനീക്കം. മുഴുവൻ മെസേജിങ് ആപ്പുകളെയും ഏകീകൃത നിയന്ത്രണ ചട്ടക്കൂടിനു കീഴിലാക്കുകയാണ് ഇതിനു പോംവഴി. നിലവിലെ ചട്ടങ്ങൾ മെസേജിങ് പ്ലാറ്റ് ഫോമുകളുടെ പ്രവർത്തനത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നുണ്ട്.

പക്ഷേ, ഏതൊക്കെ ഫീച്ചറുകൾ അനുവദിക്കാമെന്നതിൽ വ്യക്തമായ വ്യവസ്ഥകളില്ല. നിയമപരമായ ഈ വിടവ് നികത്താനാണ് മുഴുവൻ മെസേജിങ് ആപ്പുകൾക്കുമായി പൊതുമാനദണ്ഡമെന്ന നീക്കത്തിന് കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തെ പ്രേരിപ്പിക്കുന്നത്.

പതിനാറ് വയസിന് താഴെയുള്ളവർക്ക് സാമൂഹിക മാധ്യമങ്ങളിൽ നിയന്ത്രണം കൊണ്ടുവരുമെന്ന അഭ്യൂഹങ്ങൾ പരക്കുന്നുണ്ട്. ഓസ്ട്രേലിയയിൽ കൗമാരക്കാർക്ക് സാമൂഹിക മാധ്യമങ്ങൾ ഉപയോഗിക്കുന്നതിന് നിയന്ത്രണമുണ്ട്. വിവര സാങ്കേതിക വിദ്യയും സാമൂഹിക മാധ്യമങ്ങളുമായി ബന്ധപ്പെട്ട ദോഷങ്ങളിൽ നിന്ന് സമൂഹത്തെ സംരക്ഷിക്കുന്നതിനുള്ള ഓസ്ട്രേലിയയുടെ പ്രവർത്തനം ലോകത്തിനു തന്നെ പ്രചോദനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

കുട്ടികൾക്കായി പ്രായം അടിസ്ഥാനമാക്കിയുള്ള നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനെക്കുറിച്ച് സാമൂഹിക മാധ്യമ കമ്പനികളുമായി ചർച്ചകൾ നടക്കുകയാണെന്ന് കേന്ദ്രസർക്കാർ നേരത്തെ വ്യക്തമാക്കിയിരുന്നു.

കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരും പൂർണമായ ഒരു നിരോധനത്തിന് മുതിർന്നേക്കില്ലെന്നു സൂചിപ്പിച്ചിട്ടുണ്ട്. പകരം ഘട്ടം ഘട്ടമായുള്ള ചട്ടക്കൂടാണ് സർക്കാർ ആലോചിക്കുന്നത്.

ഇതിലൂടെ ചെറിയ കുട്ടികൾക്ക് കർശനമായ നിയന്ത്രണങ്ങൾ നേരിടേണ്ടിവരുമ്പോൾ പ്രായം കൂടിയ കൗമാരക്കാർക്ക് ചില പ്രത്യേക വിഭാഗത്തിലുള്ള പ്ലാറ്റ്ഫോമുകളോ ഉള്ളടക്കങ്ങളോ ഉപയോഗിക്കാൻ അനുമതി ലഭിച്ചേക്കാം.

# മിസൈൽ നിർമാണം ഇനി സ്വകാര്യ കമ്പനികൾക്ക്

ന്യൂഡൽഹി: തന്ത്രപ്രധാനമായ മിസൈൽ നിർമാണ മേഖല സ്വകാര്യ കമ്പനികൾക്ക് തുറന്നുകൊടുത്ത് പ്രതിരോധരംഗത്ത് മറ്റൊരു സുപ്രധാന നീക്കത്തിനു കേന്ദ്രസർക്കാർ. ഇന്ത്യൻ നിർമിത മിസൈലുകൾക്ക് ആവശ്യക്കാർ കൂടിയതാണ് ഇത്തരമൊരു നീക്കത്തിലേക്ക് കേന്ദ്രസർക്കാരിനെ നയിച്ചതെന്നാണു സൂചന. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച അസ്ത്ര എയർ ടു എയർ മിസൈൽ സ്വന്തമാക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കഴിഞ്ഞയാഴ്ചത്തെ സന്ദർശനത്തിൽ ഇന്തോനേഷ്യ താത്പര്യം പ്രകടിപ്പിച്ചിരുന്നു. കൂടാതെ ബ്രഹ്മോസ് ഉൾപ്പെടെയുള്ള മിസൈലുകൾ വാങ്ങാൻ മറ്റു ചില രാജ്യങ്ങളും താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇന്ത്യയുടെ പ്രതിരോധ കയറ്റുമതിയിലും വലിയ കുതിച്ചുചാട്ടമാണ് ഉണ്ടായിരിക്കുന്നത്.

സായുധസേനകളുടെയും വിദേശ കയറ്റുമതിയുടെയും വർധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ പൊതുമേഖലാ സ്ഥാപനമായ ഭാരത് ഡൈനാമിക്സ് ലിമിറ്റഡിന് (ബിഡിഎൽ) സാധിക്കാത്ത പശ്ചാത്തലത്തിലാണു പ്രതിരോധമേഖലയിലെ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി 180 മുതൽ 200 കിലോമീറ്റർ വരെ പ്രഹരശേഷിയുള്ള അസ്ത്ര മാർക്ക് 2 മിസൈലുകൾ നിർമിക്കുന്നതിനായി ഐകോം, അദാനി, ഭാരത് ഫോർജ്, ടാറ്റ ഗ്രൂപ്പ്, മഹീന്ദ്ര ഗ്രൂപ്പ് തുടങ്ങിയ പ്രമുഖ സ്വകാര്യ കമ്പനികളെ ക്ഷണിച്ചുകൊണ്ട് പ്രതിരോധ മന്ത്രാലയം പ്രപ്പോസൽ പുറപ്പെടുവിക്കുമെന്നാണ് സൂചന. ഇതിനുപുറമെ 500 കിലോമീറ്റർ പരിധിയുള്ള പ്രളയ് ടാക്ടിക്കൽ ബാലിസ്റ്റിക് മിസൈലിന്റെ വികസനവും നിർമാണച്ചുമതലയും സ്വകാര്യമേഖലയ്ക്കു കൈമാറാനും പദ്ധതിയുണ്ട്.

നിലവിലെ ആഗോള സാഹചര്യത്തിൽ ഇന്ത്യയുടെ ആയുധശേഷി വർധിപ്പിക്കാനാണ് പ്രതിരോധ മന്ത്രാലയത്തിന്റെ ശ്രമം. ആക്രമണ-പ്രതിരോധ ആന്റി-ബാലിസ്റ്റിക് മിസൈലുകൾക്കാണ് ഇന്ത്യ ഇപ്പോൾ മുൻഗണന നൽകുന്നത്. പാകിസ്താൻ ഉപയോഗിക്കുന്ന തുർക്കി നിർമിത ഡ്രോണുകളെയും ചൈനയുടെ ദീർഘദൂര ബാലിസ്റ്റിക് മിസൈലുകളെയും നേരിടാൻ മൾട്ടി-ടിയർ ആന്റി-മിസൈൽ, ആന്റി-ഡ്രോൺ ശൃംഖലയും ഇന്ത്യ ഒരുക്കുന്നുണ്ട്. വളരെ കുറഞ്ഞ ചെലവിൽ നിർമിച്ച തുർക്കി നിർമിത ഡ്രോണുകളായിരുന്നു ഓപ്പറേഷൻ സിന്ദൂറിന്റെ സമയത്ത് പാകിസ്താൻ ഇന്ത്യക്കെതിരെ ഉപയോഗിച്ചത്. സ്വകാര്യമേഖലയെക്കൂടി ഉൾപ്പെടുത്തി പ്രതിരോധമേഖല കൂടുതൽ ശക്തിപ്പെടുത്താനാണു സർക്കാരിന്റെ ശ്രമം. അതേസമയം സ്വകാര്യകുത്തകകൾക്കു ഇന്ത്യയുടെ തന്ത്രപ്രധാന മേഖല തുറന്നുകൊടുക്കുകയാണെന്നാണ് പ്രതിപക്ഷ പാർട്ടികൾ ഉന്നയിക്കുന്ന ആരോപണം.

# അഹമ്മദാബാദ് സ്ഫോടനം: മലയാളികളടക്കം 38 പേരുടെ വധശിക്ഷ ശരിവെച്ചു

അഹമ്മദാബാദ്: മൂന്നു മലയാളികളടക്കം 38 ഇന്ത്യൻ മുജാഹിദീൻ പ്രവർത്തകർക്ക് 2008-ലെ അഹമ്മദാബാദ് സ്ഫോടന പരമ്പരക്കേസിൽ വിചാരണക്കോടതി വിധിച്ച വധശിക്ഷ ഗുജറാത്ത് ഹൈക്കോടതി ശരിവെച്ചു. സഹോദരങ്ങളായ കോട്ടയം ഈരാറ്റുപേട്ട പീടിയേക്കൽ ഷിബിലി, ഷാദുലി, മലപ്പുറം പെരുവള്ളൂർ കരുവാങ്കല്ല് എടപ്പനതൊടിക ഷറഫുദ്ദീൻ എന്നിവരാണ് വധശിക്ഷയ്ക്കു വിധിക്കപ്പെട്ട മലയാളികൾ.

ആലുവ ഉളിയന്നൂർ സ്വദേശി മുഹമ്മദ് അൻസാർ അടക്കം 11 പേരുടെ ജീവപര്യന്തം തടവുശിക്ഷയും ഡിവിഷൻ ബെഞ്ച് ശരിവെച്ചു.

രാജ്യത്ത് ഏറ്റവും കൂടുതൽ പേർക്ക് ഒരേസമയം വധശിക്ഷ വിധിച്ച കേസാണിത്. പ്രതികൾ രാജ്യത്തെ വിവിധ ജയിലുകളിലാണ്.

അഹമ്മദാബാദ് ആശുപത്രികൾ ഉൾപ്പെടെ വിവിധ സ്ഥലങ്ങളിലായി 2008 ജൂലൈ 26-ന് നടന്ന 22 സ്ഫോടനങ്ങളിൽ 56 പേർ കൊല്ലപ്പെടുകയും ഇരുനൂറിലേറെപ്പേർക്ക് പരുക്കേൽക്കുകയും ചെയ്തിരുന്നു. 'സിമി' സംഘടന നിരോധിക്കപ്പെട്ട ശേഷം ഇന്ത്യൻ മുജാഹിദീൻ എന്ന പേരിൽ വീണ്ടും സംഘടിച്ചവരാണ് സ്ഫോടനത്തിനു പിന്നിലെന്നും വാഗമണ്ണിൽ 2007 ഡിസംബറിൽ നടന്ന സിമി യോഗത്തിൽ സ്ഫോടനപരമ്പരയ്ക്കുള്ള ഗൂഢാലോചന നടന്നെന്നും കേസിലെ കുറ്റപത്രത്തിൽ വ്യക്തമാക്കിയിരുന്നു. ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നല്കുമെന്ന് പ്രതികളുടെ അഭിഭാഷകൻ പ്രതികരിച്ചു.

## ഒരു വട്ടം കൂടി

(24-ാം പേജിൽനിന്നും)

ബാക്കി ഉള്ളവർ രാവിലെ തന്നെ ഉണ്ടാക്കി വെച്ചിട്ടുണ്ടാകാം. അല്ലെങ്കിൽ വല്ല മന്തിയോ ബിരിയാണിയോ ഒക്കെ പാർസൽ വരുന്നുണ്ടാകാം. പഴയ കാലത്തെപ്പോലെ നാവിൽ കൊതിയൂറുന്ന കറിമണങ്ങൾ ഒന്നും കാറ്റിൽ ഇല്ല. തറവാട്ടിലേക്കുള്ള ഇടവഴിയിൽ ഞാൻ നടന്നു. തേക്കും വാഴയും മാവും എല്ലാം മഴക്കാലം കഴിഞ്ഞതിന്റെ സമൃദ്ധിയിൽ നിറയെ ഇലകളും ശാഖകളും ആയി നിൽക്കുന്നു. വകഞ്ഞുമാറ്റി വേണം നടക്കാൻ. പണ്ട് അപ്പച്ചനും അമ്മച്ചിയും ഉള്ളപ്പോൾ അവർ തന്നെയും പണിക്കാരെ കൂട്ടിയും അടിച്ചും കിളച്ചും വെട്ടിയും നിരത്തിയും വെടിപ്പായി ഇട്ടിരുന്ന വീടും പറമ്പും ജരാനര ബാധിച്ച ഭൂതഭാവം പൂണ്ടു കിടക്കുന്നു.

വീടിന്റെ മുറ്റം നിറയെ കരിയിലകൾ. കിണറിന്റെ മുകളിൽ വിരിച്ച വലയിൽ മുഴുവൻ ചപ്പും ചവറും. മഴയുടെ സംഭാവന. ചുറ്റുമുള്ള ചെറുമതിലോളം പൊക്കത്തിൽ പടർപ്പുകൾ കേറി വളർന്നു. അപ്പച്ചന്റെ പ്രിയപ്പെട്ട പറമ്പിന്റെ ഒരുഭാഗം ഏതോ കൈതച്ചക്ക കൃഷിക്കാരന് പാട്ടത്തിനു കൊടുത്തു, മറുഭാഗം കുറച്ച് കപ്പയും വാഴയും ഒക്കെ നട്ടിട്ടുണ്ട്.

പകുതിയും കാറ്റും മഴയും കഴിഞ്ഞതിന്റെ ആലസ്യത്തിൽ ചാഞ്ഞും ചരിഞ്ഞും കിടക്കുന്നു. ശരിക്കും നാഥനില്ലാ കളരി പോലെ എന്ന ചൊല്ല് ഇപ്പോൾ അന്വർത്ഥമായിരിക്കുന്നു. പറമ്പിലൂടെ നടക്കാനുള്ള ത്വര പാമ്പുകൾ ഉണ്ടാകുമോ എന്ന ഭയം കീഴ്പ്പെടുത്തിക്കളഞ്ഞു. വീട് തുറന്ന് അകത്തേക്ക് കയറണമോ വേണ്ടയോ എന്നു ശങ്കിച്ചുനിന്നു. ചുമ്മാ ചുറ്റിലും ഒന്ന് നടന്നുനോക്കി. പണ്ട് സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും അടയാളമായിരുന്ന തൊഴുത്ത് ഇന്ന് വിറകുപുര ആണ്. ടെറസിലേക്കുള്ള നട പട്ടികൾ കേറി പാർക്കാതെ ഇരിക്കാൻ ഇരുമ്പു ഗേറ്റ് ഇട്ട് പൂട്ടിയിരിക്കുന്നു. പഴയ പേരമരം വെട്ടിക്കളഞ്ഞു. തോട് എല്ലാം നികത്തി. വയലുകളിൽ കൃഷി നിന്നുപോയിട്ട് വർഷങ്ങളായി. അപ്പച്ചന്റെയൊക്കെ തലമുറയിലെ ആളുകൾ ആരോഗ്യമുള്ള കാലംവരെ കൃഷി സജീവമായി ചെയ്തിരുന്നു. പിന്നീടുള്ള തലമുറ പഠിച്ച് ഉദ്യോഗം നേടി കടല് കടന്നു പോയി. ഇനി ഇവിടെ ആര് കൃഷി ചെയ്യാൻ, കൈനിറയെ പണവും കടയിൽ അരിയും ഉണ്ടല്ലോ.

തൊണ്ടക്കുഴിയിൽ ചെറിയ ഒരു ഗദ്ഗദം ഉരുണ്ടുകൂടിവന്നു. പണ്ടത്തെ കാര്യങ്ങൾ ഒക്കെ ഓർത്തുപോയി. ഇനി ഇവിടെ നിന്നിട്ട് ഒരു കാര്യവും ഇല്ല. എന്ന് മനസ്സിലായതുകൊണ്ട് വന്ന വഴിയേ പതുക്കെ തിരിച്ചുനടന്നു.

ഓർത്തുവെക്കാൻ മധുരമുള്ള ഒരു ഓർമ്മയും ഇല്ലാതെപോയ ഒരു വരവായിരുന്നു ഇത്.

## ഗ്രേസമ്മ ഈപ്പന് ആദരവുകൾ

(ഒന്നാം പേജിൽ നിന്നും)

ഉടൻതന്നെ ഒരു ഷാൾ എടുത്ത് അദ്ദേഹം ഗ്രേസമ്മ ഈപ്പനെ അണിയിച്ച് ആദരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. സിസ്റ്റർ സൂസൻ ബി. ജോൺ അത് ക്യാമറയിൽ പകർത്തി. അമേരിക്കയിൽ നിന്നും ഇന്ത്യയിൽ നിന്നും എത്തിയ മുതിർന്ന മാധ്യമപ്രവർത്തകർ ഉൾപ്പെടെ പലരും ഗ്രേസമ്മ ഈപ്പന്റെ അടുക്കൽ വന്ന് സ്നേഹാദരവുകൾ പ്രകടിപ്പിച്ചു. ശാരീരിക ക്ഷീണങ്ങൾ ഉണ്ടെങ്കിലും പുഞ്ചിരിയോടെ പ്രത്യാഭിവാദനം ചെയ്ത് സൗഹൃദം പുതുക്കി.

കേരള എക്സ്പ്രസ്സിന്റെ ആദ്യനാളുകളിൽ അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് പ്രതിനിധികളും ലേഖകന്മാരും അയച്ചുതരുന്ന വാർത്തകൾ മലയാളത്തിൽ ടൈപ്പ് ചെയ്ത് ചിക്കാഗോയിലെ പ്രിന്റിങ് ഡെസ്കിലേക്ക് കൊടുത്തിരുന്നത് ഗ്രേസമ്മ ഈപ്പൻ ആയിരുന്നു. മറ്റ് പരിശീലനങ്ങൾ ഒന്നുമില്ലാതിരുന്നെങ്കിലും സ്വയം പരിശീലിച്ചാണ് ഈ കർത്തവ്യം നിറവേറ്റിയിരുന്നത്. ആരോടും പരിഭവമില്ലാതെ എപ്പോഴും പുഞ്ചിരിക്കുന്ന മുഖത്തോടെ എല്ലാവരോടും സംസാരിക്കുന്ന ഗ്രേസമ്മ ഈപ്പൻ ചീഫ് എഡിറ്റർ കെ.എം. ഈപ്പന്റെ ഭാര്യയും തന്റെ സ്വകാര്യ അഭിമാനവുമാണ്. തന്റെ എല്ലാ വളർച്ചയുടെയും പിറകിൽ ഗ്രേസമ്മയുടെ അനുഗ്രഹവും സാന്നിദ്ധ്യവുമുണ്ടെന്ന് ഈപ്പച്ചായൻ വിശ്വസിക്കുന്നു.

അതുകൊണ്ടുതന്നെ തന്റെ പ്രധാന സംരംഭങ്ങൾക്ക് ഗ്രേസമ്മയുടെ പേരാണ് കൊടുത്തിരിക്കുന്നത്. ഗ്രേസ് പ്രിന്റിങ് ചിക്കാഗോ, ഗ്രേസ് കൺവൻഷൻ സെന്റർ മാവേലിക്കര. ആലീസ്, ആനീസ് എന്നീ ഇരട്ട പെൺമക്കളും അനീഷ്, അജിത്, ഡോ. ടൈറ്റസ് എന്നിവരുമാണ് മക്കൾ.


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
K.O. JOSE, CPA
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


PARADISE AUDIO MINISTRIES
FLORIDA - USA
Presents...
SUSAN B JOHN FLORIDA
(LYRICS, MUSIC & PRODUCER)
വാഗ്ദത്തം ചെയ്ത പരൻ
LYRICS, MUSIC & PRODUCER - SUSAN B JOHN FLORIDA
VOX - NILA JOSEPH | ORCHESTRATION - SERHA COMPANY
MIXED AND MASTERED BY KAY ESS @ SS DIGITAL STUDIOS, THIRUVANANTHAPURAM
CHORUS- SERHA PRAMOD, ANGEL SP JOHANA PRAMOD,
VIJIN S JOSEPH,ROSHINI, NELSON JOHN
... COMING SOON ...


Grace CONVENTION CENTER
Punnamoodu, Mavelikara
DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)
SERVICES
PHOTOGRAPHY
STAGE DECORATION
CATERING SERVICE:
(Kerala sadhya, Christian Meals, Dum Biriyani, North Indian Food)
FUSION, TALLMAN SECURITY,
PREMIUM CARS, ENTERTAINMENT
CHURCH CHOIR, ANCHORING
LED WALL, LIVE STREAMING
EVENTS
WEDDING PLANNING,
ENGAGEMENT
FUNERAL SERVICE,
BETROTHAL, BAPTISM,
BIRTHDAY PARTIES,
HOUSE WARMING
BUSINESS CONFERENCE
GET TOGETHER Etc;
Celebrate your Dreams With Us...
TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR
GRACE
CONVENTION CENTER
Celebrate your Dreams with Us

PROSPEROUS
THERAPY

Dr. **Elizabeth Nellamattathil**
PhD, LPC-TX, LCPC-IL

***Offering telehealth therapy for adults in Illinois and Texas.***

*Our services*

- Individual Therapy
- Couples Therapy
- Anxiety & Stress Management
- Depression & Mood Concerns
- Self-Esteem & Confidence
- Life Transitions
- Family Concerns
- Identity Exploration
- Interpersonal Functioning
- And more…

**Contact Us**

**972-433-7211**
info@prosperoustherapy.com
ProsperousTherapy.com



Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**